Reg. No. C. 101, M 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 മകരം 20 | ലക്കം 24

## വിദ്യാഭ്യാസരംഗത്തിലെ
# മൗലികതത്വങ്ങൾ

(ഷെവലിയർ സി. ജെ. വർക്കി, എം. എ.)

ഭാരതയൂണിയന്റെ ഭരണഘടനയിൽ "മൗലികാവകാശങ്ങൾ" എന്ന വകുപ്പ് ഈയിടെ ഡില്ലിയിൽ സമ്മേളിച്ച കോൺസാംബ്ലിസഭ പാസ്സാക്കിയല്ലോ. ആയതു് ന്യൂനപക്ഷങ്ങൾക്കു വളരെ തൃപ്തികരമായിട്ടുണ്ടെന്നു സമ്മതിച്ചേ മതിയാവൂ. മററുള്ള സമുദായങ്ങളോടൊപ്പം വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നതിനും അവയ്ക്കു് ഗ്രാന്റുകൾ ലഭിക്കുന്നതിനും ന്യൂനപക്ഷങ്ങൾക്കും അവകാശമുള്ളതായി ആ വകുപ്പിൽ ചേർത്തിട്ടുള്ളതു് ആശ്വാസകരവും സന്തോഷപ്രദവുമായിത്തന്നെ നമുക്കു കരുതാം. ആയതുകൊണ്ടു് ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ചു് കത്തോലിക്കാ സമുദായത്തിനും ഈ മൗലികാവകാശങ്ങൾ ഉറപ്പിച്ചു കിട്ടിയെന്നു സമാധാനപ്പെടാമെങ്കിലും കത്തോലിക്കാവിദ്യാഭ്യാസത്തിനും വിദ്യാലയങ്ങൾക്കും വേണ്ടിയുള്ള സമരം തീർന്നുവെന്നു വിചാരിച്ചു് സ്വസ്ഥമായിരിക്കാമെന്നാരും തെററിദ്ധരിച്ചുപോകരുതെന്നു അനുസ്മരിപ്പിക്കുകയും നമ്മുടെ മൗലികതത്വങ്ങളെന്തെല്ലാമാണെന്നു് പ്രസ്താവിക്കുകയും ചെയ്യുകയെന്നതാണു് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.


കത്തോലിക്കാസഭ ലോകമാസകലവും, ഭാരതകത്തോലിക്കർ ഇന്ത്യയിലെ പല പ്രദേശങ്ങളിലും ഇതുനാളും നടത്തിക്കൊണ്ടിരുന്ന വിദ്യാഭ്യാസസമരവും പ്രക്ഷോഭണവും ഇനിയും തുടർന്നു പോകേണ്ടിവരുമെന്നു പ്രതീക്ഷിക്കത്തക്ക ലക്ഷണങ്ങൾ അങ്ങുമിങ്ങും കാണാതിരിക്കുന്നില്ല. മൗലികതത്വങ്ങളെ പ്രവൃത്തിരൂപത്തിൽ വരുത്തുന്ന വ്യക്തികളുടെ അഭിപ്രായഗതി നിമിത്തമാണു്, തത്വങ്ങളിൽനിന്നു വ്യതിചലിച്ചു് വിഷമകരവും ആപൽക്കരവുമായ ചില നിർദ്ദേശങ്ങളും നിയമങ്ങളും ചട്ടങ്ങളും ഭരണസമിതിയോ ആ സമിതിയിലെ വിദ്യാഭ്യാസ മന്ത്രിയോ ഉണ്ടാക്കുന്നതു്. പ്രജായത്തഭരണത്തിനുവേണ്ടി സമരം ചെയ്തിരുന്ന ഒരു രാഷ്ട്രീയകക്ഷി വിജയം കൈവരുമ്പോൾ അവക്കു നവമായി ലഭിക്കുന്ന അധികാരം നിലനിർത്തുന്നതിനു് പല മാർഗ്ഗങ്ങളും പ്രയോഗിക്കുമെന്നതു സ്വാഭാവികമാണല്ലോ.

അവർ ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ചു് കത്തോലിക്കാവിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു് അനുമതി നൽകാതിരിക്കയില്ലായിരിക്കാം. പക്ഷെ ആനുകൂല്യങ്ങൾ കുറച്ചേക്കാം; വിഷമങ്ങൾ വർദ്ധിപ്പിച്ചേക്കാം; ഗ്രാന്റു് നൽകാതെയും നൽകിയിരുന്നതു കുറച്ചും നമ്മെ ബുദ്ധിമുട്ടിച്ചേക്കാം; മതതത്വങ്ങൾ പഠിപ്പിക്കുന്നതിനെ വിരോധിച്ചേക്കാം; പള്ളിയോടുതൊട്ടോ അടുത്തോ സ്കൂളുകൾ സ്ഥാപിക്കുവാൻ പാടില്ലെന്നു കല്പിച്ചേക്കാം. ഇപ്രകാരമുള്ള പല പുതിയ നടപടികൾ സ്വീകരിച്ചു് കത്തോലിക്കാവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുരോഗതിക്കു് വിഘാതമായി ഭവിക്കത്തക്ക വിധത്തിൽ ഒരു കക്ഷിയുടെ ഭരണസമിതി അവരുടെ വിദ്യാഭ്യാസനയത്തെ മാററുവാൻ ഇടയില്ലാതില്ല. മദ്രാസ് പ്രവിശ്യയിലെ വിദ്യാഭ്യാസമന്ത്രിയുടെ ഈയിടെയുണ്ടായ ശാഠ്യങ്ങളും, തിരുവിതാംകൂറിൽ പട്ടംമന്ത്രിസഭയുടെ പോക്കും നോക്കുമ്പോൾ, നാം ഇനിയും ഉണർന്നിരുന്നു് നമ്മുടെ വിദ്യാഭ്യാസത്തേയും വിദ്യാലയങ്ങളേയും സംരക്ഷിക്കുന്നതിനായി സമരം തുടർന്നുപോകേണ്ട ഒരു പരിതസ്ഥിതിയാണു് ഭാരതത്തിന്റെ പല ഭാഗങ്ങളിലും കണ്ടുകൊണ്ടിരിക്കുന്നതു്.

ഈ സമരത്തിൽ നമ്മുടെ സകല ശക്തികളേയും നാം കേന്ദ്രീകരിക്കേണ്ടിവരും. ഗവർമ്മെണ്ടിനെ സമീപിച്ചു് നമ്മുടെ അവകാശങ്ങളെപ്പററി വാദിക്കുന്നതിനും, അവശതകളെ പരിഹരിച്ചു കിട്ടുന്നതിനും നിവേദനങ്ങൾ സമർപ്പിച്ചു് കാര്യം സാധിച്ചു കിട്ടുന്നതിനും സംഘടനാബലം അത്യാവശ്യമാണു്. അഖിലകേരള കോൺഗ്രസ്സിനെ പുതിയ വ്യവസ്ഥകളിന്മേൽ ശക്തിപ്പെടുത്തണം. കൂടാതെ, ഒരു "കത്തോലിക്കാവിദ്യാഭ്യാസ കൗൺസിൽ" സ്ഥാപിക്കണം. ഇടയ്ക്കിടയ്ക്കു തലപൊക്കുന്ന പുതിയ തത്വങ്ങളേയും നിർദ്ദേശങ്ങളേയും നിയമങ്ങളേയും ചട്ടങ്ങളേയും അപ്പഴപ്പോൾ വിമർശിച്ചു ചർച്ചചെയ്തു വേണ്ടതുടനടി ചെയ്യുന്നതിനു്, വൈദികമേലദ്ധ്യക്ഷന്മാരും മററു നേതാക്കന്മാരും കൂടിയുള്ള ഒരു വിദ്യാഭ്യാസ കൗൺസിൽ മദിരാശി പ്രവിശ്യയിൽ സ്ഥാപിതമായിട്ടുള്ളതിന്റെ ഫലമാണു് അവിടത്തെ സമരത്തിൽ വിജയം വരിക്കുന്നതിനു സാധിച്ചതു്. അതുതന്നെയാണു് കൊച്ചിയിലും തിരുവിതാംകൂറിലും നമുക്കു ചെയ്യേണ്ട ഒരു പ്രത്യേക അടിയന്തിര കാര്യം.

അതാതു സമയത്തു് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു കത്തോലിക്കാ കൗൺസിൽ സ്ഥാപിച്ചാൽപോരാ, നിയമസഭകളിൽ നമ്മുടെ അവകാശങ്ങളേയും അവശതകളേയും പററി സമരം ചെയ്യുന്നതിനായി നമുക്കു് നല്ല ധീരഭടന്മാരായ അംഗങ്ങളുടെ സാന്നിദ്ധ്യം നിയമസഭകളിൽ ആവശ്യമാണു്. നിയമസഭകളിൽ നമ്മെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ ചിലപ്പോൾ "ഉറക്കം തൂങ്ങി" പോകുന്ന വിധത്തിൽ കാണപ്പെടുന്നതായി ചില പത്രങ്ങളിൽ ഈയിടെ പ്രസ്താവിച്ചു കണ്ടു. ഉദാഹരണമായി, ബോംബേയിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന "എക്സാമിനർ" എന്ന പത്രത്തിൽ 1948 നവംബർ [illegible]0-ാം തീയതിയിലെ പത്രാധിപരുടെ മുഖപ്രസംഗത്തിൽ താഴെ കാണുന്ന വിധത്തിൽ എഴുതിയിരുന്നു: "നമ്മുടെ വൈദികമേലദ്ധ്യക്ഷന്മാരെ ആക്ഷേപിച്ചു് വിദ്യാഭ്യാസമന്ത്രി സംസാരിച്ചപ്പോൾ, കത്തോലിക്കാ താല്പര്യങ്ങളെ പരിരക്ഷിക്കുന്നതിനായി മദിരാശി നിയമസഭയിലേക്കയക്കപ്പെട്ടിട്ടുള്ള കത്തോലിക്കാ മെമ്പർമാരിൽ ഒരാളും തന്റെ സ്വരത്തെ മന്ത്രിക്കെതിരായി ഉയർത്തിയില്ല. നിയമസഭകളിലേക്കു കത്തോലിക്കാ പ്രതിനിധികളേയും തിരഞ്ഞെടുക്കണമെന്നു നാം ആവശ്യപ്പെടുന്നു. എന്നാൽ, നമ്മുടെ താല്പര്യങ്ങളെ സുരക്ഷിതമാക്കുവാനും, അവയിന്മേൽ കൈകടത്തുമ്പോൾ അവയെ പരിരക്ഷിക്കുന്നതിനുമല്ലെങ്കിൽ, പിന്നെയെന്തിനാണു് നമുക്കു പ്രത്യേക പ്രതിനിധികളെ വേണമെന്നു ശഠിക്കുന്നതു്? അവരുടെ സാന്നിദ്ധ്യംകൊണ്ടു പ്രയോജനമുണ്ടെന്നു കാണിക്കത്തക്ക ഒരു അവസരം വന്നപ്പോൾ അവർ അവരുടെ കർത്തവ്യം നിർവ്വഹിച്ചില്ലെന്നാണു വിചാരിക്കേണ്ടതു്."

ഇങ്ങനെ പലപ്പോഴും പററിപ്പോയേക്കാം. ഇങ്ങനെ സംഭവിക്കുവാനിടയാക്കുന്ന കാരണങ്ങളെന്തെല്ലാമാണെന്നു് നാം ആരായേണ്ടതാണു്. ഒന്നാമതായി രാഷ്ട്രീയ കക്ഷിയിൽ ആത്മാർത്ഥതയോടെ ചേർന്നെങ്കിലും, തന്റെ കക്ഷിയേയും അച്ചടക്കനടപടിയേയും ഭയന്നു് വായുംപൊത്തി കക്ഷിനേതാക്കന്മാരുടെ മുമ്പിൽ നില്ക്കുകയും നിയമസഭാ സമ്മേളനങ്ങളിൽ ഇരിക്കുകയും ചെയ്യുന്നതാണു് ആദ്യത്തെ കാരണമാ



അമലോത്ഭവ മാതാവിന്റെ തിരുനാൾദിവസമായ ഡിസംബർ 8-ാംനു പരിശുദ്ധ പിതാവും "ആഞ്ഞൂസ് ദേയി" ആശീർവ്വദിക്കുന്നു. മാർപ്പാപ്പാ തിരുമേനി പ്രത്യേകവിധം ആശീർവ്വദിക്കുന്ന മെഴുകിനാണു് ഈ പേരു പറയുന്നതു്. ആഞ്ഞൂസ് ദേയി എന്ന പദങ്ങളുടെ അക്ഷരാർത്ഥം ദൈവത്തിന്റെ കുഞ്ഞാടു് (Lamb of God) എന്നാണു്. ആകയാൽ ഇതു ദിവ്യരക്ഷകന്റെ ഒരു സ്മാരകചിഹ്നമായി പരിഗണിക്കപ്പെടുന്നു. ഓവൽരൂപത്തിലുള്ള ഇതിന്റെ ഒരു വശത്തു് പതാക വഹിക്കുന്ന ഒരു കുഞ്ഞാടിന്റെ ചിത്രവും മറുവശത്തു് പരിശുദ്ധ പിതാവിന്റെ ഔദ്യോഗിക ചിഹ്നവുമുണ്ടായിരിക്കും. ആഞ്ഞൂസ് ദേയി ആശീർവ്വദിച്ചശേഷം അതു് ചെറുകഷണങ്ങളായി ഭാഗിക്കുകയും ഓരോ കഷണവും ഓരോ തുകൽസഞ്ചിയിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഈ പൂജ്യവസ്തു പിശാചുബാധ, രോഗം, പ്രലോഭനങ്ങൾ, പെട്ടെന്നുള്ള മരണം ആദിയായവയെ തടയുന്നതിനുള്ള ഒരു ഉപാധിയായി ഭവിക്കണമെന്നുള്ള പ്രാർത്ഥന അതിന്റെ ആശീർവ്വാദകർമ്മത്തിൽ ഉൾപ്പെടുന്നു. സാധാരണമായി, കഴുത്തിൽ ധരിക്കുന്ന അരുളിക്കകൾ നിർമ്മിക്കുന്നതിനായി ഇതുപയോഗിക്കാറുണ്ടു്.

യി എനിക്കു തോന്നുന്നതു്. മന്ത്രിക്കോ മററു നേതാക്കന്മാർക്കോ എതിരായി വല്ലതും സംസാരിച്ചാൽ അവർ കക്ഷിയോഗത്തിൽ അച്ചടക്കനടപടികൾക്കു വട്ടംകൂട്ടിയാലൊ എന്നുള്ള ഭയം കത്തോലിക്കാ അംഗങ്ങളിൽ ചിലരിൽ ഉണ്ടാകുന്നതാണു്. ഇങ്ങനെയുള്ളവർ തക്ക അവസരം വരുമ്പോൾ സമുദായത്തിന്റെ ന്യായമായ അവകാശങ്ങൾക്കായി സമരം ചെയ്യുവാൻ മുന്നോട്ടു വരേണ്ട ധീരഭടന്മാരല്ലെന്നു തെളിയുന്നു.

രണ്ടാമത്തെ കാരണമായി എനിക്കു തോന്നുന്നതു്, ഓരോ സംഗതിയെപ്പററിയും പ്രതിപാദിക്കത്തക്ക ജ്ഞാനമില്ലാത്തതാണെന്നാണു്. വാ തുറന്നു സംസാരിക്കുന്നതിനു് ധീരത മാത്രം പോരാ; വാദവിഷയത്തെപ്പററി നല്ല ജ്ഞാനവുംകൂടി വേണം. ഈ ജ്ഞാനമില്ലെങ്കിൽ എഴുന്നേററുനിന്നു് രണ്ടു വാക്കു മററുള്ളവർക്കു വിശദമാക്കിക്കൊടുക്കുന്നതിനോ, ന്യായമായി വാദിക്കുന്നതിനോ സാധിക്കുന്നതല്ല. അതുകൊണ്ടു നിശ്ശബ്ദത ഉത്തമനയമായി കരുതി മിണ്ടാതിരിക്കുന്ന ഒരു കൂട്ടം നിയമസഭാംഗങ്ങളും നമ്മുടെ സമുദായത്തിലും മററു സമുദായങ്ങളിലും ഉണ്ടു്. ഉദാഹരണമായി, വിദ്യാഭ്യാസവിഷയത്തിൽ നമ്മുടെ മൗലികതത്വങ്ങളെന്തെല്ലാമാണെന്നും, അവയുടെ അടിസ്ഥാനന്യായങ്ങൾ എന്താണെന്നും നല്ലപോലെ ധരിക്കാത്ത ഒരംഗം മൗനം ദീക്ഷിക്കുന്നതാണുത്തമം. അതുകൊണ്ടു വിദ്യാഭ്യാസം, മദ്യനിരോധനം, ജനനനിയന്ത്രണം ആദിയായ വിഷയങ്ങളിൽ കത്തോലിക്കാസഭയുടെ തത്വങ്ങളേയും പഠനങ്ങളേയുംപററി വേണ്ടത്ര ജ്ഞാനം ഇല്ലാത്ത നിയമസഭാംഗങ്ങളെക്കൊണ്ടു് ഉപയോഗമില്ലെന്നു് പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. ഇങ്ങനെയുള്ള വിഷയങ്ങളിൽ വേണ്ടത്ര ജ്ഞാനം സമ്പാദിക്കുന്നതിനുള്ള ഒരു ഉപാധിയാണു് കോളെജുകളിലും ഇടവകകളിലും സ്ഥാപിതമായിരിക്കുന്ന പഠനക്കളരികൾ (Study Club.). അതാതു കാലത്തു് ഉയർന്നുദിക്കുന്ന പ്രശ്നങ്ങളെപ്പററി സമഗ്രമായ പഠനം നടത്തുന്നതിനായി സമുദായനേതാക്കന്മാരാകുവാനുള്ള വിദ്യാർത്ഥികളും, നേതാക്കന്മാരായി തീർന്നിട്ടുള്ളവരും പഠനക്കളരികളിൽ ഉത്സുകരായി കത്തോലിക്കാശാസ്ത്രങ്ങളെപ്പററി (Catholic Sciences) വേണ്ടവിധത്തിൽ ജ്ഞാനം സമ്പാദിക്കേണ്ടതാണു്.

ഈ ലേഖനത്തിലെ വിഷയമായ വിദ്യാഭ്യാസരംഗത്തിൽ കത്തോലിക്കർ അനുവർത്തിക്കേണ്ടതായി സഭ പഠിപ്പിക്കുന്ന തത്വങ്ങൾ ഏവയെല്ലാമെന്നാണു് നാം ഇനി ചിന്തിക്കേണ്ടതു്.

ഈ പഠനങ്ങളും തത്വങ്ങളും നിയമസഭയിലെ ഏതെങ്കിലും ഒരു കത്തോലിക്കാസാമാജികനു് എല്ലായ്പോഴും ഹിതകരമായ തരത്തിലായിരിക്കണമെന്നില്ല. എന്നിരുന്നാലും, ഒരു കത്തോലിക്കനെന്ന നിലയിൽ അവയെ മനസ്സിലാക്കുന്നതിനും, അവയിൽ വിശ്വസിക്കുന്നതിനും, വിദ്യാഭ്യാസപരമായ നിയമനിർമ്മാണം നടക്കുമ്പോൾ അവയെ വിശദീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും അയാൾക്കു ഒരു ചുമതലയുണ്ടായിരിക്കുന്നു. കത്തോലിക്കരുടെ അറിവിനായി ഇൻഡ്യയിലെ വൈദികമേലദ്ധ്യക്ഷന്മാർ, 1915-ലെ അവരുടെ കോൺഫറൻസിൽ ഈ മൗലികാവകാശങ്ങൾ എന്തൊക്കെയാണെന്നു് ചൂണ്ടിക്കാണിക്കുകയുണ്ടായി. അവ താഴെപ്പറയുന്നവയാകുന്നു:

(1) കുടുംബത്തിനുള്ള ചുമതല സ്രഷ്ടാവായ ദൈവത്തിൽനിന്നു നേരിട്ടു ലഭിക്കുന്നതാണു്. അതിനാൽ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള അവകാശവും ദൈവത്തിൽനിന്നു നേരിട്ടു ലഭിച്ചിട്ടുള്ളതും, അതിനാൽ പരാധീനപ്പെടുത്തുവാൻ വഹിയാത്തതുമാകുന്നു. എന്തുകൊണ്ടെന്നാൽ ആ അവകാശം കർശനമായ ഒരു ഉത്തരവാദിത്വത്തോടു് അപരിച്ഛേദ്യമായവിധം ബന്ധപ്പെട്ടിരിക്കുന്നു. ഈ അവകാശം, പൗരസമുദായത്തിന്റെയോ സ്റ്റേററിന്റെയോ ആയിക്കൊള്ളട്ടെ, മറേറതു് അവകാശത്തിനും മുൻപുള്ളതും, അതിനാൽ ലോകത്തിലുള്ള യാതൊരു ശക്തിയാലും ലംഘിക്കപ്പെടുവാൻ പാടില്ലാത്തതുമാകുന്നു.

(2) മാതാപിതാക്കന്മാർക്കു തങ്ങളുടെ കർത്തവ്യത്തിന്റെ നിർവ്വഹണം മററുള്ളവരെ ഏല്പിക്കാവുന്നതാകുന്നു; എന്നാൽ അവർക്കു് അവരുടെ ഉത്തരവാദിത്വങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കുക സാദ്ധ്യമല്ല; അവ പരാധീനപ്പെടുത്താവതല്ല. ഒരു കുട്ടി ആദ്യമായി അവന്റെ മാതാപിതാക്കന്മാരാൽ വിദ്യ അഭ്യസിപ്പിക്കപ്പെടണം. പിന്നീടു മാതാപിതാക്കന്മാർ തിരഞ്ഞെടുക്കുന്ന അദ്ധ്യാപകന്മാരാൽ, മാതാപിതാക്കന്മാരുടെ മേലന്വേഷണത്തിലും അംഗീകരണത്തിലും, വിദ്യ അഭ്യസിപ്പിക്കപ്പെടണം.

(3) തങ്ങളുടെ കുട്ടികൾ അവരുടെ ഭൗതികവും ആദ്ധ്യാത്മികവുമായ അന്ത്യം പ്രാപിക്കുന്നതിനു സഹായകമാകത്തക്കവണ്ണം അവർക്കു പൂർണ്ണമായ ഒരു കത്തോലിക്കവിദ്യാഭ്യാസം നൽകുന്നതിനു കത്തോലിക്കാമാതാപിതാക്കന്മാർക്കും രക്ഷാകർത്താക്കന്മാർക്കും അവകാശവും ചുമതലയുമുണ്ടു്. ആകയാൽ, തങ്ങളുടെ സ്വന്തം സ്കൂളുകൾ നടത്തുന്നതിനു് അവർക്കു മൗലികമായ ഒരു അവകാശമുണ്ടായിരിക്കുന്നു. ഇത്തരം സ്കൂളുകളിൽമാത്രമേ അവരുടെ വിശ്വാസത്തിനു് അനുസൃതമായ ഒരു വിദ്യാഭ്യാസം അവരുടെ കുട്ടികൾക്കു പ്രദാനം ചെയ്യുവാൻ സാധിക്കുകയുള്ളു.

(4) മനുഷ്യന്റെ ആദ്ധ്യാത്മികസ്വഭാവത്തിലും അന്ത്യത്തിലും വിശ്വസിക്കുന്ന എല്ലാവരും, കുടുംബത്തിന്റെയും സമുദായത്തിന്റെയും അസ്തിവാരം മതവും സന്മാർഗ്ഗവുമാണെന്നും മതവിശ്വാസത്തിൽനിന്നും ധാർമ്മികനിയമങ്ങളിൽനിന്നും വ്യതിരിക്തമായ ഒരു വിദ്യാഭ്യാ

എല്ലാവിധ എംബ്രോയിഡറി വേലകൾക്കും പ്രശസ്ത സ്ഥാപനം. കൊളംബോ സാരി വർക്സ്, ബ്രോഡ്‌വെ-എറണാകുളം.

സം സ്വഭാവരൂപവൽക്കരണത്തെ അപകടപ്പെടുത്തുമെന്നും സമ്മതിക്കാതെ തരമില്ല. അതുകൊണ്ടാണു് ജീവിതത്തിലെന്നപോലെതന്നെ വിദ്യാഭ്യാസത്തിലും അതിപ്രധാനമായ നിയാമകതത്വം മതമാണെന്നു കത്തോലിക്കാസഭ പരിഗണിക്കുന്നതു്; തന്മൂലം എല്ലാത്തരത്തിലുമുള്ള ഭൗതികമാത്രമായ ബോധനസമ്പ്രദായത്തേയും സഭ എതിർക്കുകയും, മതപഠനം വിദ്യാഭ്യാസത്തിന്റെ ഒരു സുപ്രധാനഭാഗമായിരിക്കണമെന്നു നിർബന്ധിക്കുകയും ചെയ്യുന്നു.

(5) ദൈവനിയുക്തമായ ഒരു അദ്ധ്യാപനസംഘമെന്നു പറയപ്പെടാവുന്ന കത്തോലിക്കാസഭയ്ക്കു തന്റെ കുട്ടികൾ തങ്ങളുടെ പൂർണ്ണമായ അന്ത്യം പ്രാപിക്കുന്നതിനു പര്യാപ്തമാകത്തക്കവണ്ണം, സ്വന്തമായ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു് അവകാശമുണ്ടായിരിക്കുന്നു. സഭയ്ക്കു് ഈ അധികാരം നിഷേധിക്കുന്നതു്, തങ്ങളുടെ അന്തഃകരണബോദ്ധ്യമനുസരിച്ചു തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു കത്തോലിക്കാമാതാപിതാക്കന്മാർക്കുണ്ടായിരിക്കുന്ന മൗലികമായ ഉത്തരവാദിത്വത്തിൽനിന്നു, അവരെ പ്രതിരോധിക്കുന്നതിനും, അദ്ധ്യാപനസ്വാതന്ത്ര്യം എന്ന മൗലികമായ അവകാശം പ്രയോഗിക്കുന്നതിൽനിന്നു സഭയെ തടയുന്നതിനും തുല്യമായിരിക്കുന്നു.

(6) പൗരന്മാരുടെ പൊതുവായ ഭൗതികാഭിവൃദ്ധി സാധിക്കുക എന്ന ലക്ഷ്യത്തോടുകൂടിയ രാഷ്ട്രത്തിനു്, വിദ്യാഭ്യാസം സംബന്ധിച്ചു സ്വന്തമായ ചില ചുമതലകളുണ്ടെന്നു നാം പൂർണ്ണമായി സമ്മതിക്കുന്നു. ഈ ചുമതലകൾ നിർവ്വഹിക്കുന്നതിനു സ്റ്റേററു്, സന്താനങ്ങളുടെ വിദ്യാഭ്യാസം സംബന്ധിച്ചു കുടുംബത്തിനുണ്ടായിരിക്കുന്ന പ്രാഥമികമായ അവകാശത്തെ, നിയമനിർമ്മാണംവഴി അംഗീകരിക്കുകയും സംരക്ഷിക്കുകയും പോഷിപ്പിക്കുകയും ചെയ്യേണ്ടതാകുന്നു. അതുപോലെതന്നെ ഈ കാര്യത്തിൽ സഭയ്ക്കുള്ള മതപരമായ അവകാശങ്ങളെയുംകൂടി ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതാകുന്നു.

(7) മാതാപിതാക്കന്മാരുടെ സ്വാഭാവികമായ അവകാശങ്ങളെ സംരക്ഷിക്കുന്നതിനും, അവരുടെ ന്യായമായ ആവശ്യങ്ങളെ സാധിക്കുന്നതിനും, മിക്ക ജനാധിപത്യരാജ്യങ്ങളിലും ചെയ്യുന്നതുപോലെ, കുടുംബങ്ങളുടെ ആഗ്രഹത്തിനു അനുസൃതമായി കാര്യക്ഷമതയുള്ള ഏജൻസികൾ ആരംഭിച്ചു നടത്തിവരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളെ സംരക്ഷിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നതിനോളം ഉത്തമമായ ഒരു മാർഗ്ഗം സ്റ്റേററിനു വേറെ സ്വീകരിക്കാനില്ല. ഭൗതികവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്വകാര്യവിദ്യാലയങ്ങൾ എല്ലാവിധമായ രാഷ്ട്രനിയന്ത്രണങ്ങളിൽനിന്നും സ്വതന്ത്രമായിരിക്കണമെന്നു് ഇപ്പറഞ്ഞതിനർത്ഥമില്ല.

(8) വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികവും നിർബന്ധിതവുമാക്കുകയെന്ന തത്വത്തെ നാം സ്വാഗതം ചെയ്യുന്നതോടുകൂടി, അന്തഃകരണശാസനങ്ങൾക്കെതിരായോ ന്യായമായ ഇഷ്ടത്തിനു വിരുദ്ധമായോ, സ്റ്റേററുസ്കൂളുകളെത്തന്നെ ഉപയോഗിക്കുവാൻ ശാരീരികമായോ ധാർമ്മികമായോ കുടുംബങ്ങളെ നിർബന്ധിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസപരമോ ബോധനപരമോ ആയ ഏതുതരം കുത്തകയും അന്യായവും നിയമവിരുദ്ധവുമാകുന്നുവെന്നു നാം പ്രഖ്യാപനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അത്തരം കുത്തക മാതാപിതാക്കന്മാരുടെ അവകാശങ്ങളെ അപഹരിക്കുകയും സ്വന്തം വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുവാൻ സഭയ്ക്കുള്ള അവകാശത്തെ നിഷേധിക്കുകയും ചെയ്യുന്നു.

(9) വിദ്യാലയങ്ങളിൽ മതപഠനം നിരോധിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്നതരത്തിലുള്ള സ്റ്റേററിന്റെ കുത്തക ദൈവത്തെപ്പററിയുള്ള അറിവിനെ തടയുന്നതിനാൽ ദൈവത്തിനെതിരായിട്ടുള്ളതും, മാതാപിതാക്കന്മാരുടെ അവകാശങ്ങളെ ഹനിക്കുന്നതും, യുവജനങ്ങളുടെ താല്പര്യങ്ങൾക്കു ഏററവും ദോഷകരമായിട്ടുള്ളതുമാകുന്നു. അതു മതത്തെ ഭൗതികപരിചിന്തനങ്ങൾക്കു് അടിമപ്പെടുത്തുകയും, കുടുംബത്തിന്റെയും സമുദായത്തിന്റെയും അഭിവൃദ്ധിയെ നശിപ്പിക്കുന്ന മതപരമായ അലക്ഷ്യതയിലേക്കു അനിവാര്യമായ വിധം വഴിതെളിക്കുകയും ചെയ്യുന്നു.

(10) കത്തോലിക്കരുടെ വൈദികപരമായ വ്യക്തിനിയമമായിരിക്കുന്ന കാനൻ ലോയിൽ വിദ്യാഭ്യാസതത്വങ്ങളെ സുനിശ്ചിതമായ രീതിയിൽ ക്രോഡീകരിച്ചിട്ടുണ്ടു്. കത്തോലിക്കരുടെ മനസ്സാക്ഷിയെ ബന്ധിക്കുന്ന ശരിയായ ഒരു ഉത്തരവാദിത്വമാണു് അതിൽ അടങ്ങിയിരിക്കുന്നതു്. തങ്ങളുടെ കുട്ടികളെ കത്തോലിക്കവിദ്യാലയങ്ങളിൽ മാത്രമേ അയയ്ക്കാവൂ എന്നു് അതു് കത്തോലിക്കരെ അനുശാസിക്കുന്നു. ആകയാൽ, തങ്ങളുടെ കുട്ടികൾക്കായി തങ്ങൾക്കു സ്വന്തമായ വിദ്യാലയങ്ങൾ വേണമെന്നു് കത്തോലിക്കർ വാദിക്കുന്നെങ്കിൽ അതിനു അവരെ ശിക്ഷിക്കുകയൊ, ഗ്രാൻറു് ലഭിക്കുന്നതിൽനിന്നു് അവരെ തടയുകയോ ചെയ്തുകൂടാത്തതാകുന്നു.

(11) സ്റ്റേററു് അതിന്റെ മുതലെടുപ്പിൽ ഒരു ഭാഗം വിദ്യാഭ്യാസത്തിനായി നീക്കിവെക്കുന്നതിനാൽ, പൊതുഫണ്ടിൽനിന്നു് ന്യായമായ ഒരു ഭാഗം തങ്ങളുടെ സ്കൂളുകൾക്കായി കത്തോലിക്കർക്കു നൽകുന്നതു വിതരണപരമായ ഒരു നീതിമാത്രമാകുന്നു. മതപഠനത്തിനു വേണ്ടി അവർ യാതൊരുവിധമായ ധനസഹായവും ആവശ്യപ്പെടുന്നില്ല നേരേമറിച്ചു് ഗവർമെൻറു് ചട്ടങ്ങളനുസരിച്ചു് വിദ്യാർത്ഥികൾക്കു മതേതര വിദ്യാഭ്യാസം നൽകുന്നതിനാണു സഹായം ചോദിക്കുന്നതു്.

(12) സഭ സ്കൂളുകളും കോളെജുകളും സ്ഥാപിച്ചിരിക്കുന്നതു തന്റെ സ്വന്തം കുട്ടികളുടെ വിദ്യാഭ്യാസത്തിനാണെങ്കിലും, അകത്തോലിക്കാമാതാപിതാക്കന്മാരുടെ ആഗ്രഹമനുസരിച്ചു്, ചില കേസുകളിൽ വിവിധപ്രോവിൻസുകളിലെയും സ്റ്റേററുകളിലെയും ഗവർമെൻറുകളുടെ സ്പഷ്ടമായ ക്ഷണമനുസരിച്ചു്, പ്രസ്തുത സ്ഥാപനങ്ങളിൽ അകത്തോലിക്കർക്കും പ്രവേശനം അനുവദിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള ഘട്ടങ്ങളിൽ കത്തോലിക്കാസഭ, അകത്തോലിക്കവിദ്യാർത്ഥികളുടെ മതപരമായ ബോദ്ധ്യങ്ങളെ എല്ലായ്പോഴും ആദരിച്ചിട്ടുണ്ടു്. ഇനിയും ആദരിക്കുകയും ചെയ്യും. സഭ ഒരിക്കലും അവരുടെ പഠനത്തെ അവരുടെ മേൽ കെട്ടിയേല്പിച്ചിട്ടില്ല; മേലിൽ ഏല്പിക്കുകയുമില്ല.

(13) നമ്മുടേതിൽ നിന്നു വ്യത്യസ്തമായ മതതത്വങ്ങളെ പഠിപ്പിക്കുന്നതിൽ അന്തഃകരണപരമായ ഒരു തടസ്സം നമുക്കുണ്ടു്. അതുപോലെ തന്നെ നമ്മുടെ സ്ഥാപനങ്ങളിൽ മററു മതക്കാരുടെ സംഘടിതമായ ആരാധനയ്ക്കു് ഏർപ്പാടുകൾ ഉണ്ടാക്കുന്നതിലും.

(14) ഈ പ്രഖ്യാപനത്തിൽ ഉള്ളടക്കിയിരിക്കുന്ന തത്വങ്ങൾ രാഷ്ട്രത്തിന്റെ അഭിവൃദ്ധിക്കും പുരോഗതിക്കും സഹായകമായിട്ടുള്ളതാണെന്നും കാര്യക്ഷമതയെ വർദ്ധിപ്പിക്കുകയും വിദ്യാഭ്യാസച്ചെലവു് ചുരുക്കുകയും ചെയ്യുന്നതാണെന്നും, മതാദർശങ്ങളുടെ മൂല്യത വർദ്ധിപ്പിക്കുന്നതും, സിവിൽ അധികാരത്തോടു ബഹുമാനം വളർത്തുന്നതുമാണെന്നും നമുക്കു ബോദ്ധ്യമായിരിക്കുന്നു.




(കുടുംബിനി)

### നെല്ലിക്കാ കറി

ഒരു പറ നെല്ലിക്ക ശുദ്ധിചെയ്തു് കുരുകളഞ്ഞെടുക്കുക. അതിൽ, രണ്ടുനാഴി ഉപ്പു് കലക്കി തെളിയിച്ച വെള്ളത്തിൽ അല്പം പുളി, മഞ്ഞൾപ്പൊടി എന്നിവ കലക്കി ഒഴിച്ചു് അടുപ്പത്തുവയ്ക്കുക. അവയോടുകൂടി കുറെ പച്ചമുളകു് കീറിയിടുന്നതും നന്നു്. തിളച്ച ശേഷം അല്പനേരംകഴിഞ്ഞു് ഇറക്കിവച്ചു് ഒരു മൺപാത്രത്തിലേക്കു പകരുക. പിന്നീടു് മുളകുപൊടി, ഉലുവപ്പൊടി എന്നിവയും കടുകു്, കറിവേപ്പില, ഉലുവ, കുരുമുളകു് എന്നിവ വെളിച്ചെണ്ണയിൽ വറുത്തതും ചേർത്തു് ഇളക്കി അടച്ചു സൂക്ഷിക്കുക. ഒരുമാസംവരെ യാതൊരു കേടും കൂടാതെ ഇരിക്കുന്നതാണു്.

## വാഴക്കുളം

വാഴക്കുളം കാത്തലിക്കു് യൂണിയൻ ക്ലബ്ബിന്റെ 11-ാമതു വാർഷികമഹാമഹം ജനുവരി 23-ാം നു- ക്ലബ്ബ് ഹാളിൽവച്ചു് വെരി റവ: ഫാദർ ജോർജ്ജ് മേനാച്ചേരി അവർകൾ ബി. എ., എൽ. ടി. യുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ മി. വി. ഒ. റോക്കി ബി. എ. പ്രസംഗിച്ചു. യോഗാനന്തരം ഒരു ടീപാർട്ടിയുണ്ടായിരുന്നുവെന്നുള്ളതും പ്രസ്താവ്യമാണു്.

## ഹിററ്ലരുടെ
### ലഘുഭക്ഷണസദനം

ഹിററ്ലരുടെ വകയായി ഒബർസാൽസ്ബർഗ്ഗ്ഗിരിയിൽ ഉണ്ടായിരുന്ന ലഘുഭക്ഷണസദനം (Tea House) പൊളിച്ചുകളഞ്ഞു് തൽസ്ഥാനത്തു് ഒരു വലിയ കുരിശു സ്ഥാപിക്കുന്നതിനു അവിടത്തെ മുനിസിപ്പാലിററി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത കുരിശു് രാത്രികാലങ്ങളിൽ വൈദ്യുതദീപങ്ങളാൽ പ്രശോഭിതമായിരിക്കും. അഭിനവപേഗൻ സിദ്ധാന്തമായ നാസിസത്തിന്റെ മേൽ ക്രിസ്തുമതം വിജയം വരിച്ചതിന്റെ സ്മാരകമായിട്ടാണു് ഈ കുരിശു നാട്ടപ്പെടുവാൻ പോകുന്നതു്.

### ബന്ധം
## വേർപെടുത്തുന്നു

ബ്രിട്ടൻ, അമേരിക്ക, ഹോളണ്ടു് എന്നീ രാജ്യങ്ങളിലെ തൊഴിലാളിസംഘടനകൾ ട്രേഡ്യൂണിയൻ വേൾഡ് ഫെഡറേഷനുമായുള്ള ബന്ധം വേർപെടുത്താൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

### പാലസ്റ്റൈനിൽ
## പുതിയ കോളെജ്

700 കൊല്ലത്തിനിപ്പുറം ആദ്യമായി ട്രാൻസ് ജോർദാനിൽ അമ്മാൻ എന്ന സ്ഥലത്തു് ടെറാസാന്താ എന്ന ഒരു കോളെജ് സ്ഥാപിച്ചു് പാലസ്റ്റൈനിനു് പ്രസ്തുത സ്ഥലത്തുള്ള അധികാരം പ്രഖ്യാപിച്ചിരിക്കുന്നു. ആൺകുട്ടികൾക്കുവേണ്ടി മാത്രം സ്ഥാപിതമായിരിക്കുന്ന പ്രസ്തുത കോളെജിൽ ഇപ്പോൾ 130 വിദ്യാർത്ഥികളുണ്ടു്.

വിമർശനവീഥി

# കമ്മ്യൂണിസത്തിന്റെ വക്കിലാണ് അച്ചൻ നിൽക്കുന്നതു്

ഒരു കത്തോലിക്കാവൈദികനോടു് ആദരവോടും സ്നേഹത്തോടുംകൂടി, കളിയായോ കാര്യമായോ, നിലയും വിലയുമുള്ള ഒരു കത്തോലിക്കാമാന്യൻ സന്ദർഭവശാൽ പറഞ്ഞ വാക്കുകളാണ് ഈ ലേഖനത്തിന്റെ തലക്കെട്ടിൽ കൊടുത്തിരിക്കുന്നതു്. പ്രസ്തുത മാന്യൻ ഒരു നല്ല കത്തോലിക്കനാണ്; ഒരു നല്ല മുതലാളിയുമാണ്. വ്യവസായപ്രവർത്തകനായ അദ്ദേഹത്തിന്റെ കീഴിൽ വേല ചെയ്യുന്ന തൊഴിലാളികളോടു് നീതിയോടും സ്നേഹത്തോടുംകൂടിയാണ് അദ്ദേഹം വർത്തിച്ചുപോരുന്നതെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ചുററുമെല്ലാം ബഹളങ്ങൾ നടക്കുകയും വ്യവസായമാന്ദ്യത്താൽ ഫാക്ടറികൾ പലതും പൂട്ടപ്പെടുകയും ചെയ്തിട്ടും, ഇദ്ദേഹത്തിനു തന്റെ വ്യവസായം കുറഞ്ഞതോതിലെങ്കിലും നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയും, തന്റെ ജോലിക്കാരുടെ ഇടയിൽ അസ്വസ്ഥതയും അസംതൃപ്തിയും ഉണ്ടാകാതിരിക്കുകയും ചെയ്യുന്നതു തന്നെ ഈ വസ്തുതയ്ക്കു തെളിവാണ്. ഇങ്ങനെയുള്ള ഒരു കത്തോലിക്കാമുതലാളിയിൽനിന്നും മേൽപ്പറഞ്ഞ അഭിപ്രായം കളിയായോ കാര്യമായോ പുറപ്പെട്ടതിൽ ആശ്ചര്യപ്പെടുന്നവരുണ്ടാകാം. എന്നാൽ ഞങ്ങൾക്കാശ്ചര്യമില്ല. കാരണം, തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾക്കായി വാദിച്ചും, അവരുടെ നേരെ മുതലാളികൾക്കും ഗവമ്മെൻറിനും ഉള്ള കടമകളെ വിശദീകരിച്ചും തിരുവെഴുത്തു പുറപ്പെടുവിച്ച 13-ാം ലെയോ മാർപ്പാപ്പായെ സംശയദൃഷ്ടികളോടുകൂടി വീക്ഷിച്ച കത്തോലിക്കർ തന്നെയുണ്ടായിരുന്നു; ഉണ്ടായിരുന്നുവെന്നു്, ആ തിരുവെഴുത്തിനെ അഭിനന്ദിച്ചും പൂർത്തീകരിച്ചും വേറൊരു തിരുവെഴുത്തു പുറപ്പെടുവിച്ച 11-ാം പീയൂസ് മാർപ്പാപ്പാ സാക്ഷീകരിക്കുന്നു. ഈ സാക്ഷ്യം മിക്കവാറും തിരുമനസ്സിലെ വാക്കുകളിൽ തന്നെ ഇവിടെ ഉദ്ധരിക്കാം.

### ലെയോയുടെ തിരുവെഴുത്തിന്റെ സന്ദർഭം

ലെയോ മാർപ്പാപ്പാ 1891-ൽ പ്രസിദ്ധീകരിച്ചതും തൊഴിലാളികളുടെ "അവകാശപ്പട്ടയം" എന്നറിയപ്പെടുന്നതുമായ തിരുവെഴുത്തു് (റേരും നൊവാരും) പ്രസിദ്ധപ്പെടുത്തുവാനുള്ള സന്ദർഭത്തെ 11-ാം പീയൂസ് മാർപ്പാപ്പാ 1931-ൽ പ്രസിദ്ധപ്പെടുത്തിയ തിരുവെഴുത്തിൽ (ക്വാദ്രജെ സിമോ അന്നോ) വിവരിച്ചിരിക്കുന്നതിങ്ങനെയാണ്:

"19-ാം ശതാബ്ദത്തിന്റെ അവസാനത്തോടുകൂടി പുതിയ സാമ്പത്തികസമ്പ്രദായങ്ങളും പുതിയ രീതിയിലുള്ള വ്യവസായവികസനവും മിക്കവാറും എല്ലാ പരിഷ്കൃതരാജ്യങ്ങളിലും സംജാതമായി; വളരെയധികം പുരോഗമിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി മനുഷ്യസമുദായം രണ്ടുവർഗ്ഗങ്ങളായി കൂടുതൽ കൂടുതൽ വിഭജിക്കപ്പെട്ടു. ആദ്യത്തെ വർഗ്ഗം എണ്ണത്തിൽ ചെറുതാണ്. ആധുനികകാലത്തെ ശാസ്ത്രീയകണ്ടുപിടുത്തങ്ങൾ സമൃദ്ധമായി നൽകിക്കൊണ്ടിരുന്ന സകല സുഖസൗകര്യങ്ങളും അവർ ആസ്വദിച്ചിരുന്നു. രണ്ടാമത്തെ വർഗ്ഗം അസംഖ്യങ്ങളായ തൊഴിലാളികൾ ഉൾപ്പെട്ടതാണ്. ദാരിദ്ര്യത്തിന്റെ നിശിതമായ മർദ്ദനത്തിനു് അവർ വിധേയരായിരുന്നു. തങ്ങളെ വലയം ചെയ്തിരുന്ന ആ ദാരുണാവസ്ഥയിൽനിന്നു മോചനം പ്രാപിക്കുവാനുള്ള അവരുടെ പരിശ്രമങ്ങൾ നിഷ്ഫലങ്ങളായതേയുള്ളു.

"മനുഷ്യസമുദായത്തെ ബാധിച്ച ഈ അവസ്ഥ ധനികരുടെ ദൃഷ്ടിയിൽ വളരെ തൃപ്തികരമായ ഒന്നായിരുന്നു. സാമ്പത്തികനിയമങ്ങളുടെ അനിവാര്യവും സ്വാഭാവികവുമായ ഫലമായിട്ടാണ് അവർ അതിനെ വീക്ഷിച്ചതു്. അവർ അതിൽ നീതിവിരുദ്ധമായി ഒന്നും കണ്ടില്ല. തന്മൂലം തൊഴിലാളികളുടേയും മററു പാവങ്ങളുടേയും ദുരിതങ്ങൾക്കു നിവാരണം വരുത്തേണ്ടതു് സഹോദരസ്നേഹത്തിന്റെ പ്രവൃത്തികളാൽ മാത്രമാണെന്നു് അവർ സമാധാനിച്ചു."

മുതലാളികളുടെ ഈ അഭിപ്രായം അബദ്ധമാണെന്നു് തുടർന്നുള്ള വാക്യങ്ങളിൽ പരിശുദ്ധപിതാവു പറയുന്നു. തൊഴിലാളികളനുഭവിച്ചുപോരുന്ന ദുരിതങ്ങൾ നീതിയുടെ പരസ്യമായ ലംഘനത്താൽ ഉണ്ടായിട്ടുള്ളതാണെന്നും, അവയെ പരിഹരിക്കേണ്ടതു് സഹോദരസ്നേഹത്തിന്റെ പ്രവൃത്തികളാൽ മാത്രമല്ലെന്നും തിരുമേനി ഉദ്ബോധിപ്പിക്കുന്നു. നീതിയുടെ ലംഘനത്തെ രാജ്യഭരണകർത്താക്കൾ നിയമങ്ങൾമുഖേന അനുവദിക്കുകമാത്രമല്ല, ചിലപ്പോൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നു് തിരുമേനി ചൂണ്ടിക്കാണിക്കുന്നു. നിലവിലിരിക്കുന്ന സമുദായസ്ഥിതിഗതികളെ ധനവാന്മാർ വീക്ഷിക്കുന്നതു് ഇങ്ങനെയൊക്കെയാണെന്നു് പ്രസ്താവിച്ചശേഷം, തൊഴിലാളിവർഗ്ഗങ്ങൾ അതിനെ വീക്ഷിക്കുന്നതെങ്ങനെയാണെന്നു തിരുമേനി തുടർന്നു പറയുന്നു:

"ക്ലേശകരങ്ങളായ ഈ ദുരവസ്ഥകൾക്കു് ഇരയായിത്തീർന്നിട്ടുള്ള തൊഴിലാളിവർഗ്ഗങ്ങൾ വലിയ വൈമനസ്യത്തോടുകൂടിമാത്രമാണ് അവയ്ക്കു വിധേയരായിരിക്കുന്നതു്. ദുർഭരമായ ഈ നുകത്തെ വഹിക്കുവാൻ അവർ കൂടുതൽ കൂടുതൽ വിമുഖരായിത്തീരുകയും ചെയ്തിരിക്കുന്നു; അവരിൽ ചിലർ ദുരാലോചനക്കാരുടെ ശക്തിയായ പ്രേരണകളാൽ വഴിപിഴപ്പിക്കപ്പെട്ടു്, നിലവിലിരിക്കുന്ന സാമൂഹ്യസംഘടനയെ മുഴുവനും തകിടംമറിക്കുവാൻപോലും ശ്രമിക്കുകയുണ്ടായി; വേറെ ചിലർ അവർക്കു ലഭിച്ചിട്ടുള്ള സുസ്ഥിരമായ ക്രിസ്തീയവിദ്യാഭ്യാസത്താൽ ഇത്തരം വഴിപിഴച്ച കൂട്ടുകെട്ടുകൾക്കു് വഴിപ്പെടാതിരിക്കുകയാണ്. എന്നിരിക്കിലും നിലവിലുള്ള സാമുദായികവ്യവസ്ഥിതിയിൽ മൗലികവും അടിയന്തിരവുമായ പരിഷ്കാരം ആവശ്യകമായിരിക്കുന്ന വളരെക്കാര്യങ്ങളുണ്ടെന്നു് അവർക്കു് ബോദ്ധ്യമായിരിക്കുന്നു. ഈ ബോദ്ധ്യം അനേകം കത്തോലിക്കർക്കും, വൈദികർക്കും അവൈദികർക്കും, ഉണ്ടായിരുന്നു. തൊഴിലാളിവർഗ്ഗങ്ങളുടെ അനർഹമായ ദുരിതങ്ങളെ പരിഹരിക്കുവാൻ വിസ്മയാവഹമായ സ്നേഹത്തോടുകൂടി അവർ തങ്ങളെ ദീർഘകാലമായി പ്രതിഷ്ഠിക്കുകയും ചെയ്തിരിക്കുന്നു. ഭൗതികവസ്തുക്കളുടെ വിതരണത്തിൽ കാണുന്ന മൗലികവും അനീതിപരവുമായ ഇത്തരം വ്യത്യാസം സർവ്വജ്ഞനായ സൃഷ്ടികർത്താവിന്റെ നിശ്ചയങ്ങൾക്കു് അനുയോജ്യമാണെന്നു തങ്ങളെത്തന്നെ ബോദ്ധ്യപ്പെടുത്തുവാൻ അവർക്കു കഴിവില്ലായിരുന്നു. തന്മൂലം, പണ്ടേ മനുഷ്യസമുദായത്തിൽ നിലവിലിരിക്കുന്ന പരിതാപകരമായ ക്രമക്കേടുകൾക്കെതിരായ പരിഹാരമാർഗ്ഗത്തേയും, ഭാവിയിൽ വരാവുന്ന കൂടുതൽ മോശമായ വിപത്തുകൾക്കെതിരായി ഉറപ്പുള്ള പ്രതിരോധനമാർഗ്ഗത്തേയും ഏററവും പരമാർത്ഥതയോടുകൂടി അവർ അന്വേഷിച്ചു. എന്നാൽ ഈ ആളുകൾ വിപൽക്കാരികളായ പരിവർത്തനകർത്താക്കളായി പ്രതിരോധിക്കപ്പെടുകയാണുണ്ടായതു്; സഹകാരികളായി ഒരേ ലക്ഷ്യത്തോടുകൂടി അവരോടൊന്നിച്ചു പ്രവർത്തിച്ചിരുന്നവരാൽത്തന്നെ അവർ എതിർക്കപ്പെട്ടു. ഇതിനുകാരണം ഇരുകൂട്ടരും തമ്മിലുള്ള അഭിപ്രായവ്യത്യാസമായിരുന്നു. അതിനും പുറമെ ഏററവും ഉൽകൃഷ്ടമാനസരായ ആളുകളിൽപ്പോലും കുടികൊള്ളുന്ന ബലഹീനത ഇത്തരം ദുരനുഭവങ്ങൾ ഉളവാക്കുമെന്നു സ്പഷ്ടമാണല്ലോ. അഭിപ്രായങ്ങൾ തമ്മിലുള്ള ഗുരുതരമായ ഈ സംഘട്ടനത്തിൽ, സമാധാനപരമായി എപ്പോഴും നടത്തപ്പെടുവാൻ കഴിയാത്ത വാദപ്രതിവാദങ്ങൾക്കിടയിൽ, സകലരുടേയും ദൃഷ്ടികൾ ഭൂതകാലത്തും പലപ്പോഴുമെന്നപോലെ പത്രോസിന്റെ സിംഹാസനത്തിലേക്കു തിരിഞ്ഞു. സകല സത്യത്തിന്റേയും പരിശുദ്ധമായ ഭണ്ഡാഗാരം അതാണല്ലോ. സകല ലോകർക്കും രക്ഷാകരമായ സന്ദേശങ്ങൾ വിതരണം ചെയ്യപ്പെടുന്നതു് അവിടെനിന്നാണല്ലോ. ഭൂമിയിൽ ക്രിസ്തുവിന്റെ വികാരിയായിരിക്കുന്ന അവിടുത്തെ തൃപ്പാദങ്ങളെ അസംഖ്യമാളുകൾ അഭയം പ്രാപിക്കുവാൻ തുടങ്ങി. അപകടരഹിതമായ ഒരു പന്ഥാവു് കാണിച്ചുകൊടുക്കണമെന്നു് ഏകസ്വരത്തിൽ മുതലാളികളും തൊഴിലാളികളും സാമുദായികവിഷയങ്ങളെ പഠിക്കുന്നവരും തിരുസിംഹാസനത്തോടു് അഭ്യർത്ഥിച്ചു.

"വിവേകമതിയായ മാർപ്പാപ്പാ വിവാദവിഷയത്തെപ്പററി ദൈവതിരുമുമ്പിൽ ദീർഘമായി പര്യാലോചിച്ചു; കിട്ടാൻ കഴിയുന്നേടത്തോളം ഏററവും വിദഗ്ദ്ധന്മാരായ ഉപദേഷ്ടാക്കളുമായി ആലോചനകൾ നടത്തി; അനുകൂലങ്ങളും പ്രതികൂലങ്ങളുമായ ന്യായങ്ങളെ ശ്രദ്ധാപൂർവ്വം തുലനം ചെയ്തു. അവസാനം അപ്പസ്തോലികമായ ഉദ്യോഗത്തിന്റെ ചുമതലയാൽ പ്രേരിതനായും, മൗനമവലംബിക്കുന്നതു് കൃത്യവിലോപമായിരിക്കുമെന്നു കരുതിയും അവിടുന്നു സംസാരിക്കുവാൻ തീർച്ചയാക്കി. ദൈവത്താൽ തനിക്കു നൽകപ്പെട്ടിട്ടുള്ള അദ്ധ്യാപനാധികാരത്തെ പ്രയോഗിച്ചുകൊണ്ടു് ക്രിസ്തുവിന്റെ സാർവ്വത്രികസഭയ്ക്കു മാത്രമല്ല, മനുഷ്യവർഗ്ഗത്തിനു മുഴുവനും അവിടുന്നു തന്റെ സന്ദേശം നൽകി. അങ്ങനെയാണു് 1891 മെയ് 15-ാംനു ചിരകാലപ്രതീക്ഷിതമായ തിരുവെഴുത്തു് ലോകത്തിനു നൽകപ്പെട്ടതു്. തന്റെ ഉദ്യമത്തിന്റെ വൈഷമ്യങ്ങളാലോ തന്റെ പ്രായാധിക്യത്താലോ അശേഷം മനംമടുക്കാതെ, അചഞ്ചലമായ ധീരതയോടുകൂടി, സംപൂജ്യനായ മാർപ്പാപ്പാ സാമുദായികപ്രശ്നങ്ങളെ സമീപിക്കേണ്ട പുതിയരീതികൾ ലോകത്തെ പഠിപ്പിച്ചു."

### ചില കത്തോലിക്കർപോലും സംശയദൃഷ്ടിയോടുകൂടി വീക്ഷിച്ചു

11-ാം പീയൂസ് മാർപ്പാപ്പായുടെ മേലുദ്ധരിച്ച വാക്കുകളിൽനിന്നു് 13-ാം ലെയോ മാർപ്പാപ്പാ തൊഴിലാളിവർഗ്ഗങ്ങളുടെ ന്യായമായ അവകാശങ്ങൾക്കായി വാദിച്ചും അവരുടെ നേരെ മുതലാളികൾക്കും ഗവമ്മെണ്ടുകൾക്കുമുള്ള കർത്തവ്യങ്ങളെ വിശദീകരിച്ചും തിരുവെഴുത്തു പ്രസിദ്ധപ്പെടുത്തിയതിന്റെ സന്ദർഭം സ്പഷ്ടമാകുന്നുണ്ടല്ലോ. സന്ദർഭം വിവരിക്കുന്ന പീയൂസ് തിരുമനസ്സുകൊണ്ടു് സമ്മതിച്ചുപറയുന്ന കാര്യങ്ങളെന്താക്കെയാണെന്നും സ്പഷ്ടമായി കാണാം.

മനുഷ്യസമുദായത്തിൽ മുതലാളികളും തൊഴിലാളികളുമെന്ന രണ്ടു വർഗ്ഗങ്ങൾ ചേരിതിരിഞ്ഞു നിൽക്കുന്നു. മുതലാളികൾ ചുരുക്കം, തൊഴിലാളികൾ വളരെയധികം. തൊഴിലാളിവർഗ്ഗങ്ങൾ ജീവിതദുരിതമനുഭവിക്കുന്നു. ആ ദുരവസ്ഥ ദൈവനിശ്ചയത്തിനു ചേർന്നതല്ല. ലോകത്തിലെ ജീവിതവിഭവങ്ങൾ ആവശ്യത്തിനു വേണ്ടതെങ്കിലും സകല മനുഷ്യർക്കും കൈവരുന്ന ഒരു ശുഭാവസ്ഥയാണ് ദൈവം നിശ്ചയിച്ചിട്ടുള്ളതു്. എന്നുവരികിലും തൊഴിലാളികളുടെ പ്രസ്തുത ദുരവസ്ഥയിൽ ധനവാന്മാർ അനീതിപരമായി ഒന്നും കാണുന്നില്ല. സാമ്പത്തികനിയമങ്ങളുടെ അനിവാര്യമായ പ്രവർത്തനഫലമാണ് ആ ദുരവസ്ഥയെന്നു് അവർ സമാധാനിക്കുന്നു. തന്മൂലം നിലവിലിരിക്കുന്ന അനീതിയെ ദൂരീകരിച്ചു് നീതി ചെയ്യുവാനല്ല ധനവാന്മാർ ഉന്നംവയ്ക്കുന്നതു്; പ്രത്യുത സഹോദരസ്നേഹത്താൽ പ്രേരിതമായ ജീവകാരുണ്യസഹായങ്ങൾ ചെയ്തുകൊടുക്കുവാനാണ്. പക്ഷെ നീതിയുടെ അവകാശങ്ങളെ സ്നേഹത്തിന്റെ പ്രവൃത്തികൾകൊണ്ടുമാത്രം തൃപ്തിപ്പെടുത്താവുന്നതല്ല. ആ പരമാർത്ഥം കത്തോലിക്കരിൽത്തന്നെ വൈദികരും അവൈദികരുമായവരിൽ പലർക്കും ബോദ്ധ്യമായിട്ടുണ്ടു്. അങ്ങനെ ബോദ്ധ്യമായവർ അനീതി നീക്കുവാനും നീതി നടപ്പിൽ വരുത്തുവാനും ശ്രമങ്ങൾ ചെയ്യുന്നുണ്ടു്. എന്നാൽ അതിൽ അവർക്കു് എതിർപ്പുകളനുഭവപ്പെടുന്നു. എതിർക്കുന്നവർ അവരുടെ സഹകാരികളായി വർത്തിക്കേണ്ടവരും പ്രവർത്തിക്കുന്നവരുമായ ആളുകളിൽപ്പോലുമുണ്ടു്. അതിനു കാരണം പ്രസ്തുതവിഷയത്തിൽ അവർക്കുള്ള അഭിപ്രായവ്യത്യാസമാണ്. ഏററവും ഉൽകൃഷ്ടമാനസരായ ആളുകൾക്കുപോലും തെററായ അഭിപ്രായങ്ങൾ ഉണ്ടായിരിക്കുക മനുഷ്യപ്രകൃതിയുടെ ബലഹീനതയിൽ പെട്ടതാണല്ലോ. നിലവിലിരിക്കുന്ന സാമുദായികസ്ഥിതിയിൽ അനീതിപരമായി പലതുമുണ്ടെന്നുള്ള ബോധം തൊഴിലാളികൾക്കുതന്നെയും ഉണ്ടായിരിക്കുന്നു. ദുർവ്വഹമായ ഈ അനീതികളെ ഇനി സഹിക്കുവാൻ കഴികയില്ലെന്നുള്ള മനോഭാവവും അവർക്കുണ്ടു്. ആ തരം നോക്കി അവരെ വഴിപിഴപ്പിക്കുവാനും വിപ്ലവമുണ്ടാക്കുന്നതിനു പ്രേരിപ്പിക്കുവാനും വിപ്ലവംവഴിയായി നിലവിലിരിക്കുന്ന സമുദായസംഘടനയെ സമൂലംനശിപ്പിക്കുവാനും കമ്മ്യൂണിസ്റ്റുകക്ഷികളും സോഷ്യലിസ്റ്റുകക്ഷികളും മററും കച്ചകെട്ടി ഇറങ്ങിയിരിക്കുന്നു. ഇങ്ങനെയുള്ള കുഴഞ്ഞുമറിഞ്ഞ

(ശേഷം 10-ാം പേജിൽ)



കാപ്‌ററൻ ടി. ടി. തോമസ് വ്യോമയാനവീഥികൾ നിരീക്ഷണം ചെയ്യുന്നതിനായി പുറപ്പെടുന്നതിനു മുമ്പ് ഓക്സിജൻ നിറച്ച സഞ്ചികൾ പരീക്ഷിച്ചുനോക്കുന്നു.

ചെറുകഥ

# ഭരണങ്ങാനത്തെ ദിവ്യസന്ദേശം

(വറുഗീസ് റ്റി, ഒഴുകയിൽ, എസ്. എച്ച്. കോളേജ്, തേവര)

I

അന്തിമസൂര്യൻ ചെങ്കതിരുകൾ വീശി അസ്തമനത്തിലേക്കു് അടുക്കുന്നു. വികാരഭരിതനായി, ആവേശംകൊള്ളുന്ന ഹൃദയത്തോടെ ജയിംസ്സ് ജഗന്നിയന്താവിനോടു് പ്രാർത്ഥിക്കുന്നു. അഞ്ജലീബദ്ധനായി, നമ്രശിരസ്കനായി, മുട്ടിന്മേൽനിന്നുകൊണ്ടു് ആ യുവകോമളൻ പ്രാർത്ഥിക്കുകയാണു:

"നാഥാ! ലോകത്തിൻെറ പാപപരിഹാരത്തിനായി കാൽവരിമലമുകളിൽ ജീവാർപ്പണം ചെയ്ത യേശുനാഥാ! അങ്ങേ മുതിരിത്തോട്ടത്തിൽ വേല ചെയ്യുന്നതിനു് ഈ ബാലനെ അനുഗ്രഹിക്കണമേ! അധമമായ പന്ഥാവിലൂടെ പ്രയാണം ചെയ്തു് ആത്മനാശം വരുത്തുന്ന ഭാരതാംബികയുടെ അനന്തരസന്താനങ്ങളെ സത്യവെളിച്ചത്തിലേക്കു് മാറ്റുന്നതിനുള്ള ശക്തി ഈ ബാലനു് അങ്ങു നൽകണമേ! നശ്വരമായ ഈ ലോകത്തിൽ, ക്ഷണഭംഗുരങ്ങളായ സുഖാദികളിൽ മുഴുകാതെ, പിശാചിൻെറ അധീനതയ്ക്കു് അടിമപ്പെടാതെ, പുണ്യമാർഗ്ഗത്തിലൂടെ ചരിച്ചു് അങ്ങേ തിരുച്ചുവടുകളെ അനുധാവനം ചെയ്യുന്ന ഒരു യഥാർത്ഥ പുരോഹിതനാകുവാൻ അങ്ങു അനുവദിക്കണമേ!'

അനുജൻ ജോർജ്ജും പ്രാർത്ഥനയിൽ ചേരുവാൻ വരുന്നു. കേവലം നാലു വയസ്സുമാത്രം. പറഞ്ഞാൽ തിരികയില്ലാത്ത ആ ചെറുബാലൻ അവൻെറ കിളിനാദങ്ങളാൽ ദൈവസ്തുതി ആരംഭിക്കുന്നു.

ജോർജ്ജ്: "ദൃഢമാനസ്സിവാഴുക... അയാളുകലെ... ഞങ്ങളുടെ അപ്പം ഇന്നും തരണമേ.....ഇച്ചാച്ചനു തുക്കെട്ടു് വരുത്തല്ലേ....."

അപ്പോഴാണു് ലൈസൻസു നമ്പർ 42-ാം കുടിപ്പള്ളിക്കൂടത്തിൽനിന്നും, 4 "ക്ലാസ്സ്" വിദ്യാഭ്യാസവുമായി റോഡുകളിലെ കുഴികൾ വിറയില്ലാത്തതിനാൽ ശവമഞ്ചത്തിനോടു് ഉപമിക്കാവുന്ന, ഇടുങ്ങിയ ഓടകളിൽ ചാടിച്ചും വീണുമായി ഒരുവിധത്തിൽ ഗൃഹനാഥൻ വീട്ടിൽ വന്നെത്തുന്നതു്.

പ്രശസ്തവും പുരാതനവുമായ വടക്കേക്കോട്ട ഭവനത്തിൻെറ ഏക അവകാശിയും, വിസ്തൃതമായ ഒരു ഭൂവിഭാഗത്തിൻെറ ഉടമസ്ഥനുമായ മാത്തനാണു്, ബുദ്ധിശൂന്യങ്ങളായ മാറ്റങ്ങളിലൂടെ സഞ്ചരിച്ചു, അതിരുമറ്റിയായിത്തീരുകയും, അങ്ങനെ ക്രമാതീതമായി മദ്യപാനം ചെയ്യുകിനാൽ സുബോധം നശിച്ചു ഇപ്പോൾ വീട്ടിലേക്കു കയറി വരുകയും ചെയ്യുന്നതു്. വളരെ നാളായി കെട്ടിനിറുത്തിയിരുന്ന നദിപ്രവാഹം അഴിച്ചുവിട്ടാൽ ഉണ്ടാകുന്ന കോലാഹലം പോലെ, അദ്ദേഹം, "ഹ...ഹ..." എന്നു രണ്ടു പ്രാവശ്യം ശക്തിയായി തുപ്പിയശേഷം, ചോദിക്കുന്നു:

"എടാ പിള്ളേരെ; നിങ്ങളെപ്പം പ്രാർത്ഥിച്ചോ?'

ജോർജ്ജ്: "ഉവ്വ അപ്പച്ചനു തുക്കെട്ടു വരുത്തല്ലേ എന്നും പ്രാർത്ഥിച്ചു"

മാത്തച്ചൻ: "അതുപോകട്ടെ. എടാ പിള്ളേരെ. ഈ കള്ളിനു വില കുറയുവാൻ നിങ്ങൾ പ്രാർത്ഥിച്ചോ? എന്താടാ ജയിംസ്സേ. ഈ കള്ളിനു് ഇങ്ങനെ മാക്കാറുകൂടിയാൽ നമ്മളൊക്കെ എവിടെ ചെന്നു നിൽക്കുമെടാ? ഇക്കണക്കിനു് വസ്തുക്കൾ വിറ്റു വിറ്റു മുടിക്കുമല്ലോ. എന്റെ മോനെ! നിങ്ങളെ ഒക്കെ എന്തിനാ അധികം പഠിപ്പിക്കുന്നതു്. അപ്പനു വല്ലോം ഗുണം കിട്ടാൻ നിങ്ങൾ പ്രാർത്ഥിക്കുന്നില്ലല്ലോ; എൻെറമ്മേ, ഈ കള്ളിൻെറ വില! (അടിശം) എടാ! കടലാസ്സും പെൻസ്സിലും എടുത്തുകൊണ്ടുവന്ന ഒരു കണക്കിട്ടേ. ഇതൊക്കെ പഠിപ്പിച്ചതു് എന്തിനാണെന്നു് അറിയട്ടെ. ആ റീ...തിരുകൊച്ചി ചക്രം കൊടുത്തിരുന്നെങ്കിൽ എത്രപാത്രം കള്ളു് ഉള്ളേ ചെന്നേനെ? എടാ ജയിംസ്സ കടലാസ്സു എടുത്തോ?"

ജയിംസ്സ്- "ഉവ്വ"

മാത്തച്ചൻ-: "എന്നാലെഴുതിക്കോ. ഒരു പാത്രം കള്ളിനു് 9 ചക്രം വിലവച്ചു് അഞ്ചു പാത്രം വാങ്ങിച്ചു് ഒരു പാത്രം തെക്കേലെ കുഞ്ഞാപ്പനു് പെറവറു് കൊടുത്താൽ ലാഭമോ നഷ്ടമോ എത്ര? എഴുതിയോ?"

ജോർജ്ജ്-: "അപ്പച്ചാ, മതിരമൊള്ള കള്ളാണോ? മതിരം?"

മാത്തച്ചൻ: "ഹ്ഹ പോടാ അപ്പാത്തു്. നിന്നോടു അക്കാര്യം ചോദിച്ചോ? എഴുതിയോടാ?"

ജയിംസ്സ്... "ഉവ്വ്."

മാത്തച്ചൻ:- "ഇങ്ങുകൊണ്ടുവന്നേ."

ചോദ്യം വായിക്കുന്നു. വളരെയധികം ഗൗരവത്തോടെ ജയിംസ്സിൻെറ ചെവിയിൽ പിടിച്ചു തിരിക്കുന്നു. 'മണ്ടാ ചക്രത്തിനു് കറി വാങ്ങിച്ചതു്, എന്താടാ, അയാൾ ദ്രോഹം ചെയ്തതാണോ? എന്തിനാടാ അതെഴുതാഞ്ഞതു്?'

ജയിംസ്സ് കരയുന്നു. "അപ്പച്ചൻ അതു പറഞ്ഞില്ലായിരുന്നല്ലോ"

ഇതികർത്തവ്യതാമൂഢനായി കണ്ണുനീർകണങ്ങൾ വീഴ്ത്തിക്കൊണ്ടു് ജയിംസ്സ് കടലാസിൽ നോക്കി നിൽക്കുന്നു. യുക്തിയോ, വിവേകമോ, ബോധമോ ഇല്ലാത്ത, കണക്കു്. അതു ചെയ്തില്ലെങ്കിൽ വരുവാനിരിക്കുന്ന ശിക്ഷയോ, അവനു് ചിന്തിക്കുവാൻപോലും വയ്യാത്തതു്.

ബുദ്ധിമാനായ ആ ചെറുബാലൻ, ക്ലാസ്സിൽ കണക്കു വിഷയത്തിനു് ആദ്യമായി മാർക്കു് വാങ്ങിക്കുന്ന ആ സമർത്ഥൻ, എത്രതന്നെ ആലോചിച്ചിട്ടും പിതാവിൻെറ കണക്കിനു് യാതൊരു ഉത്തരവും കണ്ടുപിടിക്കുവാൻ സാധിച്ചില്ല. അവൻ വിചാരിച്ചു. പിതാവു് ഈ നിലയിൽ മുന്നോട്ടു പോയാൽ കുടുംബം നാശത്തിൻെറ അഗാധഗർത്തത്തിൽച്ചെന്നു പതിക്കുമെന്നും, അവർ ഭിക്ഷയാചിക്കാനിടി വരുമെന്നും.....

......പക്ഷെ അവയൊന്നും, ഈ കണക്കിൻെറ ഉത്തരത്തിനു് പറ്റിയതല്ല. അവനു പലതും ഉത്തരമായി എഴുതുവാൻ തോന്നി. പക്ഷെ, ചോദ്യകർത്താവു് അവൻെറ പിഞ്ചുദേഹത്തിൽ ഇട്ടേക്കാവുന്ന മാർക്കിനെ ഭയന്നു് അവയൊന്നും മുതിർന്നില്ല. വീണ്ടും ആലോചിച്ചു "അപ്പച്ചനു് നഷ്ടം = ആത്മാവു്" എന്നെഴുതിയാലോ? അല്ലെങ്കിൽ "ലാഭം = അപമാനം" എന്നെഴുതിയാലോ? വേണ്ട, അപ്പോൾ തനിക്കു ലാഭം = അടിപൂരം.

അവൻ യാതൊരുത്തരവും എഴുതാതെ, പിതാവിൻെറ സുബുദ്ധിക്കും പശ്ചാത്താപത്തിനുമായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഇടിമുഴക്കംപോലെ "ചെയ്തോടാ കണക്കു്? കാണട്ടെ." കണക്കു ചെയ്യാത്തതിൽ അരിശപ്പെട്ടവനായി മാത്തച്ചൻ ജയിംസ്സിനെ പ്രഹരിക്കുവാൻ ഭാവിച്ചു സുബോധമില്ലാത്ത ആ ഗൃഹനാഥൻെറ പ്രവൃത്തികൾക്കു ആരു പ്രതിഷേധം ഉയർത്തുവാനാണു്?

മാത്തച്ചൻ: "നീയെങ്ങും ഇനി പഠിക്കേണ്ട. ഈയാണ്ടു ജയിച്ചാൽ ഒട്ടു കോളേജിലും പോകണ്ടാ, എങ്ങും പോകണ്ടാ. ഇവിടെ വല്ല കന്നുകാലിയെയും നോക്കി വീട്ടുകാര്യങ്ങൾ അന്വേഷിച്ചു നടന്നാൽ മതി. സ്കൂൾ പടിയിനലിൽ പഠിക്കുന്ന ചെറുക്കനു് കണക്കു് അറിയത്തില്ലാ. അല്ലാ, പിള്ളേരെപ്പയണ്ടാ, —ഇപ്പോഴത്തെ വാദ്ധ്യാന്മാരുടെ വല്ലോ അവന്മാരായില്ലെ ഇപ്പോൾ ക്രൈസ്തവം കുന്തവുമായിട്ടിറങ്ങിയിരിക്കുന്നതു് ലോകമെല്ലാം എതിരുമായി. ഹയ്യോ! ഞാൻ പഠിച്ചു കാലത്തു്... എടാ പഠിച്ചതും പഠിക്കാത്തതും ഒരുപോലെ അകുമ്പോൾ പഠിത്തം നിറുത്തണമെന്നാ കോരച്ചേട്ടൻ എഴുതിയിരിക്കുന്നതു്. എടീ, കുഞ്ഞാമ്മി!'

ഭാര്യയെ വിളിക്കുന്നു.

കറിക്കരിഞ്ഞുകൊണ്ടിരുന്ന ഭാര്യ വാഴയ്ക്കുമ്പും കത്തിയുമായി ഓടിവരുന്നു

മാത്തച്ചൻ: "അങ്ങനെയല്ലേടീ?"

കുഞ്ഞാമ്മ: "എങ്ങനെ?'

മാത്തച്ചൻ: "ഹ...പോ'! മകനു് ചേന്ന അമ്മ. നിനക്കു് എന്തിനെയാണെന്നു് മനസ്സിലായില്ലല്ലേ? എടീ ഈ ചെറുക്കൻ പഠിച്ചതു പോരെ? ഇനി എവിടെങ്കിലും നല്ല ഒരു കുടുംബവുമായി കെട്ടു പറ്റുന്നതിനു ശ്രമിക്കണം. തെക്കേലെ ആ പെണ്ണും ഇയാണ്ടു് മാട്രിക്കുലേഷു് പാസ്സാകുകയില്ലേടീ? പക്ഷേ അയ്യായിരത്തിൻെറ പച്ചനോട്ടു് എൻെറ മുമ്പിൽ വയ്ക്കാതെ, അവന്മാരൊക്കെ, ആലോചനക്കു് ഇങ്ങു വരണ്ടേക്കട്ടെ. ചെറുക്കൻ പഠിച്ചതിനു് എനിക്കു് രൂപാ രണ്ടായിരമാ ചെലവു്. ഞാൻ കാണിച്ചുകൊടുക്കാം..."

കുഞ്ഞാമ്മി: "പിന്നെയ, നേരം വളരെ ഇരുട്ടിയല്ലോ. ഉറങ്ങേണ്ട സമയവും കഴിഞ്ഞല്ലോ."

മാത്തച്ചൻ: "പോയിക്കിടന്നു ഉറങ്ങിനെടാ — ഹാ"

ജയിംസ്സും ജോർജ്ജും ഉറക്കറയിലേക്കു പോകുന്നു.

മുട്ടിന്മേൽ നിന്നുകൊണ്ടു് ജയിംസ്സ് വീണ്ടും പ്രാർത്ഥിക്കുന്നു:

"യേശുനാഥാ! അധഃപതനത്തിലേക്കു് ചരിത്തിരിക്കുന്ന ഈ കുടുംബത്തെ അങ്ങു് രക്ഷിക്കണമേ. വന്ദ്യനായ എൻെറ പിതാവിനു് സൽബുദ്ധിയും പശ്ചാത്താപവും അങ്ങു നൽകണമേ. എൻെറ പിതാവു് നല്ലവനായി, യഥാർത്ഥ കത്തോലിക്കനായി ജീവിച്ചു അങ്ങേ പക്കൽ വരുന്നതിനു് അങ്ങു് അനുവദിക്കണമേ. സുബോധമില്ലാതെ ചെയ്യുന്ന അദ്ദേഹത്തിൻെറ പ്രവൃത്തികളെ അങ്ങു ക്ഷമിക്കണമേ! എനിക്കു് വേണ്ടതായ അനുഗ്രഹവും അങ്ങു നൽകണമേ. കമ്മ്യൂണിസം മുതലായ നിരീശ്വരവാദങ്ങളോടു് എതിരിട്ടുനിൽക്കുവാനുള്ള ശക്തിയും അറിവും അങ്ങു് എനിക്കു് നൽകണമേ. നാഥാ എന്നെ പുരോഹിതപദവിയിലേക്കുയർത്തണമേ. അതിനുള്ള മനസ്സു് എൻെറ പിതാവിനു് നൽകണമേ. കുടികങ്ങളായ അസാന്മാർഗ്ഗികപ്രവൃത്തികളിലേക്കു് ഞങ്ങളുടെ കുടുംബത്തെ വീഴ്ത്തരുതേ."അനന്തരം ജോർജ്ജിനെയും പ്രാർത്ഥിക്കുന്നതിനായി ഉപദേശിക്കുന്നു.

ജോർജ്ജിൻെറ കൈയേൽ പിടിച്ചു കുരിശുവരപ്പിച്ചശേഷം ജയിംസ്സ് അനുജനോടു് പറഞ്ഞു: "ജോർജ്ജുകുട്ടീ, കുഞ്ഞേട്ടൻ ഒരു അച്ചനാകാൻ പ്രാർത്ഥിക്കണം, കേട്ടോ?"

ജോർജ്ജ്: "ചേട്ടനെങ്ങിനെയാണു് അച്ചനാകുന്നതു്? ചേട്ടനു് വെലിയ ഉടുപ്പുണ്ടോ? തൊപ്പിയൊന്നും ഇല്ലാതെയാണോ അച്ചനാകുന്നതു്?"

ജയിംസ്സ്: "അതൊക്കെ തമ്പുരാൻ തരും. നീ പ്രാർത്ഥിച്ചോ."

ജോർജ്ജ്: "എൻെറ കുഞ്ഞേട്ടനെ ഒരു മുട്ടൻ വികാരിയച്ചനാക്കണമേ. ചേട്ടനു് ഒരു തൊപ്പിയും വടിയും കൊടുക്കണമേ! എൻെറ തമ്പുരാനെ, ചേട്ടനെ നാളെത്തന്നെ അച്ചനാക്കണമേ."

ജോർജ്ജ്: "ചേട്ടാ ചേട്ടൻ നാളെ അച്ചനാകുമ്പോൾ എനിക്കു ഒരു കാശുരൂപം തരണം."

ജയിംസ്സ്: "എൻെറ ജോർജ്ജുകുട്ടീ. നാളെയൊന്നും അച്ചനാകുകയില്ല. അച്ചനാകണമെങ്കിൽ ദൂരെ ദൂരെ പോയി, അങ്ങെട്ടുകൊല്ലം പഠിക്കണം."

ജോർജ്ജ്. "അപ്പൊ, ചേട്ടൻ എന്നെക്കൂടി കൊണ്ടുപോകുമോ?"

ജയിംസ്സ്: "നിന്നെയൊക്കെ കൊണ്ടുപോകാം. നീ ഇപ്പോൾ ഉറങ്ങു്."

(തുടരും)

# കൃതജ്ഞതാപ്രകാശനം

## ജൂബിലികലണ്ടറുകൾ

എവരുടെയും സഹായസഹകരണത്താൽ തീർന്ന വിവരം എല്ലാവരേയും കൃതജ്ഞതാപൂർവ്വം അറിയിക്കുന്നു. അനവധി എഴുത്തുകൾ ഇവിടെ വന്നുകൊണ്ടിരിക്കുന്നുണ്ടു്. എല്ലാവർക്കും മറുപടിയായി ഈ വിവരം സ്വീകരിപ്പാനാകണമെന്നപേക്ഷ.

"പ്രസിദ്ധീകരണത്തിയാറു്" പ്രമാണിച്ചു് ഈ മാസത്തിൽ പുസ്തകങ്ങൾ ആവശ്യപ്പെടുന്നവർക്കു് . . . ചാർജ്ജ് സൗജന്യം. 10 രൂപയ്ക്കു് മേൽ പുസ്തകങ്ങൾ വാങ്ങുന്നവർക്കു് പ്രത്യേകകമ്മീഷൻ! പത്രങ്ങളോ, മാസികകളോ അധ്യായൻ . . . സഹിതം ആവശ്യപ്പെടുന്നവർക്കു് ലഘുലേഖകൾ സൗജന്യം. ആവശ്യപ്പെടുവിൻ.

കത്തീഡ്രൽസ് T. B. ഡിപ്പോ

പാലാരിവട്ടം, എറണാകുളം

## വിദേശവാർത്തകൾ

അഖിലലോക ഉദ്ഘാടനം

വത്തിക്കാൻ അർദ്ധൗദ്യോഗിക പത്രമായ ഒസ്സർവത്തോരെ റൊമാനോയുടെ പുതിയ അച്ചടിശാല പത്രപ്രവർത്തകരുടെ മദ്ധ്യസ്ഥനായ ഫ്രാൻസിസ് സാലസ് പുണ്യവാൻെറ തിരുനാൾ ദിനമായ ജാനുവരി 29-ാനു ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. മാർപ്പാപ്പാതിരുമേനി ഒരു ബട്ടൺ അമർത്തിയപ്പോൾ അച്ചടി യന്ത്രങ്ങളെല്ലാം പ്രവർത്തനമാരംഭിച്ചു.

പുതിയ പത്രാധിപർ

ഒരു വിദ്യാഭ്യാസ പ്രവർത്തകനും രാജ്യമീമാംസകനും സാഹിത്യകാരനുമായ റവ. ഫാദർ റോബർട്ടു് സീഹാർട്ടു് എസ്. ജെ. "അമേരിക്ക" എന്ന വാരികയുടെയും കാത്തലിക് മൈൻറു് എന്ന മാസികയുടെയും പ്രധാന പത്രാധിപരായി നിയമിതനായിരിക്കുന്നു. അദ്ദേഹത്തിനിപ്പോൾ 44 വയസ്സു പ്രായമുണ്ടു്.

ഡോക്ടർ പുരോഹിതനാകുന്നു

71 വയസ്സായ മിഗ്വേൽ വിഡ്വാർ എന്ന സ്പാനിഷ് ഡോക്ടർ ബിഷപ്പു് അരാംപുരുവിൽനിന്നും വൈദികപട്ടം സ്വീകരിക്കുന്നതിനുവേണ്ടി ചൈനയിലേക്കു പോകുന്നു. പ്രസ്തുത മെത്രാൻെറ കീഴിൽ ഒരു മിഷനറിയായി അദ്ദേഹം ജോലിചെയ്യുന്നതായിരിക്കും.

99-ാമത്തെ വയസ്സിൽ

ആബെ അരാറ് എന്ന ഫ്രഞ്ചു വൈദികൻ തൻെറ പൗരോഹിത്യത്തിൻെറ 75-ാമത്തെ വാർഷികദിനത്തിൽ ആഘോഷമായ പാട്ടുകുർബാന അർപ്പിച്ചിരിക്കുന്നു. ഇപ്പോൾ അദ്ദേഹത്തിനു 99 വയസ്സു പ്രായമുണ്ടു്.

നീഗ്രോ ട്രാപ്പിസ്റ്റ്

അമേരിക്കൻ ഐക്യനാടുകളിലെ ഏകനീഗ്രോപുരോഹിതനായ റവ. വിൻസെൻറു് സ്മിത്തു് ട്രാപ്പിസ്റ്റ് സന്യാസസഭയിൽ പ്രവേശിച്ചിരിക്കുന്നു. അദ്ദേഹം വികാരിയായി ജോലി നോക്കിയിരുന്നപ്പോൾ പല വെള്ളക്കാർ അച്ചന്മാരും അദ്ദേഹത്തിൻെറ അസിസ്റ്റൻറുമാരായിരുന്നിട്ടുണ്ടു്.

പത്തുലക്ഷം ..

ബ്രൂക്ലിനിലെ "തിരുരക്ത സംഘക്കാർ യൂറോപ്പിലെ കത്തോലിക്കർക്കായി 10 ലക്ഷത്തിൽപ്പരം കർബാനത്തുണികൾ അയച്ചുകൊടുത്തിരിക്കുന്നു.

ഏറ്റവും വലിയ ശത്രു

അമേരിക്കയിലെ ബഫല്ലോ നഗരത്തിൽനിന്നും നീഗ്രോക്കാരുടെ വകയായി പ്രസിദ്ധം ചെയ്തു വരുന്ന ക്രൈറ്റീരിയൻ എന്ന വാരിക, വർഗ്ഗീയതക്കെതിരായി പോരാടുന്ന ഏറ്റവും വലിയ ശക്തി കത്തോലിക്കാസഭയാണെന്നു പ്രസ്താവിച്ചിരിക്കുന്നു.

മഹനീയ ബഹുമതി

ക്യാനഡായിലെ സുപ്രീം കോർട്ടിലെ പ്രധാന ന്യായാധിപനായ റിൻഫ്രെർട്ടിനു് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് വിശുദ്ധ ഗ്രിഗറിയുടെ മാടമ്പിസ്ഥാനം നൽകിയിരിക്കുന്നു.

ബാലരംഗം

## സലേഷ്യൻ ഓററി

പ്രിയ കുഞ്ഞുങ്ങളേ,

പത്തൊൻപതാം നൂററാണ്ടിന്റെ ആരംഭത്തിൽ ഇററലിരാജ്യക്കാരനായ ബറോളോ പ്രഭു എന്നൊരു യുവധനാഢ്യൻ, ഫ്രഞ്ചുചക്രവത്തിയുടെ അരമനസേവകനായി നിയമിക്കപ്പെട്ടു. അവിടെവച്ച് അദ്ദേഹം കുലീനയായ ഒരു ഫ്രഞ്ചുവനിതയെ വിവാഹം കഴിച്ചു. അരമനയിലെ ഉദ്യോഗം അവസാനിച്ചപ്പോൾ പ്രഭുദമ്പതിമാർ ഇററലിയിലെത്തി ട്യൂറിൻ നഗരത്തിൽ അവരുടെ ആസ്ഥാനമുറപ്പിച്ചു. സന്താനമില്ലാതെ പ്രഭു കാലഗതി പ്രാപിച്ചതിനാൽ സംഖ്യാതീതമായ അവരുടെ സമ്പത്തുകൾക്കെല്ലാം ബറോളോപ്രഭ്വി തന്നെ അവകാശിയായിത്തീന്നു. എന്നാൽ സുകൃതവതിയായ ആ മഹതി അചിരേണ തനിക്കു ധാരാളം അവകാശികളെ കണ്ടെത്തി. ബറോളോ കുടുംബത്തിന്റെ വകയായി നാടെങ്ങും നാനാതരത്തിലുള്ള സാധുസംരക്ഷണഭവനങ്ങൾ ഉദയം ചെയ്തു. അനാഥബാലസങ്കേതങ്ങൾ, അഗതിമന്ദിരങ്ങൾ, ധസംരക്ഷണശാലകൾ, ആസ്പത്രികൾ ആദിയായവ ലക്ഷക്കണക്കിനു പണം ചെലവുചെയ്ത് വിവിധഭാഗങ്ങളിൽ പണികഴിപ്പിച്ചു. പ്രഭ്വിതന്നെ സാധുജനശുശ്രൂഷയിൽ സസന്തോഷം ഏപ്പെട്ടു ജോലിചെയ്തുവന്നു. സന്യാസസഭകളുടെ മേൽനോട്ടത്തിലും മററുമായി ഇത്തരസ്ഥാപനങ്ങൾ കത്തോലിക്കാസഭയിൽ സുലഭങ്ങളാണെങ്കിലും, ഏകവ്യക്തിയുടെ വകയായി ഇത്രയേറെ പരോപകാരപദ്ധതികൾ മറെറാരിടത്തും നടപ്പായിട്ടുണ്ടെന്നു തോന്നുന്നില്ല. ബറോളോ പ്രഭ്വിയുടെ പ്രസ്തുതസ്ഥാപനങ്ങളിൽ പലതും ഇന്നും അവരുടെ നാമധേയത്തിൽ ശോഭനമായി നിലകൊള്ളുന്നുണ്ട്.

മേൽപ്രസ്താവിച്ച സ്ഥാപനങ്ങളിൽ പെട്ടതായി ട്യൂറിൻ പട്ടണത്തിലുണ്ടായിരുന്ന വിശുദ്ധ ഫിലോമിനായുടെ ആതുരശാലയിൽ ഫാദർ ബോറൽ എന്നൊരു വൈദികസത്തമനെയാണ് ആദ്ധ്യാത്മികോപദേഷ്ടാവായി നിയമിച്ചിരുന്നത്. അദ്ദേഹത്തിന്റെ ജോലിക്കൂടുതൽ നിമിത്തം ഒരു സഹായവൈദികനെക്കൂടെ നിയമിക്കാൻ ആലോചിച്ചുവരികയായിരുന്നു. ഫാദർ കഫാസ്സോ ആ സംഗതിയിൽ ഇടപെട്ട് ബോസ്കോ കൊച്ചച്ചനെ അവിടേക്കു നിശ്ചയിപ്പാൻ ഏപ്പാടുചെയ്തു. ഭക്ഷണവും സകല ചെലവുകളും കഴിഞ്ഞ് പതിനഞ്ചു പവൻ ആണ്ടിൽ പ്രതിഫലവും നൽകാമെന്നു ബറോളോ പ്രഭ്വി സമ്മതിച്ചു. തദനുസരണം ബോസ്കോ അച്ചൻ ആ ജോലി കൈയേല്ക്കുകയും ചെയ്തു. തന്റെ കുട്ടികളുടെയും രക്ഷയ്ക്കു അതു സഹായകമായി ഭവിച്ചു. എങ്ങനെയെന്നാൽ ആതുരശാലയുടെ രണ്ടു പ്രധാനകെട്ടിടങ്ങളുടെ ഇടയ്ക്കായി ഒരു മുററമുണ്ടായിരുന്നു. മുററമെന്നുവച്ചാൽ, പതിനാലടി വീതിയും, അറുപതുപത്തഞ്ചടി നീളവുമുള്ള ഒന്നാംതരം ഒരു പ്ലേഗ്രൗണ്ടായിരുന്നു അത്. ബോറലച്ചന്റെ ശുപാർശയാൽ ആ സ്ഥലം ബോസ്കോഅച്ചന്റെ കുട്ടികൾക്കായി പ്രഭ്വി വിട്ടുകൊടുത്തു പ്രാത്ഥനയ്ക്കും മററുമായി ഒരു ശാലയും അനുവദിച്ചു അച്ചനും കുട്ടികൾക്കും അതു! നാൾ ഈ മാതിരി ഒരുപോലെ ഉപകരിച്ചെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. രണ്ടുകൂട്ടക്കും പൂണ്ണസംതൃപ്തിയായി.

നേരമൊട്ടും ഫാദർ ബോസ്കോ നഷ്ടപ്പെടുത്തിയില്ല. അദ്ദേഹത്തിന്റെ ചിരപ്രതീക്ഷിതങ്ങളായ ആഗ്രഹങ്ങൾ ഓരോന്നു നിവത്തിച്ചുതുടങ്ങി. അനുവദിച്ചുകിട്ടിയ ശാല ഒരു കപ്പേളയായി രൂപാന്തരപ്പെടുത്തി. യഥാവിധി അതു അലങ്കരിച്ചു മനോഹരമാക്കി. ആ ആണ്ടുതന്നെ ഡിസംബർ 8-ാംനു അമലോത്ഭവതിരുനാളിൽ അതിന്റെ വെഞ്ചരിപ്പുകർമ്മവും ആഘോഷമായി നടത്തി. വി. ഫ്രാൻസിസ് സാലെസിന്റെ ഓററി എന്നു അതിനു നാമധേയവും കൊടുത്തു.

വി. ഫ്രാൻസിസ് സാലെസ് ബോസ്കോ അച്ചന്റെ ഒരു പ്രത്യേകമദ്ധ്യസ്ഥനായിരുന്നു. 1622-ൽ ജനീവാ മെത്രാനായിരിക്കയിൽ മോക്ഷം പ്രാപിച്ച ഈ വിശ്രുതപുണ്യവാൻ മാധുര്യശീലത്തിന്റെ ഒരുത്തമമാതൃകയായിരുന്നതിനാലാണ് ഫാദർ ബോസ്കോയ്ക്കു ഈ വിശുദ്ധനോടു ഇത്ര പ്രതിപത്തിയുണ്ടായത്. ഫാദർ ബോസ്കോ പിൽക്കാലത്തു സ്ഥാപിച്ച സന്യാസസംഘവും സലേഷ്യൻസഭ എന്ന പേരിൽ അറിയപ്പെടുന്നു. ഇങ്ങനെയാണ് അദ്ദേഹത്തിന്റെ ബാലസംഘടനയും സലേഷ്യൻ ഓററി എന്നു വിളിക്കപ്പെടാനിടയായത്. ഓററി എന്നുവച്ചാൽ പ്രാത്ഥനാലയമെന്നേ അത്ഥമുള്ളു. റോമിലെ വിദ്യാത്ഥികൾ മതവിഷയകമായ പാഠങ്ങൾക്കു ഒന്നിച്ചുകൂടുന്ന സ്ഥലങ്ങൾക്കു ഓററി എന്ന പൊതുസംജ്ഞ വിശുദ്ധ ഫിലിപ്പുനേരിയാണു ആദ്യം കൊടുത്തു തുടങ്ങിയത്. എന്നാൽ ഫാദർ ബോസ്കോ അതിനെ ഒന്നുകൂടി വിസ്തൃതമാക്കി. ഒരു കപ്പേള, താമസസ്ഥലം, അദ്ധ്യയനശാല, വ്യവസായവിദ്യാലയം, കളിസ്ഥലം ഇതെല്ലാം ഉൾപ്പെടുന്ന ഒരു സ്ഥാപനമാണ് സലേഷ്യൻ ഓററി.

സ്ഥിരമായ ഒരു സ്ഥാപനത്തിന്റെ നിലയിലേക്കു രങ്ങളുടെ ബാലസംഘം ഇങ്ങനെ നീങ്ങിത്തുടങ്ങിയപ്പോൾ അച്ചനും കുട്ടികൾക്കുമുണ്ടായ ചാരിതാത്ഥ്യം ആക്കു വണ്ണിപ്പാൻ കഴിയും! എന്നാൽ ആ നേരിയവെളിച്ചത്തിനപ്പുറത്തു എത്ര ഘോരതമസ്സാണ് അവരെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതെന്നു അവരുണ്ടോ അറിയുന്നു. പ്രിയകുഞ്ഞുങ്ങളേ! പകലുകഴിഞ്ഞാൽ രാത്രിയുണ്ടു; ഒരു ചിരിക്കു ഒരു കരച്ചിലുണ്ടു; പടവെട്ടിയെങ്കിലേ മുടികിട്ടുകയുള്ളു. ഈ തത്വം എവിടെയും ഓമ്മയിലുണ്ടായിരിക്കണം.

വെല്യപ്പച്ചൻ

ജന്മദിനസമ്മാനങ്ങൾ

ഈ മാസത്തിൽ നമ്മുടെ ബാലരംഗസഹോദരങ്ങളായ 8 പേരുടെ ജന്മദിനം വരുന്നുണ്ട്—50 ബാലന്മാരുടെയും, 3 ബാലികമാരുടെയും. എല്ലാവക്കും വല്യപ്പച്ചന്റെ പൈതൃകമായ അനുമോദനം. അന്യോന്യപ്രാത്ഥനയ്ക്കായും ഒരിക്കൽക്കൂടെ ഓപ്പിച്ചുകൊള്ളുന്നു. സമ്മാനാർഹരുടെ പേരുകൾ താഴെച്ചേക്കുന്നു:—

1 രേണികുളങ്ങര തോമാ റപ്പേൽ, കുറുമശ്ശേരി. (നമ്പർ 20?)

2 സി. എ. ഔസേപ്പു, ചോറുപുഴക്കാരൻ, തൃശ്ശൂർ (നമ്പർ 38)

3 പോംപാഴി ആഗസ്റ്റി ത്രേസ്യാമ്മ, മുട്ടം. (നമ്പർ 17,

4 തെക്കുമ്മ ജോസഫ്, വെട്ടിയിട്ടപുത്തൻപുരയിൽ, പായിപ്പാട്. (നമ്പർ 317)

ലേഖനപ്രശ്നം

1 എം. കെ. ജേക്കബ് പാലത്തിങ്കൽ, കോട്ടപ്പടി. (നമ്പർ 32)

വിഷയം: എന്റെ പത്രപാരായണം.

2 പത്രോസ് കെ. പി, മൈസൂർ, ആലുവാ. (നമ്പർ 81)

വിഷയം: എന്റെ പ്രഥമദിവ്യകാരുണ്യസ്വീകരണം.

3 റോസമ്മ ചാക്കോ മാറാട്ടുകളം, ചങ്ങനാശ്ശേരി (നമ്പർ 17 )

വിഷയം: എന്റെ ജന്മദിനാഘോഷം.

4 കൊച്ചുത്രേസ്യാ പുലിക്കോടിലിൽ, കോതമംഗലം. (നമ്പർ 354)

വിഷയം: എന്റെ പ്രതിദിനപരിപാടി.

നമ്മുടെ പരിശുദ്ധ അമ്മയുടെ ശുദ്ധീകരണതിരുനാളിന്റെ മംഗളങ്ങൾ എല്ലാവക്കും ആശംസിച്ചുകൊണ്ട്,

സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

(1) പ്രായപൂത്തിവരാത്ത കുട്ടികളെ അവരുടെ മാതാപിതാക്കന്മാരുടെ അനുമതികൂടാതെ ജ്ഞാനസ്നാനപ്പെടുത്താമോ?

(2) പ്രായപൂത്തി വന്നവരെ അവരുടെ മാതാപിതാക്കളുടെ അറിവോ അനുവാദമോകൂടാതെ സ്നാനപ്പെടുത്താമോ?

(3) വഴിയിൽ പരിത്യക്തരായി കാണുന്ന ശിശുക്കളെ ജ്ഞാനസ്നാനപ്പെടുത്തണമോ?

(4) വീട്ടമ്മമാർ മാമ്മോദീസാ മുക്കിയ കുട്ടിയെ വീണ്ടും ദേവാലയത്തിൽ കൊണ്ടുപോയി സ്നാനപ്പെടുത്തണമോ?

(5) വൈദികൻ ഒരു വീട്ടിൽ ചെന്നു, പള്ളിയിൽ അനുഷ്ഠിക്കുന്ന കമ്മങ്ങളെല്ലാം അനുഷ്ഠിച്ചു ജ്ഞാനസ്നാനം നൽകാവുന്നതാണോ?

(ഉത്തരങ്ങൾ 9-ാം പേജിൽ)

## 4-ാം ശതാബ്ദാഘോഷം

വി. ഫ്രാൻസിസ് സേവ്യർ ജപ്പാനിൽ ക്രിസ്തുമതത്തിന്റെ ബീജാവാപം ചെയ്തതിന്റെ 4-ാം ശതാബ്ദപൂത്തി പ്രമാണിച്ചു ജപ്പാനിലേക്കു ഒരു സാവ്വദേശീയ തീത്ഥയാത്ര നടത്തുന്നതിനുവേണ്ട ഏപ്പാടുകൾ ചെയ്തുവരുന്നു. ആററംബോംബിനു വിധേയമായ നാഗാസക്കിയിലാണ് വിശ്വാസദീപം ആദ്യം കൊളുത്തപ്പെട്ടതു്. ഇന്നു ജപ്പാനിലെ ഏററവും വലിയ കത്തോലിക്കാ കേന്ദ്രവും അതുതന്നെയാണ്. ഇപ്പോൾ അവിടെ 60,626 കത്തോലിക്കരുണ്ട്. ജപ്പാനിൽ കത്തോലിക്കരുടെ ആകെ തുക 120,165 ആണ്. ശതാബ്ദാഘോഷം മേയ് 29 ാംനു ഉദ്ഘാടനം ചെയ്യപ്പെട്ടും. അന്നു വൈദികരും അൽമേനികളുമടങ്ങിയ ഒരു തീത്ഥയാത്രാ സംഘം "രക്തസാക്ഷി ഗിരി" ആരോഹണം ചെയ്യുന്നതാണ്. 1597-ൽ അവിടെ 6 മിഷനറിമാരും 20 പുതുക്രിസ്ത്യാനികളും ക്രൂശിക്കപ്പെട്ടു. 2 ശതാബ്ദക്കാലം നീണ്ടുനിന്ന മതപീഡനത്തിന്റെ പ്രാരംഭം മാത്രമായിരുന്നു അതു്. ആററംബോംബിനാൽ നാമാവശേഷമാക്കപ്പെട്ട ഹിരോഷിമായെ തീത്ഥകർ ദ്ദശനിച്ചു വീക്ഷിക്കുന്നതാണ്. ശതാബ്ദാഘോഷം മേക്കിയായിൽ അപ്പിക്കപ്പെടുന്ന പൊൻതിഫിക്കൽ കുർബാനയോടുകൂടിഅവസാനിക്കുന്നതായിരിക്കും.


## എന്റെ സമ്പാദ്യം സൂക്ഷിച്ചു വദ്ധിപ്പിക്കുന്നതിനുള്ള ഉത്തമ മാഗ്ഗം എന്താണ്?

മാസന്തോറും ഒരു ക്ലിപ്തസംഖ്യ മാത്രം വരവുള്ളവക്ക് അവരുടെ ആയവ്യയക്കണക്കുകൾ ശരിപ്പെടുത്തുന്നത് ഒരു മുഖ്യപ്രശ്നമായി ഭവിക്കുന്നു. വീട്ടുചിലവുകൾ നിവ്വഹിച്ച ശേഷം, ഭാവിയിലേക്ക് ഒരു നിശ്ചിത തുക കരുതിവയ്ക്കുന്നത് എങ്ങിനെ?

ഇന്നു മുതൽ നിങ്ങളുടെ സമ്പാദ്യം സൂക്ഷിച്ചു വദ്ധിപ്പിക്കുവാൻ എങ്ങിനെ സാധിക്കുമെന്ന് പാലാ സെൻട്രൽ ബാങ്ക് ബ്രാഞ്ചു മാനേജർ സസന്തോഷം പറഞ്ഞുതരും. ഏററവും എളുപ്പ വഴി, ബാങ്കിൽ ഒരു സേവിംഗ്സ് അക്കൌണ്ട് ആരംഭിക്കുകയാണ്. അക്കൌണ്ട് തുടങ്ങുവാൻ 5 രൂപാ മാത്രം മതി. പിന്നെ ഒരു രൂപായിൽ കുറയാത്ത ഏതു സംഖ്യ വേണമെങ്കിലും നിക്ഷേപിക്കാം.

സേവിംഗ്സ് അക്കൌണ്ടുകൾ • സ്ഥിരം ഡിപ്പോസിററുകൾ • കറണ്ട് അക്കൌണ്ടുകൾ • കാഷ് സർട്ടിഫിക്കററുകൾ • കൃഷി, കച്ചവട സംബന്ധമായ കടവായ്പകൾ.




## പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ESTD 1927

(തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്തത്, ബാദ്ധ്യത ക്ലിപ്തം)

പാലാ - തിരുവിതാംകൂർ



# ബാങ്ക് ഓഫ് കോമേഴ്സ് (ക്ലിപ്തം)

(തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്തത്)

ഹെഡാഫീസ്: പാലാ

ബ്രാഞ്ചുകൾ:— പാലാ, പൂവരണി, പൊൻകുന്നം, കൊഴുവനാൽ, എരുമേലി, മേലുകാവുമററം

സ്ഥിരം ഡിപ്പോസിററ്, സേവിംഗ്സ്, കറൻറ്, ഷോട്ട് നോട്ടീസ്, ലിററിൽ ഡിപ്പോസിററ്, കാഷ് സട്ടിഫിക്കേററ്, മുതലായ എല്ലാ ഡിപ്പോസിററുകളെപ്പററിയും വേണ്ടതുപോലെ അറിഞ്ഞ് നിങ്ങൾക്ക് ഏററവും സൗകര്യമുള്ളതും ആദായക്കൂടുതലുള്ളതും ഏതെന്നു നിശ്ചയിച്ചു പ്രവത്തിക്കുക.

# സത്യദീപം

പത്രാധിപന്മാർ
വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി.
വെരി റവ. മോൺ. ജെ. സി പഞ്ഞിക്കാരൻ
എം. എ, പി എച്ച്. ഡി., ഡി ഡി., ഡി. സി. എൽ.
റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

വരിസംഖ്യ കൊല്ലത്തിൽ 6 രൂപ (അഞ്ചലിൽ), 6 രൂപ 8 ണ. (തപാലിൽ)

Vol. 22 ‖ ERNAKULAM, FEBRUARY 2, 1949 ‖ No 24


# കമ്മ്യൂണിസത്തെ നേരിടാൻ സ്വീകരിച്ചുകൂടാത്ത മാർഗ്ഗങ്ങൾ

അമേരിക്കയിലെ സുപ്രസിദ്ധവൈദികവര്യനായ മൊൺസിഞ്ഞോർ ഫൾട്ടൻ ഷീനിന്റെ നാമം വായനക്കാർക്കു പരിചിതമാണല്ലോ. കാലോചിതങ്ങളായ പ്രസംഗങ്ങളാലും ലേഖനങ്ങളാലും, നിയമേനയുള്ള റേഡിയോപ്രഭാഷണങ്ങളാൽ പ്രത്യേകിച്ചും, ഈ വന്ദ്യവൈദികൻ അഖിലലോകപ്രസിദ്ധി സമ്പാദിച്ചുകഴിഞ്ഞിരിക്കുകയാണു്. അദ്ദേഹം പ്രതിപാദിക്കുന്ന വിഷയങ്ങളിൽ കമ്മ്യൂണിസത്തിനു പ്രധാനമായ സ്ഥാനം നൽകപ്പെടുന്നുണ്ടു്. ആ വിഷയത്തിൽ അദ്ദേഹത്തിനുള്ള താത്വികവും പ്രായോഗികവുമായ ജ്ഞാനം അപാരമാകുന്നു. മൂലപ്രമാണങ്ങൾ ഉദ്ധരിച്ചുകൊണ്ടു് കമ്മ്യൂണിസത്തിന്റെ മതപരവും ധാർമ്മികവും രാഷ്ട്രീയവും സാമ്പത്തികവുമായ ദോഷവശങ്ങളെ ഏററവും വിശദമായി ചൂണ്ടിക്കാണിക്കുകയും, അനിഷേധ്യങ്ങളായ ന്യായങ്ങളാൽ അവയെ ഖണ്ഡിക്കുകയും ചെയ്യുന്നതിൽ അദ്ദേഹത്തിന്റെ തൂലികയ്ക്കും അധരങ്ങൾക്കുമുള്ള സാമർത്ഥ്യം അന്യാദൃശം തന്നെ. തന്മൂലം ഉത്തമവിശ്വാസത്തോടുകൂടി കമ്മ്യൂണിസം സ്വീകരിക്കുകയും അതിന്റെ പ്രചാരത്തിനായി സ്വജീവിതം അർപ്പിക്കുകയും ചെയ്തിട്ടുള്ള പണ്ഡിതന്മാരായ പലമഹത്തുക്കളേയും അദ്ദേഹം മാനസാന്തരപ്പെടുത്തി കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചിട്ടുണ്ടു്. അതിലൊരാളാണു് അമേരിക്കയിലെ "ഡെയിലിവർക്കർ" എന്ന കമ്മ്യൂണിസ്റ്റു് ഔദ്യോഗിക പ്രസിദ്ധീകരണത്തിന്റെ മാനേജിംഗു് പത്രാധിപരായിരുന്ന ലൂയിസ് ഫ്രാൻസിസ് ബുഡെൻസ്. തന്റെ മാനസാന്തരകഥ വിവരിച്ചു് എഴുതിപ്രസിദ്ധീകരിച്ചിട്ടുള്ള ഏററവും രസകരമായ ഗ്രന്ഥത്തിൽ ഇദ്ദേഹം സവിശേഷം ഏററുപറഞ്ഞിട്ടുണ്ടു്, തന്റെ കണ്ണുതുറപ്പിച്ചതും കമ്മ്യൂണിസത്തിന്റെ തനിനിറം കാണുവാൻ തനിക്കിടവരുത്തിയതും മൊൺസിഞ്ഞോർഫൾട്ടൻഷീൻ ആണെന്നു്. അവർ തമ്മിൽ കമ്മ്യൂണിസത്തെ വിഷയീകരിച്ചു് നേരിട്ടൊരുവാദപ്രതിവാദംതന്നെ ലേഖനമാർഗ്ഗേണ നടത്തുവാൻ സംഗതിവന്നെന്നും, കമ്മ്യൂണിസത്തെപ്പററി തനിക്കുണ്ടായിരുന്ന ഉത്തമ വിശ്വാസത്തെ അടിച്ചുടയ്ക്കുവാൻ പര്യാപ്തമായ വസ്തുതകൾ രേഖകളും കണക്കുകളും ഉദ്ധരിച്ചുകൊണ്ടു് മൊൺസിഞ്ഞോർ നൽകിയിരുന്നെന്നും, ആ രേഖകളും കണക്കുകളും അവയുടെ മൂലം തേടിപ്പിടിച്ചു പരിശോധിച്ചതിൽ, അവയെല്ലാം അക്ഷരംപ്രതി ശരിയാണെന്നു സമ്മതിക്കുവാൻ താൻ നിർബന്ധിതനായെന്നും മിസ്റ്റർ ബുഡൻസു് ആത്മകഥാകഥനത്തിൽ സമ്മതിച്ചിരിക്കുന്നു. മൊൺസിഞ്ഞോർ ഫൾട്ടൻഷീൻ കമ്മ്യൂണിസത്തെ വിഷയീകരിച്ചു് ഈയിടെ ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ടു്. ("Communism and the Conscience of the West") അതിലൊരദ്ധ്യായം കമ്മ്യൂണിസത്തെ നേരിടേണ്ടതെങ്ങനെയെന്നു വിശദീകരിക്കുന്നതാണു്. അതിന്റെ ആദ്യഭാഗത്തു്, കമ്മ്യൂണിസത്തെ സംബന്ധിച്ചു ചിലർക്കുള്ള ചില തെററിദ്ധാരണകൾ ചൂണ്ടിക്കാണിക്കുകയും കമ്മ്യൂണിസത്തെ നേരിടുവാൻ സ്വീകരിച്ചുകൂടാത്ത മാർഗ്ഗങ്ങളെപ്പററി പ്രതിപാദിക്കുകയും ചെയ്യുന്നു. ഈ ലേഖനത്തിൽ ആ ഭാഗത്തെപ്പററി പ്രസ്താവിക്കാം.

കമ്മ്യൂണിസത്തെ എതിർക്കേണ്ടതെങ്ങനെയെന്നു് ആലോചിക്കുന്ന ഉടനെ മനസ്സിൽ വരുന്നതു് അതിനു സ്വീകരിച്ചുകൂടാത്ത നാലുമാർഗ്ഗങ്ങളാണു്. ഒന്നാമതായി, നിന്ദിച്ചും ചീത്തപറഞ്ഞും വ്യക്തിപരമായി ദ്വേഷിച്ചുമല്ല കമ്മ്യൂണിസത്തെ നേരിടേണ്ടതു്. ദ്വേഷം ഒരു വിത്തുപോലെ മുളയ്ക്കുകയും വളരുകയും ചെയ്യുന്നു. കമ്മ്യൂണിസ്റ്റുകാരെ ദ്വേഷിച്ചാൽ നാം കമ്മ്യൂണിസത്തെ പുരോഗമിപ്പിക്കുകയേയുള്ളു. അഴുക്കിൽ രോഗം വർദ്ധിക്കുന്നതുപോലെയാണു് വിരോധത്തിൽ കമ്മ്യൂണിസം വളരുന്നതു്. 11-ാം പീയൂസു് മാർപ്പാപ്പാ 1940-ലെക്രിസ്മസ് സന്ദേശത്തിൽ അരുളിച്ചെയ്തു, നാം കൈവരിക്കേണ്ട ആദ്യത്തെ വിജയങ്ങളിൽ ഒന്നു് ദ്വേഷത്തിന്റെ മേലുള്ള വിജയമാകുന്നുവെന്നു്; ദ്വേഷമാണു് ഇന്നുരാഷ്ട്രങ്ങളെ ചേരിതിരിക്കുന്നതെന്നു്. കമ്മ്യൂണിസം ഒരു സിദ്ധാന്തസംഹിതയാണു്; ആ നിലയിൽ അതു് ആഭ്യന്തരമായിത്തന്നെ ദുഷ്ടമാകുന്നു. എന്നാൽ കമ്മ്യൂണിസ്റ്റുകാർ ആളുകളാണു്; ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണു്; തന്മൂലം അവർ നമ്മുടെ കാരുണ്യത്തിനും സ്നേഹത്തിനും പാത്രമാകേണ്ടിയിരിക്കുന്നു. എന്നാൽ മാത്രമേ നാം സ്വർഗ്ഗീയപിതാവിന്റെ യോഗ്യരായ മക്കളാണെന്നു നമുക്കു തെളിയിക്കുവാൻ കഴിയുകയുള്ളു. പരിത്രാണകർമ്മം വഴിയായി ദിവ്യരക്ഷകൻ സമ്പാദിച്ചിട്ടുള്ള നിക്ഷേപങ്ങളെ പ്രാപിക്കുവാനുള്ള അസാദ്ധ്യത വഴിപിഴച്ചുപോകുന്ന ഒരാത്മാവിനും ഇല്ലതന്നെ. പാപത്തെ വെറുക്കുവാനുള്ള ഖണ്ഡിതമായകാരണം പാപിയുടെനേരെയുള്ള സ്നേഹമാകുന്നു. ഈ ക്രിസ്തീയനിയമത്തെ കമ്മ്യൂണിസത്തിന്റെ അക്രമങ്ങൾ പോലും റദ്ദാക്കുന്നില്ല; പ്രത്യുത അതു കൂടുതൽ ആവശ്യകമാക്കുന്നതേയുള്ളു.

രണ്ടാമതായി, കമ്മ്യൂണിസത്തെ എതിർക്കേണ്ടതു് അതു കുത്തകസമ്പ്രദായത്തിലുള്ള മുതലാളിവ്യവസ്ഥിതിക്കു പ്രതികൂലമാണെന്നുള്ള ന്യായത്താലല്ല. എന്തുകൊണ്ടെന്നാൽ സാമ്പത്തികമായിമാത്രം വീക്ഷിക്കുന്നപക്ഷം ഈ രണ്ടു വ്യവസ്ഥിതികളിലൊന്നും സ്വീകാര്യമല്ല. കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതിയും ക്യാപ്പിററലിസ്റ്റു് വ്യവസ്ഥിതിയും തമ്മിൽ ദൃഢബന്ധമുണ്ടു്. കാരണം, രണ്ടിന്റേയും ഉത്ഭവം സാമ്പത്തികകാര്യങ്ങൾക്കു പ്രഥമസ്ഥാനം നൽകുന്നതിൽ നിന്നാണു്. രണ്ടും മനുഷ്യനെ സാമ്പത്തികകാര്യങ്ങൾക്കായിമാത്രം ജീവിക്കുന്ന ഒരു മൃഗമാക്കിയിരിക്കുന്നു. സാമ്പത്തികമല്ലാതെ മറെറാരു ജീവിതലക്ഷ്യവും മനുഷ്യനില്ലെന്നാണു് രണ്ടിന്റേയും സങ്കല്പം. കുത്തകസമ്പ്രദായത്തിലുള്ള ക്യാപ്പിററലിസത്തിന്റെ സങ്കല്പത്തിൽ മനുഷ്യന്റെ ജീവിതലക്ഷ്യം ആദായമുണ്ടാക്കുകയാണു്; കമ്മ്യൂണിസത്തിന്റെ സങ്കല്പത്തിലാകട്ടെ, ഉല്പാദനം മുഴുവനും രാഷ്ട്രസാൽക്കരിക്കുകയാണു്. രണ്ടും ദൈവത്തിന്റെ പരമാധികാരത്തെ നിഷേധിക്കുന്നു; കുത്തകസമ്പ്രദായത്തിലുള്ള ക്യാപ്പിററലിസത്തിന്റെ നിഷേധം വ്യക്തിക്കു് അവന്റെ സ്വത്തുക്കളിൽ നിരുപാധികമായ ഉടമസ്ഥാവകാശം നൽകിക്കൊണ്ടുള്ളതാണു്; കമ്മ്യൂണിസത്തിന്റെ നിഷേധമാകട്ടെ, സമുദായത്തിലെ സകല സ്വത്തുക്കളിലും അവയെ പിടിച്ചടക്കുന്ന ഉദ്യോഗസ്ഥദുഷ്പ്രഭുക്കൾക്കു് നിരുപാധികമായ ഉടമസ്ഥാവകാശം നൽകിക്കൊണ്ടാണു്.

മൂന്നാമതായി, സാമ്പത്തികമായ സ്ഥിതിഗതികൾ നന്നാകുന്നപക്ഷം കമ്മ്യൂണിസം ദൂരീകരിക്കപ്പെടുമെന്നുള്ള അബദ്ധമായ സങ്കല്പത്താലും കമ്മ്യൂണിസത്തെ പൂർണ്ണമായി നേരിടാവുന്നതല്ല. കമ്മ്യൂണിസം ഒരു സാമ്പത്തികസിദ്ധാന്തം മാത്രമല്ല; അതു് ഒരു ജീവിതസിദ്ധാന്തംകൂടിയാണു്. ഏദൻ തോട്ടത്തിൽ സ്ഥിതിഗതികൾ വളരെ നല്ലതായിരുന്നല്ലോ. എങ്കിലും ലൂസിഫർ അവന്റെ വിപ്ലവം അവിടെ ആരംഭിച്ചു. മോശമായ സാമ്പത്തികസാഹചര്യങ്ങൾ ഒരിക്കലും കമ്മ്യൂണിസത്തിന്റെ ഹേതു (Cause) വായിരിക്കുന്നില്ല. പ്രത്യുത അനുകൂലമായ ഉപാധി (Condition) മാത്രമേ ആകുന്നുള്ളു. തൊഴിലാളികളെ സംഘടിപ്പിച്ചു മുതലാളികളോടു വിലപേശിയാൽ ദൈവരാജ്യം വരുത്താമെന്നും, അങ്ങനെ കമ്മ്യൂണിസ്റ്റു് ഭീഷണിയെ ഒഴിച്ചു നിർത്താമെന്നും ഒരു ക്രിസ്ത്യാനിക്കും മോഹംവേണ്ട. അതു വെറും വ്യാമോഹംതന്നെയായിരിക്കും. മുതലാളിയേയും തൊഴിലാളിയേയും തമ്മിൽ രഞ്ജിപ്പിക്കുവാനും തത്ഫലമായുള്ള ഇരുകൂട്ടരുടേയും സഹകരണത്താൽ സമാധാനവും ഐശ്വര്യവും കൈവരുത്തുവാനുമുള്ള ഏതൊരു ശ്രമവും കമ്മ്യൂണിസത്തെ ഒററിക്കൊടുക്കുന്ന ദ്രോഹമാണെന്നാണു് മാർക്സിസത്തിന്റെ മൗലികമായ തത്വം.

നാലാമതായി, കമ്മ്യൂണിസ്റ്റുകാരുടെമേൽ ശിക്ഷാവിധി നടത്തുവാൻ ദൈവത്തിന്റെ ഏജൻറന്മാരായിരിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുകയാണെന്നു നാം വിചാരിക്കരുതു്. പ്രത്യുത, ലോകം മുഴുവനും പാപമദ്ധ്യത്തിൽ ഇരിപ്പുറപ്പിച്ചിരിക്കുന്നുവെന്നു വേണം നാം വിചാരിക്കുവാൻ. ഏതെങ്കിലും രോഗാണു ശരീരത്തിൽ കയറിപ്പററി ദുഷിപ്പുണ്ടാക്കുമ്പോൾ അതു സാധാരണമായി ഒരു പ്രത്യേക സ്ഥാനത്തു് ഇരിപ്പുറപ്പിക്കുന്നില്ല. അക്കാരണത്താൽ ഒരു പ്രത്യേക സ്ഥാനത്തു് ശസ്ത്രക്രിയ നടത്തി കുറെ രക്തം എടുത്തു കളഞ്ഞാൽ ദുഷിപ്പുമാറുന്നതുമല്ല. രോഗാണുക്കൾ ശരീരത്തിലാകെ വ്യാപിച്ചായിരിക്കും കിടക്കുന്നതു്. തന്മൂലം ശരീരത്തെയാകമാനം ചികിത്സിച്ചു രക്ഷിക്കേണ്ടിവരും. ഇതുപോലെ തിന്മ ലോകമാസകലം വ്യാപിച്ചു കിടക്കുകയാണു്. കമ്മ്യൂണിസം അതിന്റെ പ്രധാന അടയാളങ്ങളിൽ ഒന്നുമാത്രം. ക്രിസ്തീയ വീക്ഷണകോണമനുസരിച്ചു് അപരാധവ്യാപകമായ ലോകത്തിന്റെ ഒരംശമായിവേണം നാം നമ്മെത്തന്നെ ഗണിക്കുവാൻ. വാസ്തവത്തിൽ നാം എത്രയധികം നിരപരാധികളാണോ അത്രയധികം അപരാധബോധം നമുക്കുണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ അപ്പോളാണു് നമ്മുടെ സമസൃഷ്ടികളോടുള്ള നമ്മുടെ ഐക്യത്തെപ്പററി നമുക്കു കൂടുതലായ ബോധമുണ്ടാകുന്നതു്. നമ്മുടെ കർത്താവു് നിരപരാധിയായിരുന്നല്ലോ. എന്നുവരികിലും ലോകത്തിന്റെ പാപങ്ങളെ അവിടുന്നു സ്വയം ഏറെറടുത്തു. പരസ്പരമുള്ള ഭാരങ്ങളെ നാം പരസ്പരം ഏറെറടുക്കണമെന്നാണല്ലോ വേദപുസ്തകം ഉദ്ബോധിപ്പിക്കുന്നതു്. മനുഷ്യവർഗ്ഗമാകുന്ന വൃത്തത്തിന്റെ ഏതെങ്കിലും ഒരു പോയിൻറിൽ നാം സ്പർശിക്കുമ്പോൾ നാം മനുഷ്യവർഗ്ഗത്തെത്തന്നെ സ്പർശിക്കുകയാണെന്നു ബോധമുണ്ടായെങ്കിൽ മാത്രമല്ലേ ഈ ഉദ്ബോധനം നിർവഹിക്കുവാൻ നമുക്കു സാധിക്കുകയുള്ളു. ഭൗതികമാത്രമായ നമ്മുടെ നാഗരികതയുടെ തിന്മകൾക്കെതിരായി പ്രതിഷേധിക്കുക മാത്രമല്ല നമ്മുടെ കർത്തവ്യം; അതിന്റെ സങ്കല്പങ്ങളെ വെല്ലുവിളിക്കുകമാത്രവുമല്ല; അതിന്റെ കാഠിന്യങ്ങളെ കുറയ്ക്കുകയുമല്ല; പ്രത്യുത അപരാധവ്യാപകമായ ലോകത്തിലെ പൗരന്മാരായി നാം നമ്മെത്തന്നെ ഒരുവിധത്തിൽ വീക്ഷിക്കുകയാണു് നമ്മുടെ കർത്തവ്യം. അപരാധങ്ങൾക്കു വ്യക്തിപരമെന്നപോലെ സാമുദായികവുമായ ഒരു വശവുമുണ്ടു്. കാരണം, മനുഷ്യൻ സമുദായബന്ധത്തോടുകൂടി ജീവിക്കുവാനായിട്ടാണു് നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. ആധുനികകാലത്തിലെ പ്രതിസന്ധിഘട്ടത്തിനുള്ള കാരണങ്ങളിൽ അധികവും നാം നമ്മുടെ ക്രിസ്തീയകർത്തവ്യങ്ങൾ നിർവഹിക്കാത്തതാണു്. ഈ വസ്തുതയുടെ അംഗീകരണമാണു് ഏററവും രക്ഷാകരമായിരിക്കുന്ന ബോധം.

## ശ്രദ്ധേയമായ ഉദ്ബോധനങ്ങൾ

കമ്മ്യൂണിസത്തെ നേരിടുവാനായി സകല ശ്രമങ്ങളും ചെയ്യേണ്ടിയിരിക്കുന്ന ഈ സന്ദർഭത്തിൽ അതിന്റെ ശരിയായ സ്വഭാവം നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ള മൊൺസിഞ്ഞോർ ഫൾട്ടൻ ഷീനിന്റെ മേലുദ്ധരിച്ച ഉദ്ബോധനങ്ങൾ നാം ശ്രദ്ധിക്കേണ്ടതല്ലയോ? നാം കമ്മ്യൂണിസത്തെ വെറുക്കുമ്പോൾ അതിന്റെ വലയിൽ കുടുങ്ങുവാൻ നിർഭാഗ്യമുണ്ടായ നമ്മുടെ സഹോദരനെ നാം വെറുക്കരുതു്. നേരെമറിച്ചു് ആ നിർഭാഗ്യം നിമിത്തം അയാളെ നാം കൂടുതലായി സ്നേഹിക്കുകയും കഴിവുള്ള കാരുണ്യം പ്രദർശിപ്പിച്ചു് അയാളെ അതിന്റെ പിടിയിൽനിന്നും രക്ഷിക്കുകയുമാണു് വേണ്ടതു്. കമ്മ്യൂണിസത്തെ നാം വെറുക്കുന്നതു് നിലവിലിരിക്കുന്ന ദുഷിച്ച മുതലാളിത്തസമ്പ്രദായത്തോടു് അതിനുള്ള എതിർപ്പുമൂലമായിരിക്കരുതു്. മുതലാളിത്തം ദുഷിച്ചിരിക്കുന്നതു സ്വകാര്യസ്വത്തുടമയുടെ അവകാശത്തെ മുറുകെപ്പിടിക്കുന്നതിലല്ല; പ്രത്യുത ആ അവകാശത്തെ ദുർവിനിയോഗം ചെയ്യുന്നതിലാണു്. അവകാശത്തിന്റെ കാര്യത്തിൽ കമ്മ്യൂണിസത്തിന്റെ വാദം അബദ്ധംതന്നെ. എന്നാൽ ദുർവിനിയോഗത്തിന്റെ കാര്യത്തിൽ കമ്മ്യൂണിസത്തിന്റെ ആക്ഷേപം പലപ്പോഴും സമ്മതിക്കാതെയിരിക്കുവാൻ നിവൃത്തിയില്ല. സമ്മതിച്ചുകൊടുക്കുക മാത്രമല്ല ആ വിഷയത്തിൽ നമ്മളും ഏറക്കുറെ അപരാധികളാണെന്നുള്ള ബോധം നമുക്കുണ്ടായിരിക്കുകയും വേണം. സ്വകാര്യസ്വത്തുടമയുടെ ദുർവിനിയോഗത്തിനു കാരണം ജീവിതത്തിന്റെ ശരിയായ ലക്ഷ്യത്തെ പ്രയോഗത്തിൽ നാം പലപ്പോഴും വിസ്മരിക്കുന്നതാണു്. ധനവും സുഖവും മാനവും ജീവിതത്തിന്റെ ലക്ഷ്യമായി പരിഗണിക്കാതെ, പരലോകജീവിതത്തിലേക്കുള്ള ഒരുക്കമായി ഈ ജീവിതത്തെ നാം സാക്ഷീകരിച്ചാൽമാത്രമേ സ്വകാര്യസ്വത്തുടമയെ ദുർവിനിയോഗിക്കാതിരിക്കുവാൻ സാധിക്കുകയുള്ളു.

## പ്രസാധകക്കുറിപ്പുകൾ

### നിരീശ്വരത്വത്തിനെതിരായ സമരം

ജപാപ്പസ്തോലസഖ്യാംഗങ്ങളുടെ ഫെബ്രുവരിമാസത്തിലേക്കുള്ള പ്രാർത്ഥനാവിഷയമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു് "ആധുനികനിരീശ്വരത്വത്തിനെതിരായ സമരത്തിന്റെ വിജയ"മാണു്. "ആധുനികനിരീശ്വരത്വം" എന്ന പദപ്രയോഗത്താൽ നിരീശ്വരപരമായ കമ്മ്യൂണിസമാണു് പ്രധാനമായി വിവക്ഷിക്കപ്പെടുന്നതു്. പ്രസ്തുത സിദ്ധാന്തത്തിനെതിരായി 1937-ൽ പരിശുദ്ധപിതാവു് 11-ാം പീയൂസു് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് "ദിവീനി റെദംപ്തോരിസ്" എന്ന ചാക്രികലേഖനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിൽ പരിശുദ്ധ പിതാവു് കമ്മ്യൂണിസം നാസ്തികത്വത്തിലും ഭൗതികവാദത്തിലും അധിഷ്ഠിതമാണെന്നു് ചൂണ്ടിക്കാണിച്ചിരിക്കുന്നു. പക്ഷെ കമ്മ്യൂണിസം നിരീശ്വരപരമല്ലെന്നു പറഞ്ഞു പരത്തുന്ന പലരുമുണ്ടു് ഇക്കാലത്തു്. ഏതാദൃശമായ പ്രസ്താവനകൾ ചെയ്യുന്നതിനുള്ള കാരണം ഒന്നുകിൽ ആത്മാർത്ഥതയുടെ അഭാവം അല്ലെങ്കിൽ അജ്ഞത എന്നേ പറയേണ്ടു. 20 കൊല്ലം ഒരു കമ്മ്യൂണിസ്റ്റു് പ്രവർത്തകനായിരുന്ന ശേഷം കഴിഞ്ഞകൊല്ലം കത്തോലിക്കാസഭയിൽ പ്രവേശിച്ച ഡഗ്ലസ് എ. ഹൈഡ് എഴുതിയിട്ടുള്ള Communism from Inside എന്ന ലഘുഗ്രന്ഥത്തിൽ, പല കമ്മ്യൂണിസ്റ്റു് നേതാക്കളുടേയും പ്രസ്താവങ്ങളുദ്ധരിച്ചു് കമ്മ്യൂണിസത്തിന്റെ നിരീശ്വരസ്വഭാവത്തെ അതിന്റെ ഭീകരമായ നഗ്നതയിൽ അനുവാചകരുടെ ദൃഷ്ടികൾക്കു വിഷയീഭവിപ്പിച്ചിരിക്കുന്നുവെന്ന സംഗതി ഇത്തരുണത്തിൽ പ്രസ്താവ്യമാണു്. (ടി ഗ്രന്ഥം, പോസ്റ്റേജ് ഉൾപ്പെടെ 4 ണ. തപാൽ സ്റ്റാമ്പോ കൊച്ചി അഞ്ചൽസ്റ്റാമ്പോ ആയി അയച്ചുതരുന്നവർക്കു് ഞങ്ങൾ

അയച്ചുകൊടുക്കാം.) ഈദൃശങ്ങളായ വസ്തുതകളുടെ വെളിച്ചത്തിൽ, കമ്മ്യൂണിസത്തിൻെറ തനിനിറം ദർശിക്കുവാൻ പ്രയാസമില്ലല്ലോ. ആകയാൽ തല്പരകക്ഷികളുടെ അവാസ്തവപ്രസ്താവങ്ങളാൽ വഞ്ചിക്കപ്പെടാതിരിപ്പാൻ നാം സദാ ജാഗരൂകരായിരിക്കണം. അതോടൊപ്പം, പ്രാൎത്ഥനയും പ്രായശ്ചിത്തവുമാകുന്ന ഉപാധികൾ ഉപയോഗിച്ച് പ്രസ്തുത നിരീശ്വരപ്രസ്ഥാനത്തിൻെറ അടിയൊഴുക്കിനെ തടയുന്നതിനു് നാം ഉദ്യുക്തരാകയും ചെയ്യണം. "പ്രാൎത്ഥനയും പ്രായശ്ചിത്തവും വഴിയായിട്ടല്ലാതെ ഇത്തരം (ദുഷ്ടാരൂപി) ബഹിഷ്കരിക്കപ്പെടുകയില്ല" (മത്തായി 17,20) എന്നുള്ള ദിവ്യരക്ഷകൻെറ ഉൽബോധനം പ്രത്യേകം സ്മരണീയമായിരിക്കുന്നു.

## ക്രിസ്ത്യാനികളിൽ അവശരില്ലെന്നോ?

"ക്രിസ്തുമതം സ്വീകരിക്കുന്നതോടെ ഒരുവൻെറ സകല പാപങ്ങളും അവശതകളും നീങ്ങിക്കഴിഞ്ഞിരിക്കുന്നു എന്നാണല്ലോ സുവിശേഷം പ്രതിപാദിക്കുന്നതു്" എന്നതാണു് ഒരു സഹജീവി ക്രിസ്ത്യാനികൾക്കു് അവശസമുദായക്കാൎക്കുള്ള ഫീസ് സൗജന്യത്തിനു അവകാശമില്ലെന്നു സ്ഥാപിക്കാൻവേണ്ടി കണ്ടുപിടിച്ചിരിക്കുന്ന ന്യായം. എതിർന്യായങ്ങളുടെ പ്രവാഹത്തിൽപ്പെട്ടു് മുങ്ങിപ്പോകുമെന്ന സ്ഥിതിയിലാകുമ്പോൾ ഇത്തരം വയ്ക്കോലിഴകളിൽ കയറിപ്പിടിക്കുക സാധാരണമാണല്ലോ. അധഃകൃതസമുദായത്തിൽപ്പെട്ട ഒരു അക്രൈസ്തവൻ ജ്ഞാനസ്നാനം സ്വീകരിച്ചാൽ പിന്നെ അയാൾക്കു ഭക്ഷണം കഴിക്കേണ്ടിവരികയില്ലെന്നോ, വസ്ത്രം ധരിക്കേണ്ടിവരികയില്ലെന്നോ, അയാളുടെ മക്കളെ വിദ്യ അഭ്യസിപ്പിക്കേണ്ടിവരികയില്ലെന്നോ മറേറാ ആണോ ലേഖകൻ വിവക്ഷിക്കുന്നതു്? ജ്ഞാനസ്നാനംവഴി പാപമോചനം ലഭ്യമാകുന്നു എന്ന സുവിശേഷസത്യത്തിൽ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നുണ്ടു്. പക്ഷെ ആ കാരണത്താൽ അയാളുടെ ശാരീരികവും ഭൗതികവും സാമുദായികവുമായ അവശതകളെല്ലാം പരിഹരിക്കപ്പെടുന്നുവെന്നു് പറയുവാൻമാത്രം ചിന്താശൂന്യത ആൎക്കാണുള്ളതു്? സുവിശേഷത്തിൽ എവിടെയാണു് അങ്ങനെ പറഞ്ഞിരിക്കുന്നതു് എന്നു അറിഞ്ഞാൽകൊള്ളാം. ഇൻഡ്യ ഒരു മതേതരരാഷ്ട്രം (സെക്യുലർസ്റ്റേററ്) ആയിരിക്കുമെന്നു് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്കു്, അധഃകൃതസമുദായത്തിൽപ്പെട്ട ഒരു വ്യക്തി സ്വമനസ്സാക്ഷിയുടെ പ്രചോദനമനുസരിച്ചു മതം മാറാൻ ഇടവരുന്നു എന്ന കാരണത്താൽ അയാൾ ന്യായമായി അർഹിക്കുന്ന രാഷ്ട്രീയാനുകൂല്യങ്ങൾ ലഭിക്കയില്ലെന്നുവന്നാൽ അതെങ്ങനെ നീതീകരിക്കാൻ സാധിക്കും? ഒരാൾ ഒരു പ്രത്യേകമതമനുഷ്ഠിക്കുന്നുവെന്ന കാരണത്താൽ അയാളുടെ അർഹതകളും അവകാശങ്ങളും അവഗണിക്കപ്പെടുകയില്ല—സെക്യുലർ രാഷ്ട്രമെന്നു പറയുമ്പോൾ ഇതാണു നാം അൎത്ഥമാക്കുന്നതു്—എന്ന വാഗ്ദാനത്തിനു പിന്നെ എന്തു വിലയാണുള്ളതു്? ഒരാൾ മതം മാറി എന്ന കാരണത്താൽ അയാൾക്കു് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാതിരിപ്പാൻ ഇടവരുന്നെങ്കിൽ അതു് അയാൾ ആദ്യം ഉൾപ്പെട്ടിരുന്ന മതത്തിനു നൽകുന്ന പരോക്ഷമായ ഒരു പ്രോത്സാഹനംകൂടി ആയിരിക്കും. അതു ഒരു മതേതരരാഷ്ട്രത്തിൻെറ സ്വഭാവത്തിനു യോജിച്ചതായിരിക്കയില്ല.

## അടുത്തആഴ്ചയിൽ

ഫെബ്രുവരി

6 ഞാ: ദെനഹ 5-ാം ഞാ.
7 തി: റോമുവാൾദോസ്
8 ചൊ: മാത്തായിലെ യോഹന്നാൻ
9 ബു: അപ്പളോണിയാ
10 വ്യാ: സ്കോളാസ്തിക്കാ
11 വെ: എ. ഭാ. ക. മറിയത്തിൻെറ ലൂർദ്ദിലെ പ്രത്യക്ഷം
12 ശ: ദ്യോനീസിയോസ്

## തിരുവല്ല

തിരുവല്ലാ സെൻറു് ജോൺസു് കത്തീഡ്റലിൽവച്ചു് ജാനുവരി 18-ാം തീയതി മുതൽ 25-ാം തീയതി വരെ ഇക്കൊല്ലത്തെ അഷ്ടദിനപ്രാൎത്ഥനാമഹം പൂൎവ്വാധികം ഭംഗിയായി നി. വ. ദി. ശ്രീ ജോസഫ് മാർ സേവേരിയോസു് മെത്രാപ്പോലീത്താ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. സെൻറ് ഫ്റാൻസിസ്സൻ സഭാംഗമായ മി. പീററർ റെസ്റ്റി എം. എ. ഇക്കൊല്ലത്തെ പ്രാസംഗികന്മാരിൽ പ്രധാനൻ ആയിരുന്നു. എല്ലാദിവസവും വൈകിട്ടു് ആറുമണി മുതൽ എട്ടുമണിവരെ നടന്ന യോഗങ്ങളിൽ മി. റെസ്റ്റിയുടെ പ്രസംഗങ്ങൾക്കു് കൂടാതെ സെൻറ് ബൎക്കുമാൻസു് കോളെജ് പ്രിൻസിപ്പാൾ റവ. ഫാദർ വില്യം, എം. എ., എൽ. ററി., വെരി റവ. കോർ എപ്പിസ്കോപ്പാ സൈമൺഡി കരോട്ടു്, റവ. ഫാദർ ഫ്ളോറിൻ, റവ. ഫാദർ തോമ്മസു് ഇഞ്ചക്കലോടി, റവ. ഫാദർ യൗനാൻ, റവ. ഫാദർ ഗീവറുഗീസു് നടുവിലേടത്തു് എന്നീ വൈദികരുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു. 21-ാം തീയതി വെള്ളിയാഴ്ച മുതൽ ആരംഭിച്ച നാല്പതുമണി ആരാധന 23-ാം തീയതി ഞായറാഴ്ച വൈകിട്ടു് അവസാനിച്ചു. വന്ദ്യ അദ്ധ്യക്ഷൻ തിരുമനസ്സുകൊണ്ടു സന്ദർഭാനുസരണം ആദ്ധ്യാത്മിക പ്രബോധനം നൽകിക്കൊണ്ടിരുന്നതു യോഗങ്ങളുടെയും മററും വിജയത്തിനു പ്രത്യേക സഹായമായിരുന്നു. പുനരൈക്യപ്രസ്ഥാനം സംബന്ധമായ സംഗതികളിൽ വളരെ പ്രാധാന്യം അർഹിക്കുന്ന അഷ്ടദിനപ്രാൎത്ഥനാവാരത്തിൻെറ ഈ പ്രാവശ്യത്തെ ചെലവുകളിൽ സിംഹഭാഗം വഹിച്ചതു ഡോക്ടർ കെ. ററി. കുര്യൻ, ആർ. എം. ഒ. അവർകളാണെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

## നോട്ടീസ്

സത്യദീപത്തിനു താഴെ പറയുന്ന സ്ഥലങ്ങളിൽ ഏജൻറുമാരെ ആവശ്യമുണ്ടു്. ഉടനെ ആവശ്യപ്പെടുക:—

വയലാർ
കോതാടു
പുത്തൻവേലിക്കര
മററൂർ
മററക്കര
പൂഞ്ഞാർ
കടയിനിക്കാട്ടു്
അരുവിക്കുഴി, പാമ്പാടി

എന്നു മാനേജർ

## ചോദ്യോത്തരപംക്തി

**ചോ:** ആംഗ്ലിക്കൻസഭ ഉത്ഭവിച്ചതു് എങ്ങനെ എന്നു പറയാമോ?

**ഉ:** പറയാം. 1534 വരെ ഇംഗ്ലണ്ടിലെ ഹെൻട്രി എട്ടാമൻ രാജാവു് മാർപ്പാപ്പായെ അനുസരിച്ചും സ്വീകരിച്ചും ജീവിച്ചുവന്നു. അതുവരെ ഇംഗ്ലീഷുകാർ മുഴുവനും കത്തോലിക്കരുമായിരുന്നു. ലൂതർ ജർമ്മനിയിൽവച്ചു് മാർപ്പാപ്പായോടു് 1517-ൽ എതിർത്തപ്പോൾ അദ്ദേഹത്തിൻെറ വാദങ്ങളെ ഖണ്ഡിച്ചു് ഹെൻട്രി എട്ടാമൻ രാജാവു് ഒരു പുസ്തകം എഴുതുകയും മാർപ്പാപ്പാ അതിൽ സന്തുഷ്ടചിത്തനായി വിശ്വാസസംരക്ഷകൻ "ഡിഫൻറർ ഓഫ് ഫെയ്ത്തു്" എന്നൊരു സ്ഥാനപ്പേരു് അദ്ദേഹത്തിനു കല്പിച്ചുകൊടുക്കുകയും ഉണ്ടായി. ഇന്നും ഇംഗ്ലീഷുകാരുടെ പവനിൽ നാം കാണുന്ന D. F. എന്ന രണ്ടക്ഷരം അതിനെ സൂചിപ്പിക്കുന്നതാണു്. എന്നാൽ നിർഭാഗ്യവശാൽ സഹധർമ്മിണിയായ ആരഗോണിലെ കാതറൈൻ എന്ന വനിതയെ ഉപേക്ഷിക്കണമെന്നും ആനിബൊളിൻ എന്നൊരു വനിതയെ സഹധർമ്മിണിയായി പരിഗ്രഹിക്കണമെന്നും അദ്ദേഹത്തിനു മോഹം തോന്നി. അതിലേക്കു് മാർപ്പാപ്പായുടെ അനുവാദത്തിനപേക്ഷിച്ചു. ഇതു നിയമവിരുദ്ധമായിരുന്നതിനാൽ മാർപ്പാപ്പാ അനുവദിച്ചില്ല. ഇതിൽ കുപിതനായ ഹെൻട്രി എട്ടാമൻ രാജാവു് മാർപ്പാപ്പായുമായുള്ള ബന്ധത്തിൽനിന്നും ഇംഗ്ലണ്ടിനെ വേർതിരിക്കുകയും 1534-ൽ ഉണ്ടാക്കിയ ഒരു ആക്ടിൻപ്രകാരം ഇംഗ്ലണ്ടിലെ സഭയുടെ തലവൻ രാജാവുതന്നെയാണെന്നു് പ്രഖ്യാപിക്കയും ചെയ്തു. ഇങ്ങനെ അദ്ദേഹം ആംഗ്ലിക്കൻ സഭയെ റോമ്മാ


## അറിയേണ്ടും കാൎയ്യങ്ങൾ

ക്ഷയം, ഏങ്ങൽ, മൂലക്കുരു, ഗ്യാസ്ട്രബ്ൾ തുടങ്ങിയ രോഗവിവരങ്ങളും ശമനമാൎഗ്ഗങ്ങളും അടങ്ങിയ ബുക്കു് സൗജന്യം. ആവശ്യപ്പെടുക.

കാളത്തു് പാവുണ്ണി ഔസേപ്പ് വൈദ്യൻ,

**കാളൻ ആയുർവ്വേദിക്ക് ഫാർമസി**

P. O. നെല്ലായി. (കൊച്ചിൻസ്റ്റേററ്)


ബന്ധത്തിൽ നിന്നും വേർതിരിക്കുകയും തൻെറ ഉദ്ദിഷ്ടംപോലെ ആനിബൊളിനെ വിവാഹം കഴിക്കുകയുംചെയ്തു. എങ്കിലും അദ്ദേഹം ലൂതറിൻെറ പ്രോട്ടസ്റ്റൻറു് ഉപദേശത്തിനെതിരായി നിന്നു. ആംഗ്ലിക്കൻ സഭയുടെ മേൽ രാജാവു് സ്വീകരിച്ച അധികാരത്തോടെതിൎത്തവരേയും ലൂതറിൻെറ ഉപദേശപ്രകാരം വിശുദ്ധകുർബാനയേയും അതിൻെറ വസ്തുഭേദത്തേയും ധിക്കരിച്ചവരേയും അദ്ദേഹം പീഡിപ്പിച്ചു. എന്നാൽ അദ്ദേഹത്തിൻെറ കാലശേഷം കത്തോലിക്കസഭയോടും പ്രോട്ടസ്റ്റൻറുകാരോടും ചേരാതെ അധികനാൾ നില്ക്കുവാൻ ഇംഗ്ലണ്ടിനു കഴിഞ്ഞില്ല. എഡ്വേർഡു് ആറാമനാണു് പിന്നീടു് രാജാവായതു്. അദ്ദേഹം ഒരു കുട്ടിയായിരുന്നു. ക്രാൻമർ എന്നയാൾ ഇംഗ്ലീഷുകാരുടെ വിശ്വാസത്തേയും ആരാധനയേയും പ്രോട്ടസ്റ്റൻറുകാരുടേതുപോലെയാക്കി. അതു പൂൎത്തിയാകുന്നതിനുമുമ്പെ എഡ്വേർഡ് ആറാമൻ രാജാവു് നാടുനീങ്ങി. മേരിരാജ്ഞിയാണു് പിന്നീടു സിംഹാസനാരൂഢയായതു്. അവർ തീക്ഷ്ണതയുള്ള ഒരു കത്തോലിക്കാരാജ്ഞിയായിരുന്നു. അവർ ഹെൻട്രിയുടെ നിയമത്തെയും ക്രാൻമറിൻെറ പരിഷ്കാരങ്ങളെയും ഉന്മൂലനംചെയ്തു. ഇംഗ്ലണ്ടിനെ വീണ്ടും കത്തോലിക്കാസഭയിലേക്കുകൊണ്ടുവന്നു. അങ്ങനെ ഇംഗ്ലണ്ടിൻെറ ആദ്യത്തെ എതിർപ്പ് 1554-ൽ അവസാനിച്ചു.

മേരിരാജ്ഞി 1558-ൽ നാടുനീങ്ങി. 1559-ൽ എലിസബെത്തു് രാജ്ഞി സിംഹാസനാരൂഢയായി. ആ രാജ്ഞി സഭയുടെമേൽ ഹെൻട്രി രാജാവു് സ്ഥാപിച്ച അധികാരം തനിക്കും ഉണ്ടെന്നു് പ്രഖ്യാപിക്കുകയും ഇംഗ്ലണ്ടിലെ സഭയെ മാർപ്പാപ്പായുടെ അധീകാരത്തിൽനിന്നും പിന്നെയും വേർപെടുത്തുകയും പ്രോട്ടസ്റ്റൻറുകാരുടെ പ്രമാണം അനുസരിച്ചു് അതിനെ നവീകരിക്കുകയും ചെയ്തു. അന്നുമുതൽ ഇന്നുവരെ ഇംഗ്ലണ്ടിലെ സഭ പ്രോട്ടസ്റ്റൻറായി സ്ഥിതിചെയ്യുന്നു.

**ചോ:** ആംഗ്ലിക്കൻ ചർച്ചിനു് ഏഴു കൂദാശകളും ഉണ്ടോ?

**ഉ:** ചില ആംഗ്ലിക്കൻസ് അതായതു് എപ്പിസ്കോപ്പേലിയൻസ് ഏഴുകൂദാശകളേയും ആദരിക്കുന്നു എന്നാൽ ചിലർ രണ്ടേ സ്വീകരിക്കുന്നുള്ളു. മററുചിലർ ഒന്നും സ്വീകരിക്കുന്നില്ല. ചിലർ വിശുദ്ധകുർബാനയിലുള്ള കർത്താവിൻെറ സാന്നിദ്ധ്യം നിഷേധിക്കുന്നു. (സ. കാ.)

## പുസ്തകാഭിപ്രായം

ANALYTICAL
HISTORY OF ROME
By C. J. Varkey K. S. G. M. A.
(Thevara P. O.) V Edition
Rs 2-8-

ഷെവലിയർ സി. ജെ. വർക്കി എം. എ. ഇംഗ്ലീഷിൽ രചിച്ചിട്ടുള്ള റോമാചരിത്രത്തിൻെറ അഞ്ചാം പതിപ്പാണു നിരൂപണവിഷയമായ ഗ്രന്ഥം. ഇക്കാലത്തെ വിദ്യാൎത്ഥികളുടെ സ്ഥിതിയും ആവശ്യങ്ങളും നല്ലപോലെ മനസ്സിലാക്കീട്ടുള്ള ഒരദ്ധ്യാപകനാണു് മി. വർക്കിയെന്നു എല്ലാവർക്കും അറിവുള്ളതാണല്ലോ. വിദ്യാഭ്യാസവിഷയത്തിൽ ഗ്രന്ഥകാരനുള്ള പരിചയസമ്പത്തിനെ ആധാരമാക്കി കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുള്ള ഒരു പതിപ്പാണു് ഇപ്പോൾ പുറത്തുവന്നിരിക്കുന്നതു്. മി. വർക്കി രചിച്ചിട്ടുള്ള ചരിത്രഗ്രന്ഥങ്ങൾ വിദ്യാൎത്ഥിലോകത്തിനു വളരെ ഗുണം ചെയ്തിട്ടുണ്ടെന്നുള്ള സംഗതി പൂൎവ്വവിദ്യാൎത്ഥികൾ കൃതജ്ഞതാപൂൎവ്വം സ്മരിക്കുന്നുണ്ടു്.

മി. വർക്കിയുടെ മററു ചരിത്രഗ്രന്ഥങ്ങളെപ്പോലെ നിരൂപണവിഷയമായ ഗ്രന്ഥത്തിനും രണ്ടു വിശേഷതകളുണ്ടു്. ഒന്നാമതായി, ക്ലാസിലെ അനുദിനോപയോഗത്തിനു പററുന്ന ഒരു ടെക്സ്റ്റ് ബുക്കാണിതു്. രണ്ടാമതായി, പരീക്ഷക്കു തയ്യാറാകുന്നതിനും ഇതു ഏററവും ഉപകരിക്കുന്നതാണു്. പരീക്ഷക്കുള്ള 90 ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും ഈ പുസ്തകത്തിലുണ്ടു്. നിഷ്പ്രയാസം കാൎയ്യങ്ങൾ ഗ്രഹിക്കുന്നതിനും ഓൎമ്മയിൽ നിൎത്തുന്നതിനും ഉതകുന്ന വിധത്തിലാണു ഓരോ അദ്ധ്യായത്തിലേയും വിഷയങ്ങൾ ക്രമീകരിച്ചിട്ടുള്ളതു്. റോമാചരിത്രം പഠിക്കുന്ന എല്ലാ വിദ്യാൎത്ഥികളും ഇതിനെ പാഠപുസ്തകമായി സ്വീകരിച്ചാൽ വിജയം സുനിശ്ചിതമാണെന്നു പ്രസിദ്ധ പ്രഫസ്സർ കാണ്ടത്തു മുഖവുരയിൽ പറയുന്നതു പരമാൎത്ഥം മാത്രമാണെന്നുള്ളതിനു പലരുടേയും അനുഭവം സാക്ഷ്യം വഹിക്കുന്നുണ്ടു്. ഈ പതിപ്പു നല്ല കടലാസിൽ മുദ്രണംചെയ്തിട്ടുള്ളതാണെന്നും പുസ്തകത്തിൻെറ കെട്ടും മട്ടും ആകർഷകമായിരിക്കുന്നുവെന്നും കൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

## അനുദിനചിന്തകൾ

വി. കുരിശിൻെറ യോഹന്നാൻ

(P. P.)

ഫെബ്രുവരി

1 വിശ്വാസം ആത്മാവിൻെറ ഏററം വലിയ സംരക്ഷികയാകുന്നു.

2 വിശ്വാസംവഴി പരിശുദ്ധാരൂപി ആത്മാവിനു് വെളിച്ചം നൽകുന്നു.

3 വിശ്വാസത്തിൻെറ ദൃഢത അനുസരിച്ചു് സ്നേഹം വർദ്ധിക്കുന്നു.

4 പുതിയ വെളിപാടും ദർശനങ്ങളും ആഗ്രഹിക്കുന്നവർ ദൈവത്തെ അനിഷ്ടപ്പെടുത്തുന്നു.

5 പുതിയ സത്യങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നവർ സ്വനയനങ്ങളെ ദൈവത്തിലേക്കു് ഉയൎത്തുകയില്ല.

6 ദൈവം പറയുന്നു: "ഇതാ എനിക്കേററം ഇഷ്ടപ്പെട്ട പുത്രൻ; ഇവനെ നിങ്ങൾ കേൾക്കുവിൻ."

7 നിങ്ങൾക്കാവശ്യമുള്ളതെല്ലാം ദൈവം പുത്രൻവഴി വെളിപ്പെടുത്തിയിട്ടുണ്ടു്.

8 മിശിഹാ നിങ്ങളുടെ സഹോദരനാകുന്നു.

9 മിശിഹാ നിങ്ങളുടെ ഗുരുവാകുന്നു.

10 മിശിഹാ നിങ്ങളുടെ മോചനദ്രവ്യമാകുന്നു.

## ഇരുട്ടി

കോഴിക്കോട്ടുരൂപതയുടെ മെത്രാനായ റൈററ് റവ. ഡോക്ടർ ആൾദ്ദുസ് മരിയ പത്രോനി എസ്. ജെ. തിരുമനസ്സുകൊണ്ടു് നസ്രത്തുകുന്നു സന്ദർശിച്ച അവസരത്തിൽ, മുണ്ട്യാംപറമ്പു ദേവസ്വം വസ്തുക്കളുടെ പൊന്നൻപാട്ടാളി(അധികാരി) ആയ ചൈതൽ നായർ അവർകൾ തിരുമേനിയെ മുണ്ട്യാംപറമ്പിലേക്കു പ്രത്യേകം ക്ഷണിക്കുകയും അവിടെ തയാർചെയ്തിരുന്ന പന്തലിൽവച്ചു് തിരുമേനിയെ സ്വീകരിച്ചു് രണ്ടര പവൻ തൂക്കമുള്ള ഒരു സ്വൎണ്ണമാല തിരുമേനിക്കു് സമൎപ്പിക്കയും ചെയ്തു. സ്ഥലത്തെ പൗരപ്രധാനനായ ശ്രീമാൻ നികുഞ്ചേരി നാരായണൻനമ്പ്യാർ അവർകളും ഹാരസമൎപ്പണം നടത്തുകയും, ഹിന്ദുക്കളും ക്രിസ്ത്യാനികളും ഏകോദരസഹോദരങ്ങളെപ്പോലെ കഴിയുന്ന വസ്തുതയും മററും തിരുമേനിയെ ധരിപ്പിക്കയും ചെയ്തു. തിരുമേനിവസ്ലീയസൗഹാൎദ്ദത്തെ പ്രശംസിച്ചുകൊണ്ടു് മറുപടിപ്രസംഗം നടത്തി.

# സഖ്യത്തിൽ ചേരുന്നതെന്തിനു്?

(ഫാദർ സെറാഫിൻ ബനഡിക്ററ്)

ഒരു കത്തോലിക്കനായിരിക്കുന്നതിനും പുറമെ ഏതെങ്കിലുമൊരു ഭക്തസഖ്യത്തിലെ അംഗംകൂടി ആയിരിക്കുന്നതു സ്വരക്ഷയെ സംരക്ഷിതമാക്കുവാൻ സുകരമായ മാർഗ്ഗമാണെന്നു ആരോടും വിശേഷവിധിയായി പറയേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, ക്രിസ്തുസഭാധികാരികളുടെ നേരിട്ടുള്ള മേൽനോട്ടത്തിലും പരിപോഷണത്തിലും പ്രോത്സാഹനത്തിലും ഇന്നു നിലവിലിരിക്കുന്ന വിവിധ സഖ്യങ്ങൾ, വിശിഷ്യ മരിയാസഖ്യങ്ങൾ, ലോകത്തെ ഒട്ടാകെ നിമഗ്നമാക്കുന്ന നിരവധി പ്രലോഭനങ്ങളും പാപങ്ങളുമാകുന്ന ജലപ്രളയത്തിൽ അനാവലംബരായ അനേകം ആൾമായർക്കു അഭയമേകുന്ന അത്രയേറെ നോഹായുടെ പേടകങ്ങളാണ്. ഈദൃശസഖ്യങ്ങളുടെ ഫലദായകത്വം മിഷൻപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഏവർക്കും അനുഭവവേദ്യമാകുന്നു. മൊത്തത്തിൽ നോക്കുന്ന പക്ഷം സാധാരണമായി ഏതെങ്കിലും സഖ്യത്തിൻെറ സമ്മേളനത്തിൽ സംബന്ധിക്കാത്ത ഒരുവൻ, സാമാന്യമായി സഖ്യസമ്മേളനത്തിൽ സംബന്ധിക്കാറുള്ള ഒരുവനെക്കാൾ പാപങ്ങൾ ചെയ്യുന്നതെന്നു കാണാവുന്നതാണ്. ഓരോ ഭക്തസഖ്യത്തെയും ഓരോ "ദാവീദിൻെറ ഗോപുര"മായി പരിഗണിക്കാം. അതിൽ ശക്തന്മാരുടെ സർവ്വവിധ ആയുധങ്ങളോടുംകൂടി ആയിരം പരിചകൾ തൂങ്ങിക്കിടക്കുന്നു (പാട്ടു 4, 4.) ഭക്തസഖ്യങ്ങൾ ഇത്രയേറെ സുകൃതങ്ങൾ ചെയ്യുന്നതിൻെറ രഹസ്യം മറ്റൊന്നുമല്ല: അവയിൽ അംഗങ്ങൾക്കു നരകത്തിനെതിരായുള്ള പോരാട്ടത്തിനു അനേകം സ്വയസംരക്ഷണകവചങ്ങൾ ലഭിക്കുകയും ദൈവപ്രസാദവരത്തിൽ നിലനിൽക്കുവാൻ പര്യാപ്തങ്ങളായ മാർഗ്ഗങ്ങളെ പ്രയോജകീഭവിപ്പിക്കുവാൻ ഇടവരുകയും ചെയ്യുന്നു; ഭക്തസഖ്യങ്ങളിലെ അംഗങ്ങളല്ലാത്തവർക്കാകട്ടെ ഇവ ദുർല്ലഭമായിട്ടേ കൈവരികയും പ്രയോജകീഭവിക്കയും ചെയ്യാനിടയാകുന്നുള്ളു.

ഒന്നാമതായി, രക്ഷപ്രാപിക്കുവാനുള്ള ഒരു പ്രധാനമാർഗ്ഗം നിത്യസത്യങ്ങളെക്കുറിച്ചു ധ്യാനിക്കുകയാകുന്നു. "നിൻെറ അന്ത്യത്തെ ഓർക്കുക; എന്നാൽ നീ ഒരിക്കലും പാപം ചെയ്കയില്ല." "ദേശം മുഴുവൻ നാശത്താൽ വിനാശപ്പെട്ടിരിക്കുന്നു; എന്തുകൊണ്ടെന്നാൽ ഹൃദയത്തിൽ ചിന്തിക്കുന്ന ഒരുത്തനുമില്ല." (ജറമി. [illegible], 11. മറിച്ചു്, ഭക്തസഖ്യങ്ങളുടെ സമ്മേളനങ്ങളിൽ പതിവായി സംബന്ധിക്കുന്നവർക്കു അവിടെ നടക്കുന്ന അനേകം ധ്യാനങ്ങളും, പാരായണങ്ങളും, പ്രസംഗങ്ങളും വഴിയായി ഈ നിത്യസത്യങ്ങളെക്കുറിച്ചു ചിന്തിക്കാനിടവരുന്നു. "എൻെറ ആടുകൾ എൻെറ സ്വരം കേൾക്കുന്നു." (യോഹ. 10, 27)

രണ്ടാമതായി, ഒരുവൻെറ ആത്മാവിനെ രക്ഷപെടുത്തണമെങ്കിൽ പ്രാർത്ഥന അവശ്യാവശ്യകമാകുന്നു. "ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും." ഇതു സഖ്യാംഗങ്ങൾ കൂട്ടുകൂടി ചെയ്യുന്ന ഒന്നാകയാൽ ദൈവം അവരുടെ പ്രാർത്ഥനകൾ കൂടുതൽ ജാഗ്രതാപൂർവ്വം ശ്രവിക്കുന്നു. എന്തുകൊണ്ടെന്നാൽ കൂട്ടായിട്ടു ചെയ്യപ്പെടുന്ന പ്രാർത്ഥനകൾ അവിടുന്നു കൂടുതൽ മനസ്സുവച്ചു കേൾക്കുമെന്നു അവിടുന്നുതന്നെ അരുളിച്ചെയ്തിട്ടുണ്ടു്. "നിങ്ങളിൽ രണ്ടുപേർ, തങ്ങൾ അപേക്ഷിക്കുവാൻ പോകുന്ന ഏതുകാര്യങ്ങളെക്കുറിച്ചെങ്കിലും ഭൂമിയിൽ യോജിച്ചാൽ അതു എൻെറ സ്വർഗ്ഗസ്ഥനായ പിതാവു അവർക്കു സാധിച്ചുകൊടുക്കും." (മത്ത. 18, 19) ഇതെപ്പററി വി. അംബ്രോസ് പറയുന്നു: "ദുർബ്ബലരായിരിക്കുന്നവർതന്നെ പലർ യോജിച്ചാൽ ഒരു ശക്തിയായിത്തീരുന്നു; അതുപോലെതന്നെ, പലർ ചേർന്നുകൊണ്ടുള്ള പ്രാർത്ഥന കേൾക്കപ്പെടാതിരിക്കുക എന്നതും അസാദ്ധ്യമാണ്."

മൂന്നാമതായി സഖ്യത്തിൻെറ അംഗങ്ങളായിരിക്കകൊണ്ടു് നിയമത്തിൻെറ നിബന്ധനത്താലും ഇതരാംഗങ്ങളുടെ സന്മാതൃകയാലും അവർ കൂടക്കൂടെ സംസ്കാരകർമ്മങ്ങൾ (കൂദാശകൾ) സ്വീകരിക്കാനിടവരുന്നു. തന്നിമിത്തം ദൈവപ്രസാദത്തിൽ നിലനിൽക്കുന്നതിനു എളുപ്പത്തിൽ സാധ്യമാകയും ചെയ്യുന്നു. ദിവ്യകാരുണ്യസ്വീകരണം, ദിനംപ്രതിയുള്ള തെറ്റുകളിൽനിന്നു അകലുന്നതിനും, ചാവുദോഷത്തിനടിപ്പെടാതെ ജീവിതം നയിക്കുന്നതിനും തക്ക പ്രതിവിധിയാണെന്നു ത്രെന്തോസ് തിരുസംഘം പ്രഖ്യാപിച്ചിട്ടുള്ളതു തികച്ചും അർത്ഥവത്തായിത്തീരുകയും ചെയ്യുന്നു.

നാലാമതായി, സഖ്യാംഗങ്ങൾക്കു, കൂടക്കൂടെ സംസ്കാരകർമ്മങ്ങൾ സ്വീകരിക്കുവാൻ സാധിക്കുന്നതിനുപുറമെ, ആത്മസംയമനത്തിനും വിനയാഭ്യാസത്തിനും, രോഗികളോടും സാധുജനങ്ങളോടും നേർക്കുള്ള സ്നേഹപ്രവർത്തനങ്ങൾക്കും ധാരാളം സാധ്യത ലഭിക്കുന്നുണ്ടു്.

അഞ്ചാമതായി ദൈവമാതാവിനെ ശുശ്രൂഷിക്കുക എന്നതു നമ്മുടെ രക്ഷപ്രാപ്തിക്കു അധികാധികം സഹായകമാണു്. എന്നാൽ സഖ്യാംഗങ്ങൾ ഈ അമ്മയെ ശുശ്രൂഷിക്കയല്ലാതെ മററെന്താണു ചെയ്യുന്നതു? ഈ അമ്മ അവിടെ എത്രമാത്രം സ്തുതിക്കപ്പെടുന്നു! എത്രമാത്രം പ്രാർത്ഥനകളാണു് ഈ അമ്മയ്ക്കായി അവിടെ സമർപ്പിക്കപ്പെടുന്നതു! ആരംഭംമുതൽക്കുതന്നെ സഖ്യാംഗങ്ങൾ ഈ മാതാവിൻെറ ശുശ്രൂഷയ്ക്കു തങ്ങളെത്തന്നെ സമർപ്പിക്കുന്നു. അവർ ഈ കന്യകയെ അവരുടെ ഒരു പ്രത്യേകരാജ്ഞിയും അമ്മയുമായി തിരഞ്ഞെടുക്കുന്നു; മരിയാമക്കളുടെ പുസ്തകത്തിൽ അവരുടെ പേരുകൾ ചേർക്കപ്പെടുന്നു. ഇങ്ങനെ അവർ ഈ കന്യകാമാതാവിൻെറ വിശേഷ ശുശ്രൂഷകരും മക്കളും ആയിത്തീർന്നിരിക്കകൊണ്ടു് വിശേഷവിധമായിത്തന്നെ ഈ അമ്മ അവരോടു പെരുമാറുകയും, ജീവിതത്തിലും മരണത്തിലും അവരുടെ സംരക്ഷികയായിരിക്കയും ചെയ്യുന്നു. ആകയാൽ സഖ്യാംഗങ്ങളിൽ ഏവനും "ഇതാ ഇപ്പോൾ ഇതോടൊപ്പം സകലനന്മകളും എനിക്കു ലഭിച്ചിരിക്കുന്നു" എന്നു സംതൃപ്തിപൂർവ്വം പറയാൻ സാധിക്കും.

സഖ്യാംഗങ്ങളിൽ ഓരോരുത്തനും രണ്ടു കാര്യങ്ങളാണു് പ്രത്യേകം ശ്രദ്ധിക്കാനുള്ളതു്. ഒന്നു് അവനുണ്ടായിരിക്കേണ്ടതായ പരമോദ്ദേശം, അതായതു് ദൈവത്തെയും അവിടുത്തെ മാതാവായ മരിയയേയും ശുശ്രൂഷിച്ചുകൊണ്ടു് അവൻെറ ആത്മാവിനെ രക്ഷിക്കുക എന്നുള്ളതു്. മറേറതു് നിശ്ചിതദിവസത്തിലുള്ള സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിനു വിഘാതം വരുത്തുന്ന പ്രാപഞ്ചികസംഗതികളിൽനിന്നു വിഷസർപ്പത്തിൽനിന്നെന്നോണം ഓടിമാറുകയെന്നതു്. എന്തുകൊണ്ടെന്നാൽ അവൻെറ ഐഹികജീവിതോദ്ദേശ്യം നിത്യരക്ഷപ്രാപ്തിയാകുന്നു. മാത്രമല്ല എത്രപേരെ സഖ്യാംഗങ്ങളാക്കുവാൻ അവനു സാധ്യമാകുമോ അത്രയും പേരെ സഖ്യത്തിൽ അംഗങ്ങളാക്കുവാനും, സഖ്യത്തിൽനിന്നു പിരിഞ്ഞുപോയിട്ടുള്ളവരെ വീണ്ടും അതിൽ ചേർക്കുവാനും യത്നിക്കേണ്ടിയിരിക്കുന്നു. മരിയാസഖ്യത്തിൻെറ അംഗങ്ങളായിരുന്നിട്ടു് പിന്നീടു അതിൻെറ സാമാജികത്വം ഉപേക്ഷിച്ചുപോയിട്ടുള്ളവർക്കു ദൈവം നൽകിട്ടുള്ള ശിക്ഷകൾ അതിഭയങ്കരങ്ങളാണു് എന്നു ഓർക്കേണ്ടതുണ്ടു്. ഉദാഹരണത്തിനായി ഒന്നു് ഇവിടെ വിവരിക്കാം: നേപ്പിൾസ് പട്ടണത്തിൽ മരിയാസഖ്യം ഉപേക്ഷിച്ചുപോയ ഒരു സഹോദരനുണ്ടായിരുന്നു. വീണ്ടും സഖ്യത്തിലേക്കു മടങ്ങുവാൻ ആരോ ഉപദേശിച്ചപ്പോൾ അയാൾ പറഞ്ഞതു് "എൻെറ കാലുകൾ ഒടിക്കപ്പെടുകയും എൻെറ തല ഛേദിക്കപ്പെടുകയും ചെയ്യുമ്പോളാവാം" എന്നാണു്. ഈ വചനങ്ങൾ അയാളുടെ ഭാവിയെക്കുറിച്ചു അയാൾതന്നെ ചെയ്ത ഒരു ദീർഘദർശനമായിരുന്നു. എന്തുകൊണ്ടെന്നാൽ ഏറെത്താമസിയാതെതന്നെ അയാളുടെ ശത്രുക്കൾ അയാളുടെ കാലുകൾ ഒടിക്കയും ശിരസ്സു ഛേദിക്കയുമാണുണ്ടായതു്. നേരെമറിച്ചു് വിശ്വസ്താംഗങ്ങളായി നിലനില്ക്കുന്നവർക്കു് മരിയ വഴിയായി താല്ക്കാലികങ്ങളും ശാശ്വതങ്ങളുമായ നിരവധിദാനങ്ങൾ ലഭിച്ചുപോരുന്നുമുണ്ടു്. "അവളുടെ മക്കൾ രണ്ടു അങ്കികളാൽ പരിരക്ഷിക്കപ്പെടുന്നു." "സഖ്യാംഗങ്ങൾക്കു ജീവിതകാലത്തും പ്രത്യേകിച്ചു മരണവേളയിലും മരിയ നൽകുന്ന ദാനങ്ങൾ എത്രയോ ധാരാളമാകുന്നു" എന്നാണു് അവുരിയെമ്മ എന്ന വൈദികൻ പറയുന്നതു്. 1586-ൽ മരണമടഞ്ഞ ഒരു യുവാവിനെക്കുറിച്ചു ക്രാസ്സെററ് എന്ന പുരോഹിതവര്യൻ പ്രസ്താവിച്ചിട്ടുള്ളതു കേട്ടാലും: "അയാൾ ഒരിക്കൽ കിടന്നുറങ്ങി. ഉണർന്നശേഷം അയാളുടെ ആത്മീയപാലകനോടു ഇപ്രകാരം പറഞ്ഞു: ഓ, എൻെറ പ്രിയ പിതാവേ, ഞാൻ നശിച്ചുപോകത്തക്ക വലിയ അപകടത്തിലായിപ്പോയി. എന്നാൽ നമ്മുടെ മാതാവായ പരിശുദ്ധ കന്യക എന്നെ രക്ഷിച്ചു. പിശാചന്മാർ എൻെറ സമസ്ത പാപങ്ങളും ഒന്നൊഴിയാതെ നമ്മുടെ കർത്താവായ യേശുവിൻെറ ന്യായാസനസമക്ഷം ഹാജരാക്കി. അവർ എന്നെ നരകകവാടത്തിലേക്കു വലിച്ചിഴച്ചുകൊണ്ടുപോകുന്നതിനു തയാറായിരുന്നു. എന്നാൽ കന്യകാമാതാവു പ്രത്യക്ഷപ്പെട്ടു് അവരോടു പറഞ്ഞു: നിങ്ങൾ ഈ യുവാവിനെ എങ്ങോട്ടാണു വലിച്ചിഴച്ചുകൊണ്ടുപോകുവാൻ ഭാവിക്കുന്നതു്? എൻെറ സഖ്യത്തിൽ ദീർഘനാളായി അംഗമായിരുന്നിട്ടുള്ള എൻെറ ഈ ദാസനിൽ നിങ്ങൾക്കെന്തധികാരം? ഈ വാക്കുകൾ പുറപ്പെട്ടതോടെ പിശാചന്മാർ ലജ്ജാപൂർണ്ണം ഓടിയൊളിച്ചു, ഞാൻ അവരുടെ കൈയിൽനിന്നു രക്ഷപെടുകയും ചെയ്തു. മറെറാരു സഹോദരനും മരണവേളയിൽ ഈദൃശമായ ഒരു നാരകീയ പോരാട്ടത്തിനിടയായതായി അദ്ദേഹം പറയുന്നു. പക്ഷെ ഒടുവിൽ വിജയസിദ്ധിയുണ്ടായതോടുകൂടി അത്യധികം സന്തോഷം പ്രദർശിപ്പിച്ചുകൊണ്ടു് അയാൾ പറഞ്ഞതു് "മരിയാസഖ്യത്തിൻെറ അംഗമായിരുന്നു് ആ അമ്മയെ ശുശ്രൂഷിക്കുന്നതു് എത്രയോ വലിയ ഒരനുഗ്രഹമാണു്" എന്നത്രെ. ഇങ്ങനെ ആശ്വസ്തനായി അയാൾ മരണം പ്രാപിച്ചു. അതേ ഗ്രന്ഥകാരൻതന്നെ പൊപ്പോളിയിലെ പ്രഭുവിനെക്കുറിച്ചു് ഒന്നു പറയുന്നതു് ഇതിലും ശ്രദ്ധേയമാകുന്നു. പൊപ്പോളിയിലെ പ്രഭു മരിക്കാറായി. അദ്ദേഹം മരണശയ്യയിൽകിടന്നുകൊണ്ടു സ്വപുത്രനോടു പറഞ്ഞു: "മകനേ, എനിക്കു ഐഹികജീവിതത്തിൽ എന്തെങ്കിലും സുകൃതം ചെയ്യാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതു ഞാൻ സഖ്യത്തിൻെറ അംഗമായിരുന്നു കൊണ്ടാണെന്നു നീ അറിഞ്ഞുകൊൾക. ആകയാൽ നീയും ആ മരിയാസഖ്യത്തിൽ അംഗമായിരിക്കണമെന്നു ഉപദേശിക്കുകയല്ലാതെ മറെറാരു വിശിഷ്ടനിക്ഷേപവും നിനക്കു തരുവാൻ ഞാനാഗ്രഹിക്കുന്നില്ല. ഞാൻ അതിനാളുമല്ല. പൊപ്പോളിയിലെ പ്രഭു ആയിരുന്നു എന്നതിനെക്കാൾ മരിയാസഖ്യത്തിലെ അംഗമായിരുന്നു എന്നതിനെയാണു് ഞാൻ ഇപ്പോൾ ഏററം വിലമതിക്കുന്നതു്." മരിയാസഖ്യത്തിൻെറ അംഗങ്ങളായി ചേരേണ്ടതിൻെറ ആവശ്യകതയും ചേർന്നാലുണ്ടാകുന്ന പ്രയോജനത്തെയും ഈ ഉദാഹരണങ്ങൾ സുതരാം വ്യക്തമാക്കുന്നുണ്ടല്ലോ.

## തത്വത്തിനു വിരുദ്ധം

റഷ്യായിൽ ഇപ്പോൾ ജനങ്ങൾക്കു ഭവനങ്ങൾ നിർമ്മിക്കുന്നതിനായി ഗവർമ്മെൻറു് സ്ഥലം കൊടുത്തുവരുന്നതായി വത്തിക്കാൻ റേഡിയോ പ്രസ്താവിച്ചിരിക്കുന്നു. ഇതു് കമ്മ്യൂണിസ്റ്റ് തത്വങ്ങളുടെ പരാജയത്തെ കുറിക്കുന്ന ഒരു സംഗതിയാണു്.

## ഭൂഗർഭദേവാലയം

സൈബീരിയായിൽ ഭൂമിക്കടിയിൽ ഒരു ദേവാലയം നിർമ്മിക്കുന്നതിൽ 10 ലക്ഷം കത്തോലിക്കർ വ്യാപൃതരായിരിക്കുന്നു.

വേദശാസ്ത്രപംക്തി

## മാമ്മോദീസായും റീത്തും

(I E M)

ഓരോ കത്തോലിക്കനും അവനവൻ ജനിച്ച റീത്തിൽതന്നെ നില്ക്കണമെന്നാണു് തിരുസിംഹാസനം അഭിലഷിക്കുന്നതു്. തന്നിമിത്തം തിരുസിംഹാസനത്തിൻെറ പ്രത്യേകാനുമതി കൂടാതെ ഒരാൾക്കു തൻെറ റീത്തു മാറാൻ നിവൃത്തിയില്ല. 1940 വരെ റീത്തു മാറുന്നതിനു അനുമതി നൽകാൻ ഓരോ രാജ്യത്തിലുമുള്ള പരിശുദ്ധ പിതാവിൻെറ പ്രതിനിധികളായ നൂൺസിയോമാർ, അപ്പസ്തോലിക് ഡലിഗേററുമാർ മുതലായവർക്കധികാരമുണ്ടായിരുന്നു. എന്നാൽ 1940 നവംബർ 23-ാം തിയതി പൗരസ്ത്യസഭകൾക്കായുള്ള തിരുസംഘം പുറപ്പെടുവിച്ച ഒരു കല്പനമൂലം പരിശുദ്ധ പിതാവിൻെറ പ്രതിനിധികൾക്കുണ്ടായിരുന്ന മേലുദ്ധരിച്ച പ്രത്യേകാധികാരം പിൻവലിക്കപ്പെട്ടു (Acta Apostolicae Sedis, 1941, p. 28).

ശിശുക്കളെ സംബന്ധിച്ചിടത്തോളം അവർ മാതാപിതാക്കന്മാരുടെ റീത്തിൽതന്നെ മാമ്മോദീസാ സ്വീകരിക്കണമെന്നാണു് തിരുസ്സഭയുടെ നിയമം. ചില പ്രത്യേകകാരണങ്ങളാൽ ഒരാൾ മാതാപിതാക്കന്മാരുടെ റീത്തിൽനിന്നു വിഭിന്നമായ ഒരു റീത്തിൽ മാമ്മോദീസാ സ്വീകരിച്ചാലും മാതാപിതാക്കന്മാരുടെ റീത്തിനുതന്നെ വിധേയനായിരിക്കണം. പ്രായപൂർത്തിവന്ന ഒരു അക്രൈസ്തവനു കത്തോലിക്കാസഭയിലുള്ള ഏതെങ്കിലും ഒരു റീത്തിൽ മാമ്മോദീസാ സ്വീകരിക്കാം. മാമ്മോദീസാ ഏതു റീത്തിൽ സ്വീകരിക്കുന്നുവോ ആ റീത്തിനു വിധേയനായി ജീവിക്കുകയും വേണം. കിഴക്കൻ സഭകളിൽ പെട്ടവർ കത്തോലിക്കാസഭയിലേക്കു തിരിച്ചുവരുമ്പോൾ തങ്ങൾക്കു കൂടുതൽ ഇഷ്ടമുള്ള കിഴക്കൻറീത്തു സ്വീകരിക്കാം (Decretum Sacrae Congr. de Prop. Fide, Nov. 20, 1838. പുനരൈക്യപ്പെടുന്നവർ തങ്ങളുടെ പഴയ റീത്തിനോടു ബന്ധമുള്ള കത്തോലിക്കാ റീത്തു സ്വീകരിക്കുന്നതാണു് കൂടുതൽ അഭിലഷണീയം.

ഒരു ശിശുവിൻെറ മാതാവും പിതാവും ഒരേ റീത്തിൽ പെട്ടവരാണെങ്കിൽ ആ റീത്തിൽതന്നെ ശിശുവിനു മാമ്മോദീസാ നൽകണം. മാതാപിതാക്കളിൽ ഒരാൾമാത്രം കത്തോലിക്കാസഭയുടെ അംഗമായിരുന്നാൽ കത്തോലിക്കാസഭയിൽപ്പെട്ട ആളിൻെറ റീത്തിൽ മാമ്മോദീസാ നൽകണം. മാതാപിതാക്കൾ രണ്ടു കത്തോലിക്കാ റീത്തുകളിൽ പെട്ടവരായിരുന്നാൽ പിതാവിൻെറ റീത്തിലാണു് ശിശുവിനു മാമ്മോദീസാ നൽകേണ്ടതു്.

കത്തോലിക്കാസഭ ഉപേക്ഷിച്ചുപോയവർ വീണ്ടും തിരിച്ചുവരുമ്പോൾ പഴയ റീത്തുതന്നെ സ്വീകരിക്കണം (Sacra Congreg. de Prop. Fide, April 7, 1859).

### ജ്ഞാനസ്നാനപിതാക്കൾ

മാമ്മോദീസാ സ്വീകരിക്കുന്നവരുടെ ആദ്ധ്യാത്മിക കാര്യങ്ങളിൽ ചുമതല വഹിക്കുന്നതിനായി ജ്ഞാനസ്നാനപിതാക്കളെ തിരുസ്സഭ നിയോഗിച്ചിരിക്കുന്നു. ഒരാൾക്കു ഒരു ജ്ഞാനസ്നാനപിതാവും ഒരു ജ്ഞാനസ്നാനമാതാവും ഉണ്ടായിരിക്കാം. ജ്ഞാനസ്നാനമാതാപിതാക്കൾ സഭാശിക്ഷകളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും തിരിച്ചറിവിൻെറ പ്രായമുള്ളവരും ആയിരിക്കണം. ഭാര്യാഭർത്താക്കന്മാർ പരസ്പരം ജ്ഞാനസ്നാനമാതാപിതാക്കളായിരിക്കാൻ പാടില്ല. അതുപോലെതന്നെ മാമ്മോദീസാ സ്വീകരിക്കുന്നയാളിൻെറ മാതാപിതാക്കന്മാരും അയാളുടെ ജ്ഞാനസ്നാനമാതാപിതാക്കൾകൂടെ ആയിരിക്കാൻ നിവൃത്തിയില്ല.

ജ്ഞാനസ്നാനമാതാപിതാക്കളും ജ്ഞാനസ്നാനം സ്വീകരിക്കുന്നവരും തമ്മിൽ ആദ്ധ്യാത്മിക ബന്ധമുണ്ടാകുന്നു. ഈ ബന്ധം ജ്ഞാനസ്നാനം സ്വീകരിക്കുന്നവരും കാർമ്മികരും തമ്മിലും ഉണ്ടാകുന്നു. ആദ്ധ്യാത്മികബന്ധം വിവാഹത്തിനു പ്രതിബന്ധമാണെന്നുള്ള വസ്തുത ഇത്തരുണത്തിൽ സ്മർത്തവ്യമാണു്.

കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾക്ക് കൊളംബോ സാരിവർക്കസ്, ബ്രോഡ് വെ–എറണാകുളം.

## കൊച്ചിവാർത്തകൾ

### ബസ്സ് സർവീസ് ദേശീകരണം

കൊച്ചിയിൽ ബസ് സർവീസ് ദേശീകരിക്കുന്നതു സംബന്ധിച്ച പദ്ധതി ഏതാണ്ടു പൂർത്തിയായിരിക്കുന്നതായറിയുന്നു. എറണാകുളം-മട്ടാഞ്ചേരി ബസ് സർവീസായിരിക്കും ആദ്യമായി ഗവമ്മെൻറ് ഏറ്റെടുക്കുന്നതെന്നു ദേശിക്കപ്പെടുന്നു.

### നിയമമാക്കി

കൊച്ചിയിലെ ഭൂതയിലകൃഷിനിയന്ത്രണ ഭേദഗതിബില്ലിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു തൃക്കൈവിളയാടി നിയമമാക്കിയിരിക്കുന്നു.

### സമ്മേളിക്കും

ഫെബ്രുവരി 7-ാം നു കൂടുവാനുദ്ദേശിച്ചിരുന്ന കൊച്ചി നിയമസഭയുടെ അടുത്ത സമ്മേളനം ഫെബ്രുവരി 21-ാം നു ആരംഭിച്ച് 26-ാം നു അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

### കാലാവധി അവസാനിക്കും

ഭക്ഷ്യവിഭവോല്പാദനപദ്ധതിയനുസരിച്ച് ഗവമ്മെൻറ് പുറമ്പോക്കുസ്ഥലങ്ങൾ പാട്ടത്തിനെടുത്തു കൊള്ളുവാൻ അനുവദിച്ചിട്ടുള്ളതിൻറെ കാലാവധി ഈ മീനമാസത്തോടുകൂടി അവസാനിക്കുന്നതാണ്.

### ഇൻഫർമേഷൻ ഡയറക്ടർ

ഫെബ്രുവരി 15-ാം നു സർവീസിൽ നിന്നും പിരിയുന്ന ശ്രീ. കെ വി. മേനോനു പകരം ഹെഡ് ഓഫീസ് ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റൻറ് മി. എം. കെ. ദേവസ്സിയെ ഒഫീഷ്യേറ്റിംഗ് പബ്ലിസിറ്റി ആൻഡ് ഇൻഫർമേഷൻ ഡയറക്ടറായി നിയമിച്ചിരിക്കുന്നു.

### കൊച്ചി തിരുവിതാംകൂർ സംയോജനത്തെപ്പററി

കൊച്ചിയിലെ പബ്ലിക്ക് ഹെൽത്ത് സ്റ്റാഫ് അസോസ്സിയേഷൻറെ ഉൽഘാടനം സംബന്ധിച്ച് ജനുവരി 27-ാം നു തൃശൂർവെച്ചുകൂടിയ പൊതുയോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ട് പൊതുജനാരോഗ്യമന്ത്രി ശ്രീ സി. എ. ഔസേപ്പ് ചെയ്ത പ്രസംഗത്തിൽ തിരുവിതാംകൂർ കൊച്ചി സംയോജനം സംബന്ധിച്ച് മന്ത്രിസഭ ഇതുവരെ ആലോചിച്ചിട്ടുപോലുമില്ലെന്നും തൽസംബന്ധമായുള്ള അഭിപ്രായങ്ങൾ വെറും ഊഹാപോഹങ്ങളാണെന്നും കൊച്ചിയിലെ പൗരന്മാരുടെ അഭിപ്രായമറിയാതെയും കൊച്ചിയുടെ അവകാശാധികാരങ്ങൾക്കു ഹാനികരമായ വിധത്തിലും യാതൊരു സംയോജനവും നടക്കുന്നതല്ലെന്നും ഉറപ്പുനൽകിയിരിക്കുന്നു.

### മുനിസിപ്പൽ ചെയർമന്മാർ

പുതിയ മുനിസിപ്പൽ ചെയർമന്മാരായി തിരഞ്ഞെടുപ്പിൽ തൃശൂർ മി. പി. വി. ദേവസ്സിയും (പ്രജാമണ്ഡലം, മട്ടാഞ്ചേരിയിൽ മി. പി. ആർ. മാത്യുവും (പരാതൂർ), എറണാകുളത്ത് മി. അഷ്ടാപദോ പമ്പാവിത്തായും (പ്രജാമണ്ഡലം) വിജയികളായിരിക്കുന്നു.

---

# മൂക്കന്നൂർ അനാഥശാല

# ധിപ്പാ എറണാകുളം

### വില്പനയ്ക്കുള്ള പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| 21 | സർ തോമസ് മൂർ | 1 | 0 | 0 |
| 22 | ഫാദർ ഒണോരെ | 0 | 8 | 0 |
| 23 | ബർണാർദെ | 2 | 0 | 0 |
| 24 | വി. റീത്ത | 0 | 12 | 0 |
| 25 | മാത്യു റാൻബെട്ട് | 0 | 10 | 0 |
| 26 | ഗാഷ്യാ മൊറീനോ | 0 | 6 | 0 |
| 27 | പ്രേ ിതൊരം | 0 | 12 | 0 |
| 28 | ഗീവർഗീസ് | 0 | 4 | 0 |
| 29 | മരിയാ ഗൊരേത്തി | 0 | 8 | 0 |
| 30 | ഏദയവല്ലഭൻ | 1 | 8 | 0 |

### മേയ്ക്കാട്ട്

മേയ്ക്കാട്, മഞ്ഞമനാട് എന്ന സ്ഥലങ്ങളിലെ മരിയാസഖ്യത്തിൻറെ സംയുക്തസമ്മേളനം റവ. ഫാദർ ജേക്കബ് കല്ലറക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

## തിരുവിതാംകൂർ വാർത്തകൾ

### പ്രധാനമന്ത്രിമാരുടെ കോൺഫറൻസ്

തിരുവിതാംകൂർ കൊച്ചി പ്രധാനമന്ത്രിമാരുടെ ഒരു കോൺഫറൻസ് ജനുവരി 24-ാം നു തിരുവനന്തപുരത്തുവച്ചു നടത്തുകയുണ്ടായി. പ്രസ്തുത കോൺഫറൻസിൽ, ആലുവാപ്പുഴയിൽ നിന്നും കൊച്ചിയിലേക്ക് ദിവസേന എടുക്കുന്ന വെള്ളം 18 ലക്ഷം ഗാലൻ എന്നതു 31 ലക്ഷം ഗാലനായി വർദ്ധിപ്പിക്കുന്നതിനും ആലുവായിലെ റെയിൽവേ പാലം മററു വാഹനങ്ങളുടെ ഗതാഗതത്തിനും ഉപയോഗപ്പെടുത്തുന്നതിനും, പവർ പുത്തർചിറപ്പാലം ഇരു ഗവമ്മെൻറുകളുംകൂടി പണികഴിപ്പിക്കുന്നതിനും തീരുമാനിച്ചു.

### പ്രതിമ നീക്കം ചെയ്തു

1935-ൽ നായർ സർവീസ് സൊസൈററിയുടെ വകയായി നിയമസഭാമന്ദിരത്തിൻറെ മുമ്പിൽ സ്ഥാപിതമായ സർ സി. പി. രാമസ്വാമി അയ്യരുടെ പ്രതിമ മകരം 12-ാം നു നീക്കം ചെയ്തിരിക്കുന്നു.

### ഗോവധം നിർത്തും

തിരുവനന്തപുരം പട്ടണാതിർത്തിക്കുള്ളിൽ ഗോവധം നിർത്തൽചെയ്യേണ്ടതാണെന്നൊരു പ്രമേയം അവിടത്തെ കോർപ്പറേഷൻ പാസാക്കിയിരിക്കുന്നു.

### അദ്ധ്യാപകശമ്പളവർദ്ധനവും

തിരുവിതാംകൂറിലെ പ്രൈവററുസ്കൂൾ മാനേജ്മെൻറു പ്രതിനിധികളുടെ ഒരു കൂടിയാലോചനായോഗം ജനുവരി 26-ാം നു വിദ്യാഭ്യാസഡയറക്ടരുടെ ഓഫീസിൽ കൂടുകയുണ്ടായി. കത്തോലിക്കാസ്കൂൾ മാനേജ്മെൻറുകളുടെ പ്രതിനിധികളായി സെൻറ് ബെർക്കുമൻസ് കോളേജ് പ്രിൻസിപ്പാൾ റവ. ഫാദർ വിച്യം, എം. ഡി. സ്കൂൾ ഹെഡ്മാസ്റ്റർ മി. വി. ജി. ജോർജ് എന്നിവർ കൂടിയാലോചനകളിൽ പങ്കെടുത്തിരുന്നു. തദവസരത്തിൽ, മാനേജ്മെൻറ് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് 20 രൂപാ ശമ്പളം നിശ്ചയിച്ചിരുന്നതിൽ 75 ശതമാനം (15 രൂപാ) ഗവമ്മെൻറും ബാക്കി 5 രൂപാ മാനേജ്മെൻറും നൽകുക എന്ന തത്വം സ്വീകരിക്കേണ്ടതാണെന്നു വിദ്യാഭ്യാസഡയറക്ടർ അഭിപ്രായപ്പെട്ടു. അതിനെ എതിർത്തുകൊണ്ട് ഫാ. വിച്യം ഇപ്രകാരം പ്രസ്താവിച്ചു: "നിർബന്ധിതവും സൗജന്യവുമായ പ്രാഥമികവിദ്യാഭ്യാസനയം ഗവമ്മെൻറ് പ്രഖ്യാപനം ചെയ്തിട്ടുള്ള സ്ഥിതിക്ക് അദ്ധ്യാപകന്മാരുടെ ശമ്പളം മുഴുവനും ഗവമ്മെൻറു ഗ്രാൻറായി നൽകേണ്ടതാണ്. കത്തോലിക്കാസ്കൂളുകളെ സംബന്ധിച്ചുപറഞ്ഞാൽ. കഴിയുന്നിടത്തോളം മാനേജ്മെൻറ് 5 രൂപാ വീതം കൊടുത്തുപോരുന്നുണ്ട്. എന്നാൽ അതു കൊടുത്തുകൊള്ളണമെന്നു ഗവമ്മെൻറു നിർബന്ധിക്കുന്നതു തത്വത്തിൽ സ്വീകാര്യമല്ല. കൊച്ചിയിലും മദ്രാസിലും ഇവിടത്തെക്കാൾ കൂടുതൽ തുക ഗവമ്മെൻറു ഗ്രാൻറായി നൽകുന്നുണ്ട്." പിന്നീട് പുതിയ സ്കൂളുകൾ അനുവദിക്കുന്നതും, സ്കൂളുകളിലെ വിദ്യാഭ്യാസം ഏകീകരിക്കുന്നതു മുതലായ പ്രശ്നങ്ങളെപ്പററി അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിനായി തിരുവല്ല ഡിവിഷൻ ഇൻസ്പെക്ടർ മി. കുഞ്ഞുകൃഷ്ണൻ, എൻ. എസ്. എസ്. പ്രതിനിധി മി. കൃഷ്ണമേനോൻ, കത്തോലിക്കാ പ്രതിനിധി ഫാ. വിച്യം എന്നിവരടങ്ങിയ ഒരു സബ് കമ്മിററിയെ രൂപവൽക്കരിച്ചു.

## നിങ്ങൾക്കറിയാമോ?

(5-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

(1) സാധാരണ സാഹചര്യങ്ങളിൽ പാടില്ല. പക്ഷെ കുട്ടി മരണാപകടത്തിലാണെങ്കിൽ പാടുണ്ട്.

( ) സ്നാനപ്പെടുത്താം.

(3) അവർ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുണ്ടോ എന്നു അന്വേഷിച്ചശേഷം, സ്വീകരിച്ചിട്ടുണ്ടെന്നു ബോദ്ധ്യമാകുന്നില്ലെങ്കിൽ സംശയത്തിൻ കീഴ് സ്നാനപ്പെടുത്തണം. (കാ. നി. 749)

(4) ദേവാലയത്തിൽ കൊണ്ടുപോയി കൂദാശാകർമ്മം ഒഴികെയുള്ള ചടങ്ങുകൾ പൂർത്തിയാക്കണം.

(5) സാധാരണമായി പാടില്ല. പക്ഷെ രാജാക്കന്മാരുടെയും, കിരീടാവകാശികളുടെയും മക്കളുടെയും മതമക്കളുടെയും ആവശ്യപ്പെടുന്നപക്ഷം സ്വകാര്യഭവനങ്ങളിൽ സ്നാനപ്പെടുത്താം തക്കതായ കാരണമുണ്ടെങ്കിൽ അസാധാരണമായ ചില സാഹചര്യങ്ങളിൽ മററുള്ളവരുടെ കുട്ടികളെയും സ്വകാര്യഭവനങ്ങളിൽ വെച്ച് കൊണ്ടുവന്ന ആഘോഷമായി സ്നാനപ്പെടുത്തുന്നതിനു അനുമതി നൽകാൻ രൂപതാദ്ധ്യക്ഷനു അധികാരമുണ്ട്.



നൈജീരിയായിലെ നിയമസഭയുടെ യോഗങ്ങൾ ഓരോ പ്രോവിൻസിലെയും തലസ്ഥാനനഗരികളിൽ മാറി മാറി കൂടുകയാണു പതിവ്. പ്രാദേശികാവശ്യങ്ങൾ ഗവമ്മെൻറിൻറെ ദൃഷ്ടിയിൽ പെടുത്തുന്നതിനു കൂടുതൽ സൗകര്യം നൽകുക എന്നുള്ളതാണ് ഇതിൻറെ ഉദ്ദേശം. ഉത്തരപ്രദേശങ്ങളുടെ തലസ്ഥാനമായ കഡുനായിൽ സമ്മേളിച്ച കൗൺസിലിൽ സംബന്ധിക്കുന്നതിനായി ആഗതനായ നാട്ടുപ്രമാണിയും വിദ്യാഭ്യാസമന്ത്രിയും കൈകൊടുക്കുന്നതിനെ ചിത്രത്തിൽ കാണാം.

## ഇന്ത്യാവാർത്തകൾ

### സ്വകാര്യ ഏജൻസികളെ പ്രോത്സാഹിപ്പിക്കുന്നു

പ്രാഥമികവിദ്യാലയങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ അവ സ്ഥാപിക്കുവാൻ സ്വകാര്യ ഏജൻസികളെ പ്രോത്സാഹിപ്പിക്കുന്നതിനു മദ്രാസ് ഗവമ്മെണ്ട് ഒരു പദ്ധതി രൂപവൽക്കരിച്ചിരിക്കുന്നു ഇതനുസരിച്ച് പ്രതിദിനം 15 വിദ്യാർത്ഥികളിൽ കുറയാതെ ഹാജരാകുന്ന വിദ്യാലയങ്ങൾക്ക് ഗ്രാൻറ് നൽകുന്നതാണ്. ട്രെയിനിംഗ് ലഭിച്ചിട്ടില്ലാത്ത അദ്ധ്യാപകരേയും പ്രസ്തുത വിദ്യാലയങ്ങളിൽ നിയമിക്കുന്നതിനു അനുവദിക്കുന്നതാണ്. പുസ്തകങ്ങൾ, മററു സാമഗ്രികൾ മുതലായവ വാങ്ങിക്കുന്നതിനു 100 ക. യിൽ കവിയാത്ത ഒരു സംഖ്യ സഹായധനമായി നൽകുന്നതിനു അനുവദിച്ചിട്ടുണ്ട്.

### കാത്തലിക്ക് യൂണിയൻ ഓഫ് ഇന്ത്യ

കാത്തലിക് യൂണിയൻ ഓഫ് ഇൻഡ്യയുടെ വാർഷികസമ്മേളനം ഫെബ്രുവരി 12-ാം 13-ാം തീയതികളിൽ ബോംബേയിൽവച്ച് ഷെവലിയർ എം. രത്നസ്വാമിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്നതാണ്.

### വൈദ്യുതപങ്കകൾ

മൂന്നാം ക്ലാസ്സ് വെയിറ്റിംഗ് റൂമുകളിൽ വൈദ്യുത പങ്കകൾ ഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നുവെന്നും ട്രെയിനുകളുടെ മൂന്നാം ക്ലാസ് കമ്പാർട്ടുമെൻറുകളിൽ പങ്കകൾ ഘടിപ്പിച്ചു തുടങ്ങിയിരിക്കുന്നുവെന്നും കേന്ദ്രഗവമ്മെൻറിൻറെ ട്രാൻസ്പോർട്ടു മന്ത്രി മി. കെ. സന്താനം പ്രസ്താവിച്ചിരിക്കുന്നു.

### റിസർവു ചെയ്യാം

തീവണ്ടിയിലെ മൂന്നാംക്ലാസ് യാത്രക്കാരിൽ 300 മൈലിലധികം സഞ്ചരിക്കേണ്ടവർക്ക് സീററു റിസർവു ചെയ്യാമെന്നു എം. എസ്. എം., എസ്. ഐ. ആർ. റെയിൽവെ അധികാരികൾ നിർദ്ദേശിച്ചിരിക്കുന്നു.

### ഒഴിവാക്കുന്നു

ഗവണ്മെൻറ് ജനറലിൻറെ ശമ്പളത്തെ ആദായനികുതിയിൽ നിന്നും ഒഴിവാക്കുന്നതിനു ഗവണ്മെൻറ് ജനറൽ ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

### ഡൽഹി-കന്യാകുമാരി റോഡ്

ഡൽഹിയിൽ നിന്നും കന്യാകുമാരിയിലേക്ക് ദക്ഷിണകർണ്ണാടകം, മലബാർ, കൊച്ചി, തിരുവിതാംകൂർ വഴി ഒരു നാഷനൽ ഹൈവേ ഉണ്ടാക്കാൻ തീരുമാനിച്ചിരിക്കുന്ന കാര്യം പ്രസ്താവിച്ചിരുന്നല്ലോ. എന്നാൽ ഇതിലേക്കു വേണ്ട ചിലവിൻറെ പകുതി ഭാഗം കേന്ദ്രഗവമ്മെൻറു സഹിക്കുന്നതാണെന്നും ബാക്കി ഭാഗം റോഡു കടന്നുപോകുന്ന പ്രദേശങ്ങളിലെ ഗവമ്മെൻറുകൾ സഹിച്ചുകൊള്ളണമെന്നും കേന്ദ്രഗവമ്മെൻറിൻറെ ട്രാൻസ്പോർട്ട് മന്ത്രി മി. കെ. സന്താനം വ്യക്തമാക്കിയിരിക്കുന്നു.

### അഭയാർത്ഥികൾക്കു വസതി

ഡൽഹിയിൽ 42110 അഭയാർത്ഥികൾ താമസിക്കുന്ന അഭയാർത്ഥിക്യാമ്പുകൾ സ്വയംപര്യാപ്തങ്ങളായ റസിഡൻഷ്യൽ കോളനികളായി രൂപാന്തരപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

അഭയാർത്ഥികളുടെ ആവശ്യത്തിനായി -0,000 ആളുകൾക്കു താമസിക്കുവാൻ സൗകര്യമുള്ള ഒരു ടൗൺ നിർമ്മിക്കുവാൻ യു. പി ഗവമ്മെൻറ് തീരുമാനിച്ചിരിക്കുന്നു.

### ബഡ്ജററു സമ്മേളനം

ഇൻഡ്യൻ പാർലിമെൻറിൻറെ ബഡ്ജററു സമ്മേളനം ഫെബ്രുവരി 1-ാം നു ആരംഭിച്ച് ഏപ്രിൽ 7-ാം നു അവസാനിക്കുന്നതാണ്.

## ശാസ്ത്രജ്ഞൻറെ നിര്യാണം

സുപ്രസിദ്ധശാസ്ത്രജ്ഞനും ഇംഗ്ലണ്ടിലെ സ്റ്റോണിഹേഴ്സ്റ്റ് ഒബ്സർവേറററിയിലെ നിരീക്ഷകനുമായിരുന്ന ഫാദർ ജെയിംസ് റോളൻറ് എസ്. ജെ. യുടെ ചരമവാർത്ത ബി. ബി. സി. ഡിസംബർ 28-ാം നു പ്രക്ഷേപണം ചെയ്യുകയുണ്ടായി.

## കമ്മ്യൂണിസത്തിന്റെ വക്കിലാണു് അച്ചൻ നില്ക്കുന്നതു്

(3-ാം പേജു് തുടർച്ച)

ളും നേർവഴി കാണുവാൻ പ്രയാസമുള്ളതും വിപ്ലവം ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നതുമായ സാഹചര്യങ്ങളിൽ അധികാരപൂർവ്വം സംസാരിക്കുന്നതു് മാർപ്പാപ്പായാണല്ലൊ. സംസാരിക്കണമേയെന്നു് മുതലാളികളും തൊഴിലാളികളും, സാമുദായികവിഷയം പഠിക്കുന്ന മററുള്ളവരും മാർപ്പാപ്പായോടു് അഭ്യർത്ഥിച്ചു. സുദീർഘമായ പ്രാർത്ഥനയും വിദഗ്ദ്ധന്മാരുമായുള്ള കൂടിയാലോചനയും കഴിയുന്നടത്തോളം നടത്തിയശേഷം 13-ാം ലെയോ മാർപ്പാപ്പാ തിരുവെഴുത്തുവഴിയായി സംസാരിച്ചു. എന്നിരിക്കെ പ്രസ്തുത തിരുവെഴുത്തു എത്ര വിലയുള്ളതായിരിക്കണം? അതിന്റെ ഗുണഫലം എത്രവലുതായിരിക്കണം! വിലയും ഗുണഫലങ്ങളും പീയൂസ് വിശദമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. എന്നുവരികിലും പ്രസ്തുത തിരുവെഴുത്തിനെ സംശയദൃഷ്ടിയോടുകൂടി വീക്ഷിക്കാൻ ചില കത്തോലിക്കർതന്നെയും മടിച്ചില്ലെന്നാണറിയുന്നതു്. ആ വാക്കുകൾ കേട്ടാലും:

“എങ്കിലും ചില മനുഷ്യർ അനല്പം അസ്വസ്ഥചിത്തരായിത്തീർന്നു. 13-ാം ലെയോയുടെ ഉൽകൃഷ്ടവും ഉന്നതവുമായ ബോധനങ്ങൾ ലൗകികങ്ങളായ കാതുകൾക്കു് തീരെ പുത്തരിയായിരുന്നു. കത്തോലിക്കരിൽത്തന്നെയും ചിലർ അവയെ സംശയദൃഷ്ടിയോടുകൂടിയാണു വീക്ഷിച്ചതു്. മററുചിലർക്കു് അവ ദുസ്സഹങ്ങളായിരുന്നു. എന്തുകൊണ്ടെന്നാൽ, ലെയോയുടെ ഉദ്ബോധനം ലിബറലിസംസൃഷ്ടിച്ചുവച്ച വിഗ്രഹങ്ങളെ സധൈര്യം ആക്രമിച്ചു തള്ളിത്താഴെയിട്ടു; മുരടിച്ചിരുന്ന മുൻവിധികളെ അടിച്ചുപായിച്ചു. ആ ഉദ്ബോധനം അക്കാലത്തെ ആളുകൾ പ്രതീക്ഷിച്ചിരുന്നതിനെക്കാൾ വളരെയധികം പുരോഗമനപരമായിരുന്നു. ഇമ്മൂലം മന്ദചിത്തന്മാർ ആ പുതിയ സാമൂഹ്യസിദ്ധാന്തങ്ങളുടെ പഠനത്തെ അവഹേളിച്ചു; ദുർബലമാനസന്മാർ അതിന്റെ ഉന്നതങ്ങളായ ആശയങ്ങളിലേക്കു കയറിച്ചെല്ലുവാൻ ഭയപ്പെട്ടു; വേറെ ചിലർ പ്രകാശദായകമായ പ്രസ്തുതസന്ദേശത്തെ അഭിനന്ദിക്കുവാൻ സന്നദ്ധരായെങ്കിലും അതിനെ അപ്രായോഗികമായ ആകാശക്കോട്ടയായിമാത്രം പരിഗണിച്ചു; തത്വത്തിൽ അഭിലഷണീയമാണെങ്കിലും പ്രയോഗത്തിൽ അപ്രാപ്യമാണെന്നായിരുന്നു അവരുടെ വിധി.”

ഇങ്ങനെയുള്ളവരെപ്പററി പീയൂസ് തിരുമേനി വിധികല്പിച്ചിട്ടുള്ളതും കേൾക്കേണ്ടതുതന്നെയാണു്. ലെയോ മാർപ്പാപ്പായുടെ തിരുവെഴുത്തുവഴിയായി താത്വികമായും പ്രായോഗികമായും തിരുസ്സഭയ്ക്കും സിവിൽ സമുദായത്തിനും ലഭിച്ചിട്ടുള്ള ഗുണങ്ങളെ വിസ്മരിച്ചശേഷം തിരുമനസ്സുകൊണ്ടു് സംശയദൃഷ്ടിക്കാരെ വിമർശിക്കുന്നതിങ്ങനെയാണു്:

“ഈ ആളുകൾ ഒന്നെങ്കിൽ തങ്ങൾക്കു യാതൊരു ജ്ഞാനവുമില്ലാത്ത സിദ്ധാന്തങ്ങളെ അപലപിക്കുന്നവരാണു്; അല്ലെങ്കിൽ അവയെപ്പററി അറിഞ്ഞശേഷം അവയെ മനസ്സിലാക്കുവാൻ തങ്ങൾക്കുള്ള ശക്തിക്കുറവിനെ പ്രകാശിപ്പിക്കുന്നവരാണു്; അഥവാ അവയെ മനസ്സിലാക്കിയിട്ടും നീതിബോധത്തോടും കൃതജ്ഞതയോടും കൂടി അവയനുസരിച്ചു പ്രവർത്തിക്കുവാൻ മനസ്സില്ലാത്ത ഹീനബുദ്ധികളാണു് തങ്ങളെന്നുള്ള ആരോപണത്തിനു് അവർ പാത്രമായിരിക്കുന്നു.”

ഈ ലേഖനത്തിന്റെ തലക്കെട്ടിൽ പ്രകാശിപ്പിച്ചിരിക്കുന്നവിധം കളിയായോ കാര്യമായോ ചെയ്യപ്പെടുന്ന ആരോപണങ്ങൾക്കു് മേലുദ്ധരിച്ച മാർപ്പാപ്പാമാരുടെ വാക്കുകൾ മറുപടി നൽകുന്നുണ്ടല്ലോ. ആ തിരുമേനിമാരെ സംശയദൃഷ്ടികളോടുകൂടി ചില കത്തോലിക്കർപോലും വീക്ഷിച്ചിരുന്ന സ്ഥിതിക്കു്, തിരുമേനിമാരുടെ ഉദ്ബോധനങ്ങളെ പ്രസംഗങ്ങളാലും ലേഖനങ്ങളാലും കാലോചിതം പ്രചരിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന വൈദികരും അവൈദികരും സംശയദൃഷ്ടികളോടുകൂടി വീക്ഷിക്കപ്പെടുന്നതിൽ തെല്ലും ആശ്ചര്യമില്ലതന്നെ.

## സാധാരണകൃത്യങ്ങൾ

(11-ാംപേജു് തുടർച്ച)

നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ അദ്ദേഹം ഒരു മഹാവിശുദ്ധനല്ലേ? തന്നിമിത്തം, ദിഗന്തങ്ങളിൽ കീർത്തിപ്രാഭിമ പരത്തുന്ന മഹൽകൃത്യങ്ങൾ നിർവ്വഹിച്ചവർക്കു, സ്വകർത്തവ്യങ്ങളിൽ ജാഗരൂകരായി കേവലം അപ്രസിദ്ധജീവിതം കഴിച്ചവരെക്കാൾ കൂടുതൽ പരിഗണന ദൈവം നൽകണമെന്നില്ല; ഇരുകൂട്ടർക്കും വിശുദ്ധിയുടെ പാരമ്യത്തിൽ എത്തിച്ചേരാവുന്നതുമാണു്.


വിധിദിവസത്തിൽ ദൈവം, നീ ഏതു ഉന്നത സ്ഥാനമാണു് അലങ്കരിച്ചിരുന്നതെന്നോ, ലോകം പ്രകീർത്തിക്കുന്ന മഹൽകൃത്യങ്ങൾ നീ എന്തുകൊണ്ടാണു് ചെയ്യാതിരുന്നതെന്നോ, ചോദിക്കയില്ല; പ്രത്യുത നീ നിന്റെ ജീവിതസ്ഥിതിയനുസരിച്ചു് എങ്ങനെ ജീവിച്ചുവെന്നു മാത്രമെ ചോദിക്കയുള്ളു. ജീവിതമാകുന്ന നാടകത്തിൽ നീ രാജാവിന്റെ ഭാഗമോ അഥവാ ഭൃത്യന്റെ ഭാഗമോ അഭിനയിച്ചതു് എന്നല്ല ചോദ്യം; പ്രത്യുത നിനക്കു നൽകപ്പെട്ട ഭാഗം നീ എങ്ങനെ അഭിനയിച്ചു എന്നായിരിക്കും. ഈ സർവ്വപ്രധാനമായ പരമാർത്ഥം പലരും മറന്നുപോകുന്നതുപോലെ തോന്നുന്നു. ഭക്ഷിക്കുക, പാനംചെയ്യുക, ജോലി ചെയ്യുക, സംഭാഷിക്കുക, ഉറങ്ങുക, ഉല്ലസിക്കുക തുടങ്ങിയ സാധാരണ കൃത്യങ്ങൾ പുണ്യസമ്പാദനത്തിനു ഒട്ടും ഉപയുക്തമല്ലെന്നുള്ള തെററിദ്ധാരണ പലർക്കും ഉണ്ടു്. സാങ്കേതികമായി ഭക്തികൃത്യങ്ങളെന്നു വിളിക്കപ്പെടുന്നവ സാങ്കേതികമായിത്തന്നെ നിർവ്വഹിച്ചാൽ മാത്രമെ പുണ്യമാകയുള്ളുവെന്നു അവർ വിചാരിക്കുന്നു. അവരോടു വി. ഗ്ലീഹാ ഇന്നത്തെ ലേഖനത്തിൽ ഉപദേശിക്കുന്നു: “വാക്കുമൂലമൊ പ്രവൃത്തിമൂലമൊ നിങ്ങൾ ചെയ്യുന്നതൊക്കെയും ഈശോമിശിഹായുടെ നാമത്തിൽ ചെയ്യിൻ.” വീണ്ടും വി. ഗ്ലീഹാതന്നെ മറെറാരിടത്തു പറയുന്നു: “നിങ്ങൾ ഭക്ഷിക്കയൊ കുടിക്കയൊ മറെറന്തെങ്കിലും കൃത്യങ്ങൾ ചെയ്കയൊ ചെയ്യുമ്പോൾ എല്ലാം ദൈവസ്തുതിക്കായി ചെയ്യുവിൻ.” (1. cor x-31). പൂർവ്വക്രിസ്ത്യാനികൾ ഈ തത്വം മനസ്സിലാക്കിക്കൊണ്ടാണു് “ജോലിചെയ്കയെന്നുള്ളതു് പ്രാർത്ഥിക്കുകയാകുന്നു” (Laborare est Orare) എന്നുള്ള ജീവിതനിയമം സ്വീകരിച്ചതു്. ദൈവസ്തുതിക്കായി ചെയ്യുന്ന ഏതു നിസ്സാരകൃത്യവും പ്രാർത്ഥനയാകുന്നു.

എല്ലാ മനുഷ്യരും രക്ഷപെടണമെന്നുള്ളതു് ദൈവതിരുമനസ്സാണു് (1. Tim. 11, 4) എന്നാൽ മഹൽകൃത്യങ്ങൾ നിർവ്വഹിക്കുവാൻ എല്ലാവരെക്കൊണ്ടും സാദ്ധ്യമല്ലല്ലൊ. തന്നിമിത്തം രക്ഷാസമ്പാദനത്തിനുള്ള മാർഗ്ഗം ഓരോരുത്തന്റെയും ജീവിതത്തിലെ സാധാരണകൃത്യങ്ങൾ നിഷ്ഠയോടും ദൈവസ്തുതിക്കായും നിർവ്വഹിക്കുകയാണെന്നു സിദ്ധിക്കുന്നു. സർവ്വദർശിയായ ദൈവം എല്ലാം കണ്ടുകൊള്ളും. അതുകൊണ്ടു ഈ ഒരു തത്വം എല്ലാവരുടേയും ഹൃദയങ്ങളിൽ ആഞ്ഞുകയറണം: അതായതു് രക്ഷാസമ്പാദനത്തിനായി നിങ്ങൾ വിശുദ്ധ സ്ഥലങ്ങളിലേക്കു തീർത്ഥയാത്രകഴിക്കയൊ അത്ഭുതങ്ങൾ പ്രവർത്തിക്കയൊ, രക്തസാക്ഷിത്വം പ്രാപിക്കയൊ, വിദൂരദേശങ്ങളിലെ ജനങ്ങളെ മാനസാന്തരപ്പെടുത്തുകയൊ ചെയ്യണമെന്നില്ല; മറിച്ചു്, ദൈവപരിപാലനയിൽ ഓരോരുത്തർക്കും നൽകപ്പെട്ടിരിക്കുന്ന ജീവിതാവസ്ഥയിലെ സാധാരണകൃത്യങ്ങൾ നന്നായി നിർവ്വഹിച്ചാൽ മാത്രം മതി.

ക്രിസ്തുനാഥൻ വിശ്വസ്തനായ ഭൃത്യനെ ശ്ലാഘിച്ചു; കാരണം അവൻ ചെറിയ കാര്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിച്ചു. പഴയ നിയമത്തിൽ പരിശുദ്ധാരൂപിതന്നെ ഒരു ധീര വനിതയെ ചിത്രീകരിക്കുന്നുണ്ടു് (prov. xxxi). ഒരു ഗൃഹനായികയുടെ സാധാരണഗുണങ്ങൾ മാത്രമാണു് അതിൽ പ്രകീർത്തിക്കപ്പെടുന്നതു്. സുവിശേഷത്തിൽ കർത്താവു പറയുന്നു: “ആ ദിവസത്തിൽ പലരും എന്നോടു പറയും: കർത്താവേ, കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കയും പിശാചുക്കളെ പുറത്താക്കയും വളരെ അത്ഭുതങ്ങൾ പ്രവർത്തിക്കയും ചെയ്തില്ലയോ? അപ്പോൾ ഞാൻ അവരോടു പറയും, ഞാൻ നിങ്ങളെ അറിഞ്ഞിട്ടില്ലയെന്നു്.” മഹൽകൃത്യങ്ങൾ ചെയ്തതുകൊണ്ടുമാത്രം എന്തു ഫലമുണ്ടായി?

എന്നാൽ ഒരു കാര്യം പ്രത്യേകം സ്മർത്തവ്യമായിട്ടുണ്ടു്. നമ്മുടെ അനുദിനമുള്ള സാധാരണകൃത്യങ്ങൾ രക്ഷാകരങ്ങളാകണമെങ്കിൽ നിയോഗശുദ്ധി നമുക്കുണ്ടായിരിക്കണം. സകല കൃത്യങ്ങളുംദൈവസ്തുതിക്കുവേണ്ടിയായിരിക്കണം നാം നിർവ്വഹിക്കുന്നതു്. പ്രഭാതജപങ്ങൾചൊല്ലുമ്പോൾ അന്നത്തെ സകല പ്രവൃത്തികളും ദൈവസ്തുതിക്കായി നിയോഗിക്കണം. അതിനായി ജപാപ്പസ്തോല സഖ്യത്തിലെ “കാഴ്ചവെപ്പു്” ജപം ഹൃദിസ്ഥമാക്കുന്നതു നന്നായിരിക്കും. ദിവസത്തിൽ പലതവണയും “ഈശോയെ എല്ലാം നിനക്കുവേണ്ടി” എന്നുരുവിട്ടുകൊണ്ടു് ഉദ്ദേശശുദ്ധിയെ നവീകരിക്കണം. ഇതു നമ്മുടെ ജീവിതത്തെ പവിത്രീകരിക്കും. പരിശുദ്ധമായ ഒരു പ്രചോദനം എല്ലാ പ്രവൃത്തികളിലും നമുക്കനുഭവപ്പെടും. യാതൊരുദിവസവും പാഴായിപ്പോകയില്ല. ജീവിതം ഒരുപക്ഷേ ഹ്രസ്വമായാലും അതു പുണ്യയോഗ്യതകൾകൊണ്ടു സമ്പൂർണ്ണമായിരിക്കും. നിസ്സാരമായ ഓരോ പ്രവൃത്തിയും നമ്മെ ദൈവത്തിലേക്കടുപ്പിക്കും. കാററു് അനുകൂലമായിരിക്കുമ്പോൾ കപ്പലിൽ ഉറങ്ങുന്ന ഒരു യാത്രക്കാരൻ പ്രഭാതത്തിൽ ഉണർന്നു നോക്കുമ്പോൾ തന്റെ ലക്ഷ്യമായ തുറമുഖത്തെ കൂടുതൽ സമീപിച്ചതായി ഗ്രഹിക്കുന്നതുപോലെ, രാത്രിയിൽപ്രജ്ഞാരഹിതരായി നാം ഉറങ്ങുന്ന വേളയിൽ പോലും നാം സ്വർഗ്ഗത്തോടു് സമീപിച്ചുകൊണ്ടിരിക്കും.

(ജെ. ചെമ്മണൂർ)



ഇസ്ത്വാൻ കൊമാരോമി സ്ഫടികങ്ങളിൽ വിചിത്രവേലകൾ ചെയ്യുന്നതിനു് അദ്വിതീയമായ സാമർത്ഥ്യമുള്ള ഒരു കലാകാരനാണു്. ഹംഗറിയിൽ ജാതനായ ഇദ്ദേഹം ഇപ്പോൾ ഇംഗ്ലണ്ടിൽ താമസിച്ചുവരുന്നു. സ്ഫടികംകൊണ്ടുള്ള രണ്ടു വടികളുടേയും ഒരു ബ്ളോലാമ്പിന്റേയും (ഗ്ലാസ്സ് ഉരുക്കുവാനുപയോഗിക്കുന്ന ഒരുതരം വിളക്കു്) സഹായത്തോടുകൂടി മനുഷ്യരുടേയും മററും മനോഹരരൂപങ്ങൾ ചില്ലുകളിൽ വരയ്ക്കുന്നതിനു അദ്ദേഹത്തിനു സാധിക്കും. അദ്ദേഹം തന്റെ സ്റ്റുഡിയോയിൽ ജോലിചെയ്യുന്നതിനെ ചിത്രത്തിൽ കാണാം.




വക്കീൽ: സംഭവം നടന്നസ്ഥലം താൻ നിന്നിരുന്നിടത്തുനിന്നു് എത്ര അകലെയായിരുന്നു?

സാക്ഷി: ഏകദേശം ഒരു മൈൽ.

വക്കീൽ: എപ്പോഴാണു് സംഭവം നടന്നതു്?

സാക്ഷി: വെളുപ്പിനു രണ്ടു മണിക്കു്.

വക്കീൽ വിജയഭാവത്തിൽ: അപ്പോൾ തനിക്കു രാത്രി എത്ര അകലംവരെ കാണാൻ സാധിക്കും?

സാക്ഷി: കൃത്യമായി പറയാൻ നിവൃത്തിയില്ല. എങ്കിലും ചന്ദ്രനേയും മററും നന്നായി കാണാൻ സാധിക്കുന്നുണ്ടു്.

* * *

“താൻ ഇന്നലെ എന്റെ കുട്ടിയെ പല്ലുകടിച്ചുകാണിച്ചു ഭയപ്പെടുത്തിയെന്നു പറയുന്നതു കേട്ടല്ലോ?”

“എന്തൊരസംബന്ധമാണീപറയുന്നതു്? ഞാൻ നിങ്ങളുടെ കുട്ടിയെ കണ്ട സമയത്തു് എന്റെ പല്ലു് മേശയിലിരിക്കയായിരുന്നു.”

* * *

ജോണി നവജാതനായ തന്റെ അനുജൻ കിടന്നു പിടയുകയും നിലവിളിക്കുകയും ചെയ്യുന്നതുകണ്ടിട്ടു്: “അമ്മേ, ഇവൻ സ്വർഗ്ഗത്തിൽനിന്നു വന്നതല്ലേ?”

“അതേ.”

“വെറുതെയല്ല അവർ ഇവനെ ഇങ്ങോട്ടു തള്ളിയിട്ടതു്!”

* * *

മിഷനറി വൈദികൻ പ്രസംഗാനന്തരം സങ്കീർത്തിയിലേക്കു തിരിച്ചപ്പോൾ സണ്ണി പുറകെ ഓടിച്ചെല്ലുന്നതുകണ്ടിട്ടു് അദ്ദേഹം തിരിഞ്ഞുനിന്നു ചോദിച്ചു: എന്താ കുഞ്ഞേ? നിനക്കും എന്നെപ്പോലെ ഒരു മിഷനറി ആയാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടു്, ഇല്ലേ?

സണ്ണി: ഇല്ലച്ചാ. അച്ചന്റെ കൈവശം ആ നാടുകളിലെ സ്റ്റാമ്പുണ്ടോ എന്നു ചോദിക്കാൻ വന്നതാണു്.

* * *

മജിസ്ത്രേററു്: ഞാൻ ഇവിടെ വന്നിട്ടു് ഇപ്പോൾ ഇരുപതാമത്തെ പ്രാവശ്യമാണു് തന്നെ പ്രതിയായി കാണുന്നതു്.

പ്രതി: സാറിനു ഉദ്യോഗക്കയററംകിട്ടി സ്ഥലംമാറിപ്പോകാത്തതിനു ഞാൻ ഉത്തരവാദിയാണോ?

## പ്ലാശനാൽ

സ്ഥലം സെൻറ് ആൻറണീസ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ വാർഷികം ജാനുവരി 22-ാംനു സാഘോഷം കൊണ്ടാടിയിരിക്കുന്നു. തത്സംബന്ധമായി നടന്ന യോഗത്തിൽ വിശാഖപട്ടണം മെത്രാൻ തിരുമനസ്സുകൊണ്ടു് ആദ്ധ്യക്ഷം വഹിക്കുകയും മി. ഇഗ്നേഷ്യസ് പുത്തേട്ടു് ബി. എ. ബി. എൽ. ഒരു പ്രസംഗം ചെയ്കയുമുണ്ടായി. പ്രസ്തുത ചടങ്ങുകളിലെല്ലാം സലേഷ്യൻസഭാസുപ്പീരിയർ ജനറൽ സംബന്ധിച്ചിരുന്നു എന്നതും പ്രസ്താവ്യമാണു്.

കാരാഗൃഹത്തിൽനിന്നും

## മോചിച്ചു

ന്യൂയോർക്ക സ്റ്റേററിലെ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്ന ഹരോൾഡ് സെയ്ലർ 3 കൊല്ലം ആ കാരാഗൃഹത്തിൽ ഒരു പള്ളിപണിയുന്നതിനു സഹായിച്ചു എന്ന കാരണത്താൽ മോചിക്കപ്പെട്ടിരിക്കുന്നു. അയാൾ അനുഭവിക്കേണ്ടിയിരുന്ന 40 കൊല്ലത്തെ തടവുശിക്ഷയിൽ 18 കൊല്ലംമാത്രമേ കഴിഞ്ഞിരുന്നുള്ളു.

# ക്രിസ്ത്യാനികളുടെ ശില്പസംവിധാനം *

(എടമരം വി. സെബാസ്ത്യൻ, വിദ്വാൻ)

(തുടർച്ച)

### റോമൻസ്കൃരീതിയും ഗോത്തിക് രീതിയിലേക്ക്

കഴിഞ്ഞ ലേഖനത്തിൽ റോമൻസ്കൃ ശില്പവിധാനം സാവധാനത്തിൽ ഒരു സ്വതന്ത്ര രീതിയായി വളർന്നു പ്രാപിച്ചുകൊണ്ടിരിക്കെ ക്രമാഗതമായ ഓരോ നവീന സംസ്കാരങ്ങളോടുകൂടി അതു് ലൊംബാർഡിയിൽനിന്നു് തെക്കു് ഇററലി, പടിഞ്ഞാറു് ഫ്രാൻസ്, സ്പെയിൻ, വടക്കു് ജർമ്മനി, ഒടുവിൽ ഇംഗ്ലണ്ടു് എന്നീ രാജ്യങ്ങളിലെങ്ങും എത്തി പ്രചരിക്കാൻ തുടങ്ങിയതായി പ്രസ്താവിച്ചുവല്ലോ. ഈ വിവിധരാജ്യങ്ങളിൽ നിർദ്ദിഷ്ടപ്രസ്ഥാനത്തിനുണ്ടായ വ്യതിരേകങ്ങൾ പലതാണെങ്കിലും ഭവനത്തിന്റെ മൌലികമായ ആകൃതിയും പ്രതാപവും സർവ്വത്ര ഏകരൂപമായിരുന്നതിനാൽ അവയെല്ലാം അനേകം വ്യത്യസ്തരീതികളായി സങ്കല്പിക്കാൻ നിവൃത്തിയില്ല. പ്രത്യുത താദൃശവൈധർമ്മ്യങ്ങൾ പരിതഃസ്ഥിതികളുടെ മാററംമൂലം സംഭവിച്ച കലർപ്പുകളായിട്ടേ കരുതാൻ പാടുള്ളൂ. എങ്ങനെയെന്നാൽ:—

(1) മാർബിൾക്കല്ലുകളുടെ വിളഭൂമിയായ ഇററലിയിൽ ദേവാലയഭിത്തികൾ അകത്തും പുറത്തും വർണ്ണഭേദത്തോടുകൂടിയ ശിലാഫലകങ്ങൾ ഇടകലർത്തിച്ചേർത്തു് അലങ്കരിക്കുന്ന ഒരു പദ്ധതി പ്രകൃത്യാ പുഷ്ടിപ്പെടാൻ തുടങ്ങി. കൂടാതെ പൂർവ്വപാരമ്പര്യത്തെത്തുടർന്നു് അഭിവൃദ്ധിപ്പെട്ട ആലേഖനകലയുടെ പ്രവർത്തനങ്ങളും അവിടെ പ്രാകാരങ്ങൾക്കു് അഭിനവസൗകുമാര്യം കൈവളർത്തിവന്നു. നേരേ മറിച്ചു് മണൽപ്പാറകളുടെയും കുമ്മായക്കല്ലിന്റെയും നാടായ വടക്കൻ രാജ്യങ്ങളിൽ കൽച്ചുമരുകൾ ചായപ്പണി ചെയ്തു മോടിപിടിപ്പിക്കാനുള്ള ശ്രമം സഫലമായില്ല. പകരം വാതിലുകളുടേയും വാതായനങ്ങളുടേയും വർത്തുളാകാരമായ ഉപരിതലം പലവിധ കൊത്തുപണികൾ ചെയ്തു് ഭംഗിയാക്കാനുള്ള പുറപ്പാടാണു് ആ ദിക്കുകളിൽ പ്രത്യേകം പ്രചാരം ഭവിച്ചതു്.

(2) മാർബിളിന്റെയും കരിങ്കല്ലിന്റെയും—അധികപങ്കും പണ്ടത്തെ റോമൻക്ഷേത്രങ്ങളിൽനിന്നു് പണിക്കുറം തീർന്നു് ലഭിച്ചവ—ഉപയോഗം ഇററലിയിൽ തൂണുകൾക്കു് വിശേഷമായ ഒരു ശോഭ നൽകുകയും പ്രാചീനാവശിഷ്ടങ്ങളിൽ നിന്നു് ഉയർന്നു് ശോഷിച്ച ഒററക്കൽസ്തംഭങ്ങളുടെ മാതൃക സുലഭമായി കണ്ടെത്തി അനുകരിക്കാൻ ശില്പികളെ പ്രാപ്തരാക്കുകയും ചെയ്തു. അത്തരം ഘനവും ഉറപ്പേറിയതുമായ പദാർത്ഥങ്ങൾ അലഭ്യമായ വിദൂരസ്ഥലങ്ങളിൽ ചെറുകഷണങ്ങളായി വെട്ടിയെടുത്ത സാധാരണകല്ലുകൊണ്ടേ മന്ദിരം പണിചെയ്യാൻ കഴിവുണ്ടായിരുന്നുള്ളൂ. തന്നിമിത്തം വട്ടത്തൂണുകൾക്കു പകരം ആ ദിക്കുവാസികൾ ചതുരസ്തംഭങ്ങൾ കൂടുതൽ ഇഷ്ടപ്പെടുകയും, തൂണുകൾ വട്ടത്തിലാണെങ്കിൽത്തന്നെ ആവശ്യത്തിലധികം വലിയ കൽക്കഷണങ്ങൾ ചേർത്തു് നിർമ്മിക്കേണ്ടിയിരുന്നതിനാൽ സംഭവിക്കാവുന്ന ബലക്കുറവും തേച്ചുമിനുക്കാനുള്ള സാമർത്ഥ്യക്കുറവും പരിഗണിച്ചു് ഇററാലിയൻ സ്തംഭങ്ങളെക്കാൾ വളരെ വണ്ണംകൂട്ടിപ്പണിചെയ്യുകയുമാണു് ചെയ്തിരുന്നതു്. ഭിത്തികൾക്കും അതേകാരണത്താൽ ഘനം അസാമാന്യമായി വർദ്ധിക്കാൻ ഇടയായി. ഇംഗ്ലണ്ടിലും യൂറോപ്പുവൻകരയിലും നോർമ്മന്മാർ നടത്തിയ പണികൾ അങ്ങനെ അസാധാരണവും അത്യധികം അചേതനവും അതിസ്ഥൂലവുമായി പരിണമിച്ചു.

(3) കാററും തണുപ്പും അധികമുള്ളതായ കാലാവസ്ഥമൂലം വടക്കൻ യൂറോപ്പുദേശങ്ങളിൽ ഭവനങ്ങൾക്കു് ആ ശല്യങ്ങൾ തടുക്കാൻ വേണ്ട മുൻകരുതലുകൾ ചെയ്യേണ്ടതു് അവശ്യം ആവശ്യമായി. തന്നിമിത്തം ജനലുകൾക്കു് കണ്ണാടി സുലഭമല്ലാതിരുന്നതിനാൽ അഴികളോ കമ്പിവലകളോ കതകുകളോ ഉണ്ടാക്കുന്നതിനും വാതായനങ്ങളുടെ പഴുതുകൾ കഴിയുന്നത്ര ചെറുതാക്കുന്നതിനും അന്നാട്ടുകാർ നിർബ്ബന്ധിതരായിത്തീർന്നു.

(4) കനത്ത മഞ്ഞുകട്ടകൾ വീണു് മുകളിൽ തങ്ങി കെട്ടിടങ്ങൾ തകർത്തുകളയത്തക്ക അവസരങ്ങൾ ധാരാളമുള്ളതിനാൽ മന്ദിരങ്ങളുടെ മേൽക്കൂര് ദാക്ഷിണാത്യമാതൃകവിട്ടു് അത്യധികം കൂർച്ചമായിപ്പണിചെയ്യേണ്ടതും ഉത്തരദിഗ്വാസികൾക്കു് ഒഴിവാക്കാൻ കഴിയുന്ന കാര്യമായിരുന്നില്ല.

പദാർത്ഥങ്ങളേയും കാലാവസ്ഥയേയും സംബന്ധിച്ചു് മേൽക്കാണിച്ച വിശേഷരൂപാധികൾക്കുപുറമെ ഇതരപ്രേരണകളും തത്തൽ പ്രാദേശികശില്പവിധാനങ്ങളെ ഏറെക്കുറെ പരസ്പരം വ്യത്യാസപ്പെടുത്താൻ നിദാനമായിത്തീർന്നിട്ടുണ്ടു്. റോമിനോടടുത്ത നാടുകളിലെ നവീനശില്പികൾ പ്രാചീനപ്രസ്ഥാനത്തിന്റെ സ്മരണയാൽ പ്രകൃത്യാ ആകർഷിക്കപ്പെട്ടുകൊണ്ടിരുന്നു. തൽഫലമായി ലൊംബാർഡിയിൽ മിക്കവാറും സ്വതന്ത്രമായ രൂപത്തിലും രീതിയിലുമുള്ള ഒരു മാതൃക നിലവിൽ ഉണ്ടായിരുന്നിട്ടും മദ്ധ്യ ഇററലിയിലും മററും പഴയ പ്രസ്ഥാനം തന്നെ കൂടുതലായി അനുവർത്തിക്കപ്പെടുകയാണുണ്ടായതു്.

ഗ്രീക്കു് സംസ്കാരത്തോടു് അതിമാത്രം ബന്ധിക്കപ്പെട്ടിരുന്ന ഇററലിയുടെ ദക്ഷിണവിഭാഗങ്ങളിലെ ശില്പരീതിയിൽ ബിസൻറയിൻ ഛായ സുവ്യക്തമായിക്കാണാവുന്നതാണു്. സിസിലിയിൽ ക്രൈസ്തവദേവാലയങ്ങൾക്കു് ഉചിതമായ ഒരു തനതുരൂപം നൽകാൻ ശക്യമാകത്തക്കവണ്ണം "മൂറിഷ്" അഥവാ "സാരസൻ" ശില്പരീതി തൃപ്തികരമായി പ്രതിഷ്ഠപ്രാപിച്ചിരുന്നു. പലേർമ്മൊയിലെ കത്തീഡ്റൽ പള്ളി ഇതിനു പ്രത്യക്ഷലക്ഷ്യമായി ഇന്നും സ്ഥിതിചെയ്യുന്നുണ്ടു്. 13-ാം നൂററാണ്ടിൽ നോർമ്മന്മാർ സിസിലി കീഴടക്കിയതോടെ വളർച്ച തികയാത്ത അവരുടെ റോമൻസ്കൃ പ്രസ്ഥാനത്തിനും അവിടെ പ്രവേശം ലഭിച്ചു. എന്നാൽ സ്പഷ്ടപുഷ്ടി പ്രാപിച്ചിരുന്ന സാരസൻ ശില്പരീതി അതിനെ ഗ്രസിച്ചുകളകയാണു് ചെയ്തതു്. മൊൺറീലിലെ കത്തീഡ്റൽ ദേവാലയത്തിന്റെ അനന്യദൃശ്യമായ ആകൃതി ഇതിനു സാക്ഷ്യം വഹിക്കുന്നു. റോമൻസ്കൃരീതിയുടെ അരങ്ങേററത്തിനു് നിർബാധമായ രംഗം ഒത്തുകിട്ടിയതു് ഫ്രാൻസിലും ജർമ്മനിയിലും മാത്രമാണു്. ഏതന്മൂലം ആ രാജ്യങ്ങളിലും നോർമ്മൻ ഇംഗ്ലണ്ടിലും ഈ രീതിയുടെ സർവ്വതന്ത്രസ്വതന്ത്രമായ ഛായകൾ നാം സുലഭമായിക്കാണുന്നു. എന്നാൽ അവിടെയും ചില ഭാഗങ്ങളിൽ ബിസൻറയിൻ രീതിയുടെ ആക്രമണചിഹ്നങ്ങൾ ഇല്ലെന്നില്ല. കാരണം മുൻപ്രസ്താവിച്ചതുപോലെ അനവധി ബിസൻറയിൻ ശില്പികൾ യൂറോപ്പിലേക്കു് കുടികടത്തപ്പെട്ടു എന്നതാണു്. പെരിഗെയ്ക്സിലെ (Perigeix) സെൻറ് ഫ്രോണ്ടിന്റെ ദേവാലയം അന്യത്ര എടുത്തുകാണിച്ചിട്ടുള്ളതു ഇവിടെയും ഉദാഹരണാർത്ഥം സ്മരണീയമാകുന്നു. എയിക്സിൽ (Aix) ഉള്ള കാറൾമാൻ ചക്രവർത്തിയുടെ വൃത്താകാരമായ ഉദ്യോഗസ്ഥഭവനവും മൂലതഃ ബിസൻറയിൻരീതിയിലാണു് നിർമ്മിക്കപ്പെട്ടിരുന്നതു്. വേറെയും ചില സ്ഥലങ്ങളിൽ നിർദ്ദിഷ്ടശില്പലക്ഷ്യമായി ശിരോഗോളങ്ങളുടെ പണി നടന്നിട്ടുള്ളതായി കാണാം. കൊളോണിലും ലാസി (Laach) ലും ഉള്ള മണിമേടകളുടെ വിനോദകരമായ മേൽക്കൂരകളിൽ മിക്കവാറും ടാർട്ടറിക്കു് ശില്പത്തിന്റെ ചില മങ്ങിയ മുദ്രകളും പതിഞ്ഞുകിടപ്പുണ്ടു്. ആകെക്കൂടി നോക്കിയാൽ സമുദ്രത്തിൽ ഒററപ്പെട്ടു സ്ഥിതിചെയ്യുന്നതുമൂലം നോർമ്മൻ ഇംഗ്ലണ്ടാണു് വിദേശശില്പങ്ങളുടെ പിടിപാടിൽനിന്നു് അത്യധികം സ്വതന്ത്രമായിരുന്നതെന്നു തീർത്തുപറയാം.

പഴയതും പുതിയതുമായ റോമൻസ്കൃരീതികൾക്കു തമ്മിലുള്ള ഏററം മൌലികമായ വ്യത്യാസം മരംകൊണ്ടു മച്ചുകൂടാതെയുള്ള മേൽക്കൂരകൾക്കു പകരം വെൺമാടങ്ങൾ പണിചെയ്യപ്പെട്ടു എന്നതാണു്. ആദിയിൽ ഈ പ്രസ്ഥാനം പണ്ടത്തെ റോമൻ ക്ഷേത്രങ്ങളുടെ പണി നേരെ അനുകരിച്ചുണ്ടായതോ അഥവാ ബിസൻറയിൻ മാതൃകകളിൽനിന്നു ഉത്ഭവിച്ചതോ അല്ലെങ്കിൽ സ്വയമേവ ഉദയംചെയ്തതോ എന്നു് നിശ്ചയിക്കാൻ മതിയായ തെളിവൊന്നുമില്ല. പ്രാരംഭത്തിൽ പള്ളികൾ മുഴുവൻ വൃത്തത്തിൽ കനത്ത ചുമരുകൊണ്ടു് അടച്ചുകെട്ടി അന്തർഭാഗം ഒരു തുരങ്കംപോലെയോ കുഴൽപോലെയോ ആക്കി ചമയ്ക്കുകയായിരുന്നു പതിവു്. ഇത്തരം പണികൊണ്ടു് ഉപരിഭാഗത്തു് ജനലുകൾ സ്ഥാപിക്കാൻ വിഷമമായതിനാൽ ശില്പത്തിന്റെ ന്യൂനത വേഗം വ്യക്തമായി. പിന്നത്തെ പരിഷ്കാരം പാർശ്വങ്ങളിൽ വാതായനങ്ങൾ വെട്ടിവെച്ചു് അവയ്ക്കു മീതെ വിലങ്ങത്തിൽ ഓരോ ആർച്ചുണ്ടാക്കുകയെന്നതായിരുന്നു. അനന്തരം അവ ആദ്യത്തേ വലുപ്പംവോളംതന്നെ വലുതാക്കാൻ തുടങ്ങി. എന്നാൽ അകത്തു തൂണുകളുടെ മദ്ധ്യേ ഉള്ള ഓരോ ചതുരശ്രാന്തരാളം മാത്രമേ ഓരോ വളവുകൊണ്ടു മറയ്ക്കാൻ കഴിഞ്ഞിരുന്നുള്ളൂ. ത്രികോണാകാരമായ ആർച്ചിന്റെ പണിസംബന്ധിച്ച അറിവു് പ്രയോഗത്തിൽ വന്നതോടെ ഈ ബുദ്ധിമുട്ടു് നീങ്ങുകയും അത്തരം ഒരാർച്ചുകൊണ്ടു് പൂർവ്വാധികം സ്ഥലം ആവരണം ചെയ്യാൻ സാദ്ധ്യമാവുകയും ചെയ്തു. എന്നാൽ ഇന്നും നിസ്സന്ദേഹം റോമൻസ്കൃരീതി അനുസരിച്ചു നിർമ്മിക്കപ്പെട്ട ഭവനങ്ങളിൽ പ്രസ്തുതനവീനചിഹ്നം ധാരാളമായിക്കാണുന്നുണ്ടെങ്കിലും അതു തുടർന്നഭിവൃദ്ധിപ്പെട്ട ഗോത്തിക്കു് ശില്പപദ്ധതിയുടെ തനിമുദ്രയാകയാൽ തൽസംബന്ധമായി അധികമൊന്നും ഇവിടെ പ്രസ്താവിക്കേണ്ടയാവശ്യമില്ല. എട്ടോ ഒമ്പതോ ശതാബ്ദത്തോടടുത്തു് വിലങ്ങൻ ആർച്ചുകൾ ആദ്യമായി നിർമ്മിക്കപ്പെടാൻ തുടങ്ങി. 11-ാം നൂററാണ്ടിൽ അതു സർവ്വത്ര സാധാരണമായിത്തീർന്നു 12-ാം ശതകത്തിൽ നിരന്തരമായി ലഭിച്ച വളർച്ചമൂലം അടുത്ത യുഗാരംഭമായപ്പോഴേക്കു് റോമൻസ്കൃശില്പസംവിധാനം പരിപൂർണ്ണപുഷ്ടിപ്രാപിച്ചു. ഭവനനിർമ്മാണത്തിന്റെ മേൽപ്രസ്താവിച്ച നവീനഘടകം നടപ്പിൽവന്നതിനു മുമ്പു് അതിവേഗത്തിൽ നിർദ്ദിഷ്ടരീതി അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയിട്ടില്ലാതിരുന്നതിനാൽ പുതിയ വിദ്യ ആദ്യം അതിഥിയായി കൂടുകയും ക്രമേണ യജമാനപദത്തിൽ കയറി ക്രൈസ്തവശില്പപാരമ്പര്യത്തിനു വലിയ പരിവർത്തനം വരുത്തുകയും ചെയ്തു. ഒററവാക്കായിപ്പറഞ്ഞാൽ ത്രികോണാകാരമായ ആർച്ചിന്റെ സന്നിവേശം റോമൻസ്കൃശില്പത്തിന്റെ കൊലവിധിക്കു് ഒപ്പുവെക്കലായിരുന്നു.

*പകർപ്പവകാശം ലേഖകനു്

പ്രഭാഷണം

# സാധാരണകൃത്യങ്ങൾ

"ആകയാൽ വിശുദ്ധരും സ്നേഹഭാജനങ്ങളുമായ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കു അനുയോജ്യമായ വിധത്തിൽ കരുണയും മനസ്സലിവും കൃപയും വിനയവും സൌമ്യതയും ക്ഷമയും പ്രദർശിപ്പിക്കുവിൻ. നിങ്ങൾ പരസ്പരം ക്ഷമിക്കുകയും സഹിക്കുകയും ചെയ്വിൻ. ഒരുത്തനു മറെറാരുത്തനോടു വഴക്കുണ്ടെങ്കിൽ മിശിഹാ നിങ്ങളോടു് ക്ഷമിച്ചതു് എങ്ങനെയോ അങ്ങനെതന്നെ ക്ഷമിക്കുവിൻ. ഇവയ്ക്കെല്ലാമുപരിയായി, പരിപൂർണ്ണതയുടെ ബന്ധമായ സ്നേഹം നിങ്ങൾക്കുണ്ടായിരിക്കട്ടെ. നിങ്ങൾ ഏകശരീരമായി ഏതിനായിട്ടു വിളിക്കപ്പെട്ടിരിക്കുന്നുവോ മിശിഹായുടെ ആ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ. മിശിഹായുടെ വചനം സകല ജ്ഞാനത്തിലും സമൃദ്ധിയായി നിങ്ങളിൽ വസിക്കുവാൻവേണ്ടി അങ്ങയെ നിങ്ങൾ സ്തുതിക്കുവിൻ. സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും നിങ്ങൾ പരസ്പരം പഠിപ്പിക്കയും ഉപദേശിക്കയും ചെയ്വിൻ. നന്ദിയോടുകൂടെ നിങ്ങളുടെ ഹൃദയങ്ങൾകൊണ്ടു് ദൈവത്തിനു സ്തോത്രം പാടുവിൻ. വാക്കുമൂലമൊ പ്രവൃത്തിമൂലമൊ നിങ്ങൾ ചെയ്യുന്നതൊക്കെയും നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ ചെയ്യുവിൻ അവൻവഴിയായി പിതാവായ ദൈവത്തെ സ്തുതിക്കുവിൻ" (ദെനഹാ 5-ാം ഞായർ ലേഖനം. കൊളൊസ്സ. ii, 12-17)

സുപ്രസിദ്ധ ശില്പകലാവിദഗ്ദ്ധനായിരുന്ന മൈക്കൽ ആഞ്ചലൊ ഒരു പ്രതിമാനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ രക്ഷാകർത്തൃത്വം വഹിച്ചിരുന്ന പ്രഭു നിർമ്മാണശാലയിൽ ആഗതനായി പ്രതിമയുടെ പണി എത്രയോ സാവധാനത്തിലാണു് പുരോഗമിച്ചിരുന്നതെന്നു കണ്ടു് സാശ്ചര്യം അദ്ദേഹം ചോദിച്ചു: "ഞാൻ കുറെ ദിവസം മുമ്പു് ഇവിടെ വന്നുപോയതിൽപ്പിന്നെ നിങ്ങൾ ഒന്നുംതന്നെ പണിതതായി തോന്നുന്നില്ലല്ലോ; ഈ ദിവസങ്ങളിൽ നിങ്ങൾ എന്തു ചെയ്കയായിരുന്നു?" "ഓ", മൈക്കൽ പ്രത്യുത്തരിച്ചു "ഞാൻ പ്രതിമയുടെ ഈ ഭാഗം സ്വല്പം ഭേദപ്പെടുത്തി; ആ ഭാഗം അല്പം മിനുസമാക്കി; ഇവിടെക്കാണുന്ന വികാരഭാവം അല്പം മയപ്പെടുത്തി; ആ മാംസപേശിയെ കുറെക്കൂടി ഉയർത്തിനിർത്തി; ചുണ്ടുകൾ അല്പംകൂടി സജീവമാക്കി; ഈ അവയവം കുറെക്കൂടി ചുരുചുരുപ്പുള്ളതാക്കി." പ്രഭു വീണ്ടും ചോദിച്ചു: "ഈ നിസ്സാരകാര്യങ്ങൾക്കുവേണ്ടിയാണോ ഈ ദിവസങ്ങൾ മുഴുവൻ നിങ്ങൾ വിനിയോഗിച്ചതു്?" "അതെ," മൈക്കൽ മറുപടി പറഞ്ഞു, "പക്ഷേ, നിസ്സാരകാര്യങ്ങളാണു് ഒരു വസ്തുവിന്റെ പരിപൂർണ്ണതയ്ക്കു് നിദാനം; പരിപൂർണ്ണത നിസ്സാരകാര്യവുമല്ലല്ലോ" മൈക്കൽ ആഞ്ചലൊ നൽകിയ ഈ മറുപടി ലൗകികകാര്യങ്ങളെക്കുറിച്ചു മാത്രമല്ല ആദ്ധ്യാത്മികകാര്യങ്ങളെ സംബന്ധിച്ചും വളരെ അർത്ഥവത്താണെന്നു തീർത്തുപറയാം. അനുദിനജീവിതത്തിലുള്ള ചെറിയ ചെറിയ കാര്യങ്ങൾ—നിസ്സാരങ്ങളായി അഗണ്യകോടിയിൽ തള്ളപ്പെടുന്ന സാധാരണകൃത്യങ്ങൾ—ആണു് ഒരു വ്യക്തിയുടെ ആദ്ധ്യാത്മികജീവിതത്തിനും സാഫല്യപ്രാപ്തിക്കും ഉപകരിക്കുന്നതു്.

പ്രകൃതിയിലെ സൃഷ്ടിജാലങ്ങളെ നാം അഭിവീക്ഷിക്കുമ്പോൾ അവയിൽ ബൃഹത്തായവയെ നാം വിസ്മയത്തോടെ നോക്കി നിൽക്കാറുണ്ടു്. വിശാലമായ ആകാശത്തട്ടും സൂര്യചന്ദ്രനക്ഷത്രാദികളും കരകാണാത്ത സമുദ്രവും ഉന്നതമായ ഗിരിശൃംഗങ്ങളും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. എന്നാൽ അതേസമയംതന്നെ വായുമണ്ഡലത്തിലും ജലാശയങ്ങളിലും, കരയിലും കടലിലും, കോടിക്കണക്കിനു ചെറുപ്രാണികളും പരമാണുജീവികളും നഗ്നമായ കണ്ണുകൾക്കു വിഷയീഭവിക്കാതെ ജീവിക്കുന്നുണ്ടെന്നുള്ള പരമാർത്ഥം നാം ഓർക്കുന്നില്ല. സമുദ്രത്തിലെ വലിയ തിമിംഗലങ്ങളേയോ, പ്രകൃതിയിലെ ബൃഹത്തമങ്ങളായ വസ്തുക്കളെയോ പോലെതന്നെ ഈ പരമാണുജീവികളും ദൈവത്തിന്റെ മഹിമാപാരമ്യവും അനന്തശക്തിയും പ്രഖ്യാപനം ചെയ്യുന്നുണ്ടു്. ഇതുപോലെത്തന്നെ, മനുഷ്യരുടെയിടയിലും വളരെ ഒച്ചപ്പാടുണ്ടാക്കിയവർ, ധീരകൃത്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളവർ, മഹൽക്കാര്യങ്ങൾ സാധിച്ചിട്ടുള്ളവർ ഉണ്ടായിട്ടുണ്ടു്. ചരിത്രത്തിന്റെ ഏടുകളിലും മനുഷ്യരുടെ ഹൃദയങ്ങളിലും അവരുടെ നാമങ്ങൾ ആലേഖനം ചെയ്യപ്പെട്ടിരിക്കും. എന്നാൽ അതേസമയം തന്നെ അജ്ഞാതരായി, ലോകത്തിനു അറിയപ്പെടാത്തവരായി, നിശ്ശബ്ദരായി ദൈവത്തേയും സഹോദരങ്ങളേയും സേവിച്ചിട്ടുള്ള നിരവധി മഹാത്മാക്കൾ ജീവിച്ചു മരിച്ചിട്ടുണ്ടു്. അവരുടെ അപദാനങ്ങളെ മനുഷ്യർ പ്രകീർത്തിക്കുന്നില്ലായിരിക്കാം. എന്നാൽ ദൈവം അവയെ ശരിയായി വിലമതിക്കുന്നുണ്ടു്. അജ്ഞാതവും സംഭവബഹുലമല്ലാത്തതുമായ ഒരു ജീവിതമായിരുന്നു വി. യൗസേപ്പു പിതാവു് നയിച്ചതു്. എ

(ശേഷം 10-ാം പേജിൽ)

# Sathya Deepam

Vol. 22 — Ernakulam February 2, 1949 — No. 24


## അതിരമ്പുഴ

കോട്ടക്കപ്പുറം സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിയുടെ 4-ാമത്തും സൺഡേസ്കൂളിൻെറ 14 ാമത്തും വാർഷികസമ്മേളനം ജാനുവരി9-ാംനു- വെ റവ. ഫാദർ മാത്യു താഴത്തേൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാദർ മൈക്കിൾ ബി. എ. മതപഠനത്തെക്കുറിച്ചും മി. എൻ. സി. മാത്യു ബി. എ. എൽ. ടി. വിൻസെൻറ് ഡി പോൾ സംഘ പ്രവർത്തനത്തെക്കുറിച്ചും പ്രസംഗിച്ചു "സേവനം" എന്ന പ്രഹസനത്തിലെ ഏതാനും രംഗങ്ങൾ സൺഡേസ്കൂൾ വിദ്യാർത്ഥികൾ തന്മയത്വത്തോടുകൂടി അഭിനയിക്കുകയുണ്ടായി. സെൻറ് മാത്യൂസ് കോൺഫറൻസ് പ്രസിഡണ്ട് മി. സി. എം. സെബാസ്ത്യൻ സമപ്പിച്ച റിപ്പോർട്ടിൽ കോൺഫറൻസ് പ്രവർത്തനത്തിനായി കഴിഞ്ഞ വർഷം ചെയ്ത പരിശ്രമങ്ങളെപ്പററി പ്രതിപാദിച്ചിരുന്നു. പൊതു യോഗാനന്തരം അതിരമ്പുഴ പർട്ടിക്കുലർ കൗൺസിൽ പ്രസിഡണ്ട് ബ്ര. വി. വി. സെബാസ്ത്യൻ ബി. എ. ബി എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ മാന്നാനം, പുന്നത്തുറ ചെറുവാണ്ടൂർ, അതിരമ്പുഴ, ഏററുമാനൂർ എന്നീ കോൺഫറൻസു് പ്രതിനിധികളുടെ കൗൺസിൽ യോഗം നടത്തപ്പെട്ടു.

## റഷ്യൻ അദ്ധ്യാപിക

കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ വാഷിംഗ്ടണിലെ റഷ്യൻകൗൺസിലേറ്റ് മന്ദിരത്തിൻെറ മൂന്നാം നിലയിലെ ജനലിൽക്കൂടി രക്ഷപെട്ടമിസിസ് ഓക്സാനക കാസൻകീനാഎന്നറഷ്യൻ അദ്ധ്യാപിക ജാനുവരി 4 ാം തീയതി റോമൻ കത്തോലിക്കാസഭയിൽ ചേർന്നിരിക്കുന്നു. ബൈസൻടൈൻ റീത്തിലുള്ള യുക്രെനിയൻ ഗ്രീക്ക് കത്തോലിക്കാസഭയിലാണ് അവർ സ്വീകരിക്കപ്പെട്ടതു്. ഗ്രീക്ക്സഭ ഇപ്പോഴും ജൂലിയൻ പഞ്ചാംഗമാണ് ഉപയോഗിക്കുന്നതു്. അതനുസരിച്ചു് ജനുവരി 7-ാം നു- ചെല്ലുയായിരുന്നു ക്രിസ്മസ്. അന്നേദിവസത്തിൽപള്ളിയിൽ പോകണമെന്നുള്ളതായിരുന്നു മിസിസ്കാസൽകീനായുടെ ആഗ്രഹം. ഈ വനിത റഷ്യൻ ഓർത്തഡോക്സ് സഭയിലെ ഒരംഗമായിട്ടാണു് ജനിച്ചതു്. പക്ഷെ അനേക വർഷമായി അവർക്ക് മതവും പള്ളിയുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല.

മിസിസ് കാസൻകീനാ ഒരു സുഹൃത്തിനു് എഴുതിയ കത്തിൽ ഇപ്രകാരം പറയുന്നു:

ഞാൻ രൂസ്വെൽററ് ഹോസ്പിററലിൽ സുഖം പ്രാപിച്ചു വന്നപ്പോൾ ഒരു കത്തോലിക്കാ വൈദികനെ കാണണമെന്നു് ഞാൻ അഭിലഷിച്ചു. കത്തോലിക്കാസഭയെപ്പററി എനിക്കു് അതിരററ മതിപ്പുണ്ടു്. കാരണം അതിൻെറ സംഘടന അത്ര ബലവത്താണു്. കമ്മ്യൂണിസത്തിനെതിരായി നിലകൊള്ളുന്ന ലോകത്തിലെ ഏററവും വലിയ ശക്തിയാണു് കത്തോലിക്കാസഭ. അതിൽ വലിപ്പച്ചെറുപ്പമില്ല; പക്ഷപാതമില്ല; റഷ്യൻ ജനതയുടെ അഭ്യുദയത്തിനുവേണ്ടി മാർപ്പാപ്പാ പ്രാർത്ഥിക്കുന്നു എന്നുള്ളതു് ഇതിനൊരു തെളിവാണു്.

മിസിസ് കാസൽകീനാ അവരുടെ ജീവിതസ്മരണകൾ എഴുതിവരുന്നു.

ബൽജിയൻ കോംഗോയിലെ

## വിദ്യാലയങ്ങൾ

ബൽജിയൻ കോംഗോയിലുള്ള 27000-ൽ പരം വിദ്യാലയങ്ങളിൽ 5 എണ്ണം മാത്രമേ ഗവമ്മെൻറു നടത്തുന്നവയായിട്ടുള്ളു. മററുള്ളതെല്ലാം കത്തോലിക്കരും മിഷനറിമാരും നടത്തിവരുന്നു. വിദ്യാർത്ഥികളിൽ 930,516 പേർ കത്തോലിക്കാസ്കൂളുകളിൽ വിദ്യ അഭ്യസിക്കുമ്പോൾ 4132 പേർ മാത്രമാണു് ഗവമ്മെൻറു സ്കൂളുകളിലുള്ളതു്.


## FREE INDIA BANK LIMITED

**H. O. Kottayam, Travancore**

(Incorporated under Travancore Companies Act— Liability of Members Limited.)

Branches:—

| | | |
|---|---|---|
| Changanacherry | Kidangoor | Kothamangalam |
| Kottayam | Nedumkunnam | Palai |
| Ponkunnam. | Ramapuram. | Ullala. |

FIXED DEPOSITS received at rates varying from 4%—6% interest per annum.


6% CASH-CERTIFICATES issued.

CHEQUES, DRAFTS & BILLS accepted

All interests payable Half Yearly.

BANKING BUSINESS OF ALL KINDS UNDERTAKEN.

| Chairman | Managing Director | Secretary |
|---|---|---|
| Mr. V. C. George B. A. L. T. | Vakil Mr. Mathew J. Mattom. | Mr. Mathew J. Kaithakary |

സിലോണിലെ പുതിയ പാർലിമെൻറിനു് ബ്രിട്ടൻ സമ്മാനിച്ച ഓക്കുമരം കൊണ്ടുള്ള ഒരഗ്രാസന പീഠവും സ്വർണ്ണം പൂശിയതും രത്നഖചിതവുമായ ഒരു വെള്ളിഗദയും ചിത്രത്തിൽ കാണാം.

## വി. സെബസ്ത്യാനോസിൻ കീർത്തനം

(വി. പി. ജോസഫ്, ചിററാട്ടുകര)

"ശാന്തുഹേജായ" എ. മ. (ഹിന്ദി)

നൽവരം നൽകാ-മൽ സേബസ്ത്യാനോസെ-പാ-പികളിൽ (നൽ...
സുഖമരുൾകാ-അഖിലരിയലും-അടിയങ്ങൾക്കെന്നും (മൽസേ...

1 പടനായകനായ്-സൈനികരിൽ-ശോഭിതനായ
മമസഹദെ-ജയമരുൾക-ലോകരണാദ്യക (മൽസേ...

2 ഭയനീയമതാം-വ്യാധികളെ-നീക്കിട്ടുവാനെ
കലുഷപൂരം അകലുവാനായ്-നിൻകൃപയേക (മൽസേ...

3 ഹൃദയംഗമമാം ഞങ്ങളുടെ-പ്രാർത്ഥനയെന്നും
ശ്രവിക്കണമെ-സുരപുരിയിൽ-ചേർത്തിടണെ നീ (മൽസേ...


ആലങ്ങാട്ടുകുന്നിൽ പള്ളിയിലെ

അത്ഭുത ഉണ്ണിഈശോയുടെ

# തിരുനാൾ

1949 ഫെബ്രുവരി 7 ാംനു-ക്കു 1124 മകരം 25-ാംനു- തിങ്കളാഴ്ച ആരംഭിച്ചു ഫെബ്രുവരി 10-ാംനു-ക്കു മകരം 28-ാംനു- വ്യാഴാഴ്ച അവസാനിക്കുന്നതാകുന്നു. പതിവുപോലെ എട്ടാമിടവും ഉണ്ടായിരിക്കുന്നതാണു്.

എന്നു ടി പള്ളിവികാരി


## GLEANINGS

A good joke is the one ultimate and sacred thing which cannot be criticized. *G. K. Chesterton*

When asked to explain the nation's unstable economic condition, Ex-Ambassador Joseph Kennedy (one of Amecica's wealthiest men), replied: "It's simple. The economists have all become politicians. The politicians have in turn become economists. As a result, we've all become confused." *Peter Simer*

One day the automobile in which the world-renowned tenor, Enrico Caruso, was riding, broke down, and he sought refuge in a farmhouse while the car was being repaired. He became friendly with the farmer, who asked his name. When told that the name was Caruso, the farmer leaped to his feet, seized the man by the hand, and exclaimed:

"I welcome you, sir! Little did I think I would ever see so eminent a man in this humble home of mine. Crusoe, Robinson Crusoe! The great world traveller! I welcome you sir!" *Modern Digest*

A Hollywood director who had been brooding bitterly over the disturbing habit of friends greeting him with a "Hello! How are you?" and walking away without waiting for a reply, has finally come up with a neat solution. He has memorized the final paragraph of a Father Divine speech.

Now whenever anybody inquires as to his health, he grasps that person firmly by the coat and answers: "I am happy, joyous healthy contented, comfortable, successful, truthful, friendly, poetical, vigorous and generous in every atom, molecule, cell, fibre, tissue, muscle, bone, sinew and organ of my body!"

He is happy to report that he is never asked again. *Pageant*

Actress Dame May Whitty, at the age of ten, learned the valuable lesson of how essential are the small duties which everyone must perform, without applause from others.

On this occasion she had come home weeping because she had been given a small part in the background of a children's programme, while one of her playmates was assigned the leading role.

Quietly her mother took out her watch and put it in her hand, saying, "What do you see?"

"A gold case, a face and hands," replied May.

Then her mother opened the back of the case and repeated her question. May's answer was, "I can see tiny wheels and screws."

"This watch would be no use at all," her mother said, 'without every part, even those you can't see".

This little lesson made her happier all through life. It made her realize how important the small things of life were. *W. E. Golden*

Adversity is hard upon a man; but for one who can stand prosperity there are a hundred that will stand adversity. *Carlyle*


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam